# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-2026)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള (കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് ) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

# പതിനഞ്ചാം കേരള നിയമസഭ

## സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി
## (2023–2026)

## ഇരുപത്തിനാലാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 3-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011–2014) യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള (കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട് ) ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

# ഉള്ളടക്കം


| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| ഭാഗം I ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | |
| ഭാഗം II സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ട് ലഭിക്കാത്ത ശിപാർശകൾ/അധികവിവരങ്ങൾ | .. | |
| അനുബന്ധം I | .. | |
| അനുബന്ധം II | .. | |
| അനുബന്ധം III | .. | |
| അനുബന്ധം IV | .. | |
| അനുബന്ധം V | .. | |

## സമിതിയുടെ ഘടന

ചെയർപേഴ്സൺ :

ശ്രീമതി യു. പ്രതിഭ

അംഗങ്ങൾ :

ശ്രീമതി ഒ.എസ്. അംബിക

ശ്രീമതി സി.കെ. ആശ

ശ്രീമതി ദെലീമ

ശ്രീമതി കാനത്തിൽ ജമീല*

ഡോ. എം.കെ. മുനീർ

ശ്രീമതി ശാന്തകുമാരി കെ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീമതി ഉമ തോമസ്

നിയമസഭാ സെക്രട്ടേറിയറ്റ് :

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ.ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി പ്രീത കെ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.ഷിഹാബുദീൻ എം., അണ്ടർ സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി

*2025 നവംബർ മാസം 29-ാം തീയതി അന്തരിച്ചു.

**ആമുഖം**

സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2023-26) യുടെ ചെയർപേഴ്സണായ ഞാൻ , സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള നിയമസഭയുടെ സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011-2014) യുടെ ആറാമത് റിപ്പോർട്ട് (കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്) 2014 ഫെബ്രുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളും ഉൾക്കൊള്ളിച്ചു തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ജനുവരി മാസം 29-ാം തീയതി ചേർന്ന സമിതിയോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

**യു. പ്രതിഭ,**
ചെയർപേഴ്സൺ ,
സ്ത്രീകളുടെയും ട്രാൻസ്ജെന്റുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 3

# റിപ്പോർട്ട്

പതിമൂന്നാം കേരള നിയമസഭയുടെ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി (2011–14) യുടെ ആറാമത് റിപ്പോർട്ട് (കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും സംബന്ധിച്ച് തയ്യാറാക്കിയ പ്രത്യേക റിപ്പോർട്ട്) 2014 ഫെബ്രുവരി മാസം 6–ാം തീയതി സഭയിൽ സമർപ്പിച്ചു.

സമൂഹ മന:സാക്ഷിയിൽ ഞെട്ടലുളവാക്കും വിധം കുട്ടികളുടെ അവകാശ ധ്വംസനവും അവർക്കു നേരെയുള്ള അതിക്രമങ്ങളും ലൈംഗിക പീഡനങ്ങളും വർദ്ധിച്ചുവന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയം സമിതി വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലാണ് കുട്ടികളുടെ അവകാശങ്ങളും സുരക്ഷിതത്വവും സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമിതി തയ്യാറാക്കിയത്. സമിതിയുടെ നിരീക്ഷണത്തിന്റെയും ആനുകാലിക സംഭവങ്ങളുടെ വിലയിരുത്തലുകളുടെയും വെളിച്ചത്തിൽ ഉരുത്തിരിഞ്ഞ 36 ശിപാർശകളും സമിതിയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരുന്നു.

പ്രസ്തുത ശിപാർശകളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ അച്ചടിച്ച പകർപ്പുകൾ 22.02.2014–ന് ആഭ്യന്തരം, സാമൂഹ്യനീതി, പൊതുവിദ്യാഭ്യാസം, പൊതുഭരണം, തൊഴിലുംനൈപുണ്യവും, തദ്ദേശസ്വയംഭരണം, ആരോഗ്യകുടുംബക്ഷേമം, ഗതാഗതം, സാംസ്കാരികകാര്യം, വിവരപൊതുജനസമ്പർക്കം, വിവരസാങ്കേതികവിദ്യ, ഉദ്യോഗസ്ഥഭരണപരിഷ്കാരം, ധനകാര്യം എന്നീ വകുപ്പുകൾക്ക് അയച്ചുകൊടുത്തു.

പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളും അതിൻമേൽ സർക്കാർ സ്വീകരിച്ച നടപടികളും അടങ്ങുന്ന ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. സമിതി (2011–14) യുടെ ആറാമത് റിപ്പോർട്ടിലെ ശിപാർശകളും അവയ്ക്ക് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് ലഭിച്ചതും സമിതി അംഗീകരിച്ചതുമായ അനന്തര നടപടി റിപ്പോർട്ടുകളും ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

സർക്കാരിൽ നിന്നും അനന്തര നടപടി റിപ്പോർട്ടുകൾ ലഭിച്ചിട്ടില്ലാത്ത ശിപാർശകളും സമിതി ആവശ്യപ്പെട്ട അധികവിവരങ്ങളും ഉൾപ്പെടുന്ന വിശദാംശങ്ങളും ബന്ധപ്പെട്ട വകുപ്പുകളുടെ പേരും രണ്ടാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത ശിപാർശകളിൻമേലും അധിക വിവരങ്ങളിൻമേലുമുള്ള നടപടി റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾ രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് സമിതി കർശന നിർദ്ദേശം നൽകുന്നു.

വിവിധ വകുപ്പുകളിൽ നിന്നും റിപ്പോർട്ടിനൊപ്പം ലഭ്യമായിട്ടുള്ള രേഖകൾ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# ഭാഗം I

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 6 | പിതാവ്, ഇടുക്കി കട്ടപ്പന ചപ്പാത്ത് കരിങ്കുളം പുത്തൻപുരയ്ക്കൽ ഷരീഫിന്റെയും രണ്ടാനമ്മ അലിഷയുടെയും ക്രൂര പീഡനത്തിന് ഇരയായി തലച്ചോറിന്റെ പ്രവർത്തനം 75% നിലച്ച അഞ്ചുവയസ്സുകാരനായ ഷെഫീക്കിന്റെ തുടർന്നുള്ള വിദ്യാഭ്യാസം, സംരക്ഷണം, സുരക്ഷിതത്വം, പരിപാലനം എന്നിവയ്ക്കായി സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച് ഒരു വ്യക്തമായ രൂപരേഖയുണ്ടാക്കണമെന്നും കുട്ടിയെ സർക്കാരിന് ദത്തെടുക്കുവാൻ സാധിക്കുമോ എന്ന് പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>ഷെഫീക്കിന്റെ ചികിത്സാചെലവുകൾ മുഴുവനും സർക്കാർ വഹിക്കുകയും , ഒരു അങ്കണവാടി വർക്കറെ ഷെഫീക്കിന്റെ പരിപാലനത്തിനായി മാത്രം നിയോഗിക്കുകയും ചെയ്തു. ഷെഫീക്കിനെ ദത്തെടുത്ത് വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനും 18 വയസ്സ് പൂർത്തിയാകുമ്പോൾ ജോലി ലഭ്യമാക്കിക്കൊണ്ട് അവന്റെ ജീവിതം സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 2 | 7 | കുട്ടികൾക്കെതിരെയുള്ള ശാരീരിക ലൈംഗിക അതിക്രമങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ച സംയോജിത ശിശുസംരക്ഷണ പരിപാടി സംസ്ഥാനത്ത് അടിയന്തരമായി ആരംഭിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>2009 മുതൽ സംയോജിത ശിശുസംരക്ഷണ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാതലത്തിൽ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 3 | 8 | കുട്ടികൾക്കെതിരെയുള്ള പീഡനം ആവർത്തിക്കാതിരിക്കാൻ ഉതകുന്നതരത്തിലുള്ള നിയമ നിർമ്മാണം കാലവിളംബം കൂടാതെ നടപ്പാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>POCSO ആക്ട് 2012 ഫലപ്രദമായ |

| | | | |
|---|---|---|---|
| | | | രീതിയിൽ നടപ്പിലാക്കി വരികയും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്തുവരുന്നു.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **4** | **9** | സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾ തടയുന്നതിനായി കേരള ചിൽഡ്രൺസ് ആക്ട്, 1972 ൽ കാലാനുസൃതമായ ഭേദഗതികൾ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>2015-ലെ ജുവനൈൽ ജസ്റ്റിസ്(കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൺസ് ആക്ട്) 15.01.2016 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട് . പ്രസ്തുത ആക്ടിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള നിയമങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **5** | **11** | കുട്ടികൾക്കായുള്ള ക്ഷേമപദ്ധതികളും നിയമങ്ങളും സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഏകോപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>കുട്ടികളുടെ അവകാശ സംരക്ഷണം, സുരക്ഷ എന്നിവ ലക്ഷ്യമാക്കി സംയോജിത ശിശു സംരക്ഷണ പദ്ധതിയും, കുട്ടികളുടെ വളർച്ചയും വികാസവും ലക്ഷ്യമാക്കി സംയോജിത ശിശു വികസന പദ്ധതിയും സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്നു. ഈ രണ്ട് പദ്ധതികളും മറ്റ് വകുപ്പുകളുമായി ഏകോപിച്ചാണ് പ്രവർത്തിക്കുന്നത്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **6** | **12** | വിവിധ തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന കുട്ടികളെ കണ്ടെത്തി | **<u>തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്</u>** |

| | | | |
|---|---|---|---|
| | | മോചിപ്പിക്കുന്നതിന് ലേബർ ഓഫീസർ ഉൾപ്പെടുന്ന 'ബാലവേല നിരീക്ഷണ സമിതികൾ' പ്രാദേശിക തലങ്ങളിൽ രൂപീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **(13.06.2014-ലെ 6570/ ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>ചൈൽഡ് വെൽഫെയർ-കം-മോണിറ്ററിംഗ് കമ്മിറ്റി എല്ലാ ജില്ലകളിലും രൂപീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ചൈൽഡ് വെൽ ഫെയർ കം റീഹാബിലിറ്റേഷൻ ഫണ്ടും നിലവിലുണ്ട്<br>**(27.08.2014-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു)** |
| | | **<u>27.08.2014-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം</u>**<br>സമിതിയുടെ ശിപാർശകളിൽ ഏതെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം തൊഴിലും പുനരധിവാസവും (ഇ) വകുപ്പിൽ നിന്ന് ലഭ്യമാക്കുന്നതിനും നടപടി ത്വരിതപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ ടി വിഷയം സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുവാനും തീരുമാനിച്ചു. | **<u>തൊഴിലും പുനരധിവാസവും (ഇ) വകുപ്പ്</u>**<br>**(19.09.2015-ലെ 23295/ ഇ 3/2014/തൊഴിൽ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br>1986-ൽ നിലവിൽ വന്ന ബാലവേല നിരോധന നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന തൊഴിൽ വകുപ്പിന്റെ ക്രിയാത്മകമായ ഇടപെടൽ മൂലം ബാലവേലയുടെ തോത് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. ടി നിയമത്തിന്റെയും തുടർന്നുള്ള സുപ്രീംകോടതി വിധിയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലും ജില്ലാ കളക്ടർ ചെയർ മാനായും ജില്ലാ ലേബർ ഓഫീസർ കൺവീനറായും ജില്ലാതല ചൈൽ ഡ് ലേബർ റീഹാബിലിറ്റേഷൻ കം വെൽഫെയർ സൊസൈറ്റി 1997-ൽ രൂപീകരിച്ചിട്ടുള്ളതും ആയതിന്റെ പ്രവർത്തനം തുടർന്നു വരുന്നതുമാണ്. കൂടാതെ എല്ലാ ജില്ലകളിലും ബാലവേല കണ്ടെത്തുന്നതിനും ആയത് നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി ജില്ലാതല ടാസ്ക്ഫോഴ്സും പ്രവർത്തനം നടത്തി വരുന്നു.<br>സംസ്ഥാനത്ത് ബാലവേല നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർമാർ , ജില്ലാ ലേബർ ഓഫീസർമാർ എന്നിവരുടെ നേതൃത്വത്തിൽ കർശന പരിശോധന നടത്തുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തൽ ഫലമായി സംസ്ഥാനത്ത് 2014 വരെ 27 ബാലവേല കേസുകൾ കണ്ടെത്തി കുട്ടികളെ മോചിപ്പിച്ചിട്ടുള്ളതും അതിൽ 4 കുട്ടികളെ ജനന സർ ട്ടിഫിക്കറ്റ് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ വിട്ടയച്ചിട്ടുള്ളതും ബാക്കി കേസുകളിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം 19 പ്രോസിക്യൂഷൻ കേസുകൾ വിവിധ തൊഴിലുടമകൾ ക്കെതിരെ ഫയൽ ചെയ്തിട്ടുണ്ട് . കൂടാതെ തിരുവനന്തപുരം , കൊല്ലം, ആലപ്പുഴ, കോട്ടയം എന്നീ ജില്ലകളെ ബാലവേല വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. ബാക്കി ജില്ലകളെ കൂടി ബാലവേല വിമുക്ത ജില്ലയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ നിന്നും ബാലതൊഴിലാളികളെ കണ്ടെത്തി മോചിപ്പിച്ചിട്ടുണ്ടെങ്കിലും എറണാകുളം, തൃശ്ശൂർ ജില്ലകളിലെ ചുരുക്കം കേസുകളിൽ മാത്രമാണ് തൊഴിലുടമയിൽ നിന്നും പിഴ ഈടാക്കി ചൈൽഡ് വെൽഫെയർ സൊസൈറ്റിയിൽ ഒടുക്കിയിട്ടുള്ളത് . ഇപ്രകാരം തൃശ്ശൂരിൽ 40,000/- രൂപയും എറണാകുളത്ത് 29,407/- രൂപയും പിഴയായി ടി സൊസൈറ്റിയിൽ തൊഴിലുടമ നൽകിയിട്ടുണ്ട്. ബാക്കി കേസുകളിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും കോടതി പിഴ വിധിച്ചിട്ടുള്ളതുമാണ്. സംസ്ഥാനത്ത് കണ്ടെത്തിയ ബാലവേല സംബന്ധിച്ച പൂർണ്ണ വിവരം ഇതോടൊപ്പം ചേർത്തിരിക്കുന്നു. **(അനുബന്ധം-1)**<br><br>**(23.12.2015-ലെ സമിതി യോഗത്തിൽ** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു.)** |
| 7 | 14 | എല്ലാ വിദ്യാലയങ്ങളിലും ശുദ്ധ ജലവും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ മുഴുവൻ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും ഇക്കാര്യം സമയ ബന്ധിതമായി നടപ്പാക്കാൻ വിദ്യാഭ്യാസ തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നല്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>പൊതുവിദ്യാഭ്യാസ (എം) വകുപ്പ്</u>**<br><br>**<u>(28.07.2015-ലെ 49969/എം1/2015/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്. (ഇടക്കാല റിപ്പോർട്ട്))</u>**<br><br>സംസ്ഥാനത്തെ മുഴുവൻ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും ശുദ്ധജലവും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനവും ലഭ്യമാക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപജില്ലാ ഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, ഇവ സമയബന്ധിതമായി നടപ്പാക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് നടപടി ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരികയാണെന്നും അറിയിക്കുന്നു.<br>**(23.12.2015-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു)** |
| | | **(23.12.2015-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം)**<br><br>പ്രസ്തുത ശിപാർശയിൻമേൽ അന്തിമമറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു. | **<u>പൊതുവിദ്യാഭ്യാസ (എം) വകുപ്പ്</u>**<br><br>**<u>(30.12.2020-ലെ M1/273/2019/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br><br>സംസ്ഥാനത്തെ മുഴുവൻ സർക്കാർ - എയ്ഡഡ് സ്കൂളുകളിലും ശുദ്ധജലവും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനവും ലഭ്യമാക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വിദ്യാഭ്യാസ - തദ്ദേശസ്വയംഭരണ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | **(27.01.2021–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്</u>**<br><br>**(02.03.2024–ലെ ഡി.ബി1/25/2024 തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br><br>എല്ലാ വിദ്യാലയങ്ങളിലും ശുദ്ധജലവും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സംസ്ഥാനത്തെ മുഴുവൻ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും ഇക്കാര്യം സമയബന്ധിതമായി നടപ്പാക്കാൻ വിദ്യാഭ്യാസ-തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്തമായി പരിശോധിച്ച് ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകണമെന്നുമുള്ള സമിതിയുടെ നിർദ്ദേശം സർക്കാർ വിശദമായി ചർച്ച ചെയ്തിട്ടുള്ളതാണ്. നിലവിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കിണറുകൾ/വാട്ടർ അതോറിറ്റി കുടിവെള്ള കണക്ഷൻ എന്നിവയിലൂടെ കുടിവെള്ള വിതരണം നടക്കുന്നുണ്ട്. എല്ലാ ആളുകൾക്കും ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ ജലജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളുകളിലും അംഗൻവാടികളിലും കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള കണക്ഷനുകൾ നൽകിവരുന്നുണ്ട് . സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും വൃത്തിയുള്ള ടോയ്‌ലറ്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് പൊതുവിദ്യാഭ്യാസ-തദ്ദേശ സ്വയംഭരണ വകുപ്പുകൾ സംയുക്ത പരിശോധനയിലൂടെ ഗ്രേഡിംഗ് നടത്തി ശുചിത്വമിഷന്റെ സഹകരണത്തോടെ ഒരു സ്പെഷ്യൽ പാക്കേജിന് രൂപം നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.<br><br>**(02.05.2024–ലെ സമിതി** |

| | | | |
|---|---|---|---|
| | | | **യോഗത്തിൽ അംഗീകരിച്ചു. )**<br>**<u>തദ്ദേശസ്വയംഭരണ (ഡി.ബി) വകുപ്പ്</u>**<br>**(12.04.2025-ലെ ഡി .ബി1/493/2023-തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം 2023-24 കണക്കുകൾ പ്രകാരം നിലവിൽ കേരളത്തിലെ എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലും ടോയ്ലറ്റ് സംവിധാനം ഉണ്ട്. സംസ്ഥാനത്ത് 10 ജില്ലകളിലെ 11 സർക്കാർ സ്കൂളുകളിലും , 3 ജില്ലകളിലെ 3 എയ്ഡഡ് സ്കൂളുകളിലും മതിയായ കുടിവെള്ള ലഭ്യതയുള്ള സംവിധാനം ഇല്ലായെന്നതിനാൽ പ്രസ്തുത 10 ജില്ലകളിലെ 11 സർക്കാർ സ്കൂളുകളിലും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അടിയന്തര സംവിധാനം സജ്ജമാക്കുന്നതിനും ഇതിനായി ഓരോ സ്കൂളിനും കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കി 2024-25 വർഷത്തിൽ റിവൈസ്ഡ് പ്ലാനിലോ 2025-26 വർഷത്തിൽ പുതിയ പദ്ധതി രൂപീകരിച്ചോ പൂർത്തീകരിക്കുന്നതിന് സമയക്രമം ഉൾപ്പെടെ തയ്യാറാക്കി നൽകേണ്ടതാണെന്ന് 10.01.2025-ലെ കത്ത് പ്രകാരം തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>**(28.11.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു. )** |
| **8** | **15** | ആരോഗ്യമുള്ള ഭാവി തലമുറയെ വാർത്തെടുക്കുന്നതിന് കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. വ്യക്തിശുചിത്വം, ആരോഗ്യ പരിപാലനം തുടങ്ങിയവയിൽ ബോധവൽക്കരണ ക്ലാസുകൾ സ്കൂൾ തലത്തിൽ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതിനായി 'മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ ' | **<u>ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്</u>**<br>**<u>(09.05.2014-ലെ 13597/എഫ്.ഡബ്ല്യു2/2014/ആകുവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br>സംസ്ഥാനത്ത് സ്കൂൾ കുട്ടികളുടെ ആരോഗ്യ സംരക്ഷണം , രോഗ |

| | | | |
|---|---|---|---|
| | | രൂപീകരിച്ച് മാസത്തിലൊരിക്കൽ കുട്ടികൾക്ക് വൈദ്യപരിശോധനയും ബോധവത്കരണവും നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു | പ്രതിരോധ പ്രവർത്തനം, ആരോഗ്യ ബോധവൽക്കരണം എന്നിവയിലേക്കായി 'വിദ്യാലയ ആരോഗ്യ പദ്ധതി' സംസ്ഥാനത്തെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതി പ്രകാരം ചുവടെ പറയുന്ന പ്രയോജനങ്ങൾ കുട്ടികൾക്ക് ലഭിക്കുന്നുണ്ട്.<br><br>**<u>ചികിത്സാ സേവനം</u> :**<br>• ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളിൽ വെച്ചു തന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.<br>• മാസത്തിലൊരിക്കൽ സ്കൂളുകളിൽ ഡോക്ടർമാർ എത്തി ആരോഗ്യ പ്രവർത്തകർ തെരഞ്ഞെടുത്ത കുട്ടികളെ പരിശോധിക്കും.<br>• വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തും. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും.<br><br>**<u>പ്രതിരോധ പ്രവർത്തനം</u> :**<br>• വർഷത്തിലൊരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ ആരോഗ്യ പ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.<br>• വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിംഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റു കലാരൂപങ്ങൾ – മുഖേനയുള്ള അവബോധം.<br>• പ്രതിരോധ കുത്തിവയ്പ്<br>**<u>ഹെൽത്ത് ക്ലബ്ബ്</u> :**<br>• ഹെൽത്ത് ക്ലബ്ബ് അംഗങ്ങളുടെ ശാക്തീകരണം, ഹെൽത്ത് ക്ലബ്ബുകളുടെ തുടർപ്രവർ |

| | | | |
|---|---|---|---|
| | | | ത്തനം.<br>**<u>വിവരശേഖരണം</u> :**<br><br>• വിവരശേഖരണം നിത്യേന നടക്കുന്നു. ഇതിനായി ആധുനിക സാങ്കേതിക വിദ്യയായ ഇലക്ട്രോണിക് ഡേറ്റാ ബേസ് രൂപീകരണം പുരോഗമിക്കുന്നു.<br>• ഹൈസ്കൂൾ - ഹയർ സെക്കന്ററി കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള വീഡിയോ ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നു. അതിനായുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.<br><br>**(27.08.2014-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |
| | | **<u>27.08.2014-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം</u>**<br><br>സമിതിയുടെ ശിപാർശകളിൽ ഏതെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നത് സംബന്ധിച്ച വിശദാംശം ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനും ആവശ്യമെങ്കിൽ ടി വിഷയം സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ പരിഗണിക്കുവാനും തീരുമാനിച്ചു. | **<u>ആരോഗ്യകുടുംബക്ഷേമ (എഫ്.ഡബ്ല്യു) വകുപ്പ്</u>**<br><br>**<u>(05.08.2017-ലെ HEALTH-FW2/432/2016 നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>**<br><br>വിദ്യാലയ ആരോഗ്യ പദ്ധതി പ്രകാരം ചുവടെപ്പറയുന്ന കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്<br><br>**<u>വിദ്യാലയാരോഗ്യ പദ്ധതി</u>**<br>ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായ വിദ്യാലയ ആരോഗ്യ പദ്ധതി കേരളത്തിലെ സർക്കാർ എയ്ഡഡ് സ്കൂളുകളിലാണ് നടക്കുന്നത്. ഇതിന്റെ പ്രയോജനം 13655 സ്കൂളുകളിലെ 48 ലക്ഷത്തോളം കുട്ടികൾക്ക് ലഭ്യമാക്കുന്നുണ്ട്.<br><br>സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് പ്രത്യേകമായി നിയമിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സുമാരാണ്. 3000 കുട്ടികൾക്ക് ഒരാൾ എന്ന രീതിയിലാണ് ഇതു നടപ്പാക്കിയിരിക്കുന്നത്. നിലവിൽ ആയിരത്തോളം സ്കൂൾ ഹെൽത്ത്/ |

| | | | |
|---|---|---|---|
| | | | ആർ.ബി.എസ്.കെ. നഴ്സുമാരെ നിയമിച്ചിട്ടുണ്ട്. ഇവരുടെ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.<br><br>**ചികിത്സാ സേവനം**<br><br>സ്കൂൾ ഹെൽത്ത് നഴ്സ് ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളിൽ വെച്ച് തന്നെ കൈകാര്യം ചെയ്യും. റെഫർ ചെയ്യേണ്ടവ വിവിധ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റെഫർ ചെയ്യുന്നു. മാസത്തിലൊരിക്കൽ ആരോഗ്യ പ്രവർത്തകർ തെരഞ്ഞെടുത്ത കുട്ടികളെ അടുത്തുള്ള പി.എച്ച്.സിയിൽ വൈദ്യ പരിശോധനയ്ക്കായി കൊണ്ടുപോകും. വർഷത്തിലൊരിക്കൽ മൾട്ടി സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തുന്നു.മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽ നിന്നും സൗജന്യമായി ലഭിക്കും. ആവശ്യമെങ്കിൽ പഞ്ചായത്ത് തലത്തിൽ ആരോഗ്യ മേളകളും സംഘടിപ്പിക്കാറുണ്ട്.<br><br>**പ്രതിരോധ പ്രവർത്തനം**<br><br>വർഷത്തിലൊരിക്കൽ സ്കൂളിലെ_എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ സ്കൂൾ ഹെൽത്ത് നഴ്സ് ഹെൽത്ത് റിക്കോർഡ്സിൽ രേഖപ്പെടുത്തും. ഇതിനായി ഒരു ഇലക്ട്രോണിക് ഡാറ്റ ബേസും നിർമ്മിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം 36,46,342 കുട്ടികളെയും 2015-16 സാമ്പത്തിക വർഷം 38,94,862 കുട്ടികളെയും 2016-17 സാമ്പത്തിക വർഷം 33,51,302 കുട്ടികളെയും സ്ക്രീൻ ചെയ്തു. ഇതിനായി ഒരു എക്വിപ്മെന്റ് കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. പ്രതിരോധ കുത്തിവെയ്പ്, ടെറ്റനസ്, റൂബെല്ല വാക്സിനേഷൻ മുതലായവയും പദ്ധതി പ്രകാരം നടപ്പിലാക്കുന്നു.<br><br>**ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ**<br><br>വിദ്യാഭ്യാസ ക്ലാസുകൾ, എക്സിബിഷൻ, ഫിലിം ഷോ, പോസ്റ്റർ പ്രദർശനം, |

| | | | |
|---|---|---|---|
| | | | നാടകം, മറ്റു കലാരൂപങ്ങൾ മുഖേനയുള്ള അവബോധം.<br><br>**<u>ഹെൽത്ത് ക്ലബ്</u>**<br><br>കുട്ടികളെ ആരോഗ്യ പ്രവർത്തനത്തിൽ ശ്രദ്ധാലുക്കളും പങ്കാളികളും ആക്കുന്നതിനായി കുട്ടികളുടെ പങ്കാളിത്തത്തോടുകൂടി വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഹെൽത്ത് ക്ലബുകൾ, സ്കൂൾ ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ഹെൽത്ത് ക്ലബ് അംഗങ്ങൾക്കായി തുടർച്ചയായ ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ എടുക്കുന്നുണ്ട്. എല്ലാ മേജർ സ്കൂളുകളിലും ഹെൽത്ത് ക്ലബുകൾ പ്രവർത്തിക്കുന്നു.<br><br>**<u>വിവരശേഖരണം</u>**<br><br>വിവരശേഖരണം വിശദമായ ഹെൽത്ത് റെക്കോർഡ്സിന്റെ സഹായത്തോടെ നടന്നു വരുന്നു. നാലുതരം രജിസ്റ്ററുകളിൽ സ്കൂൾ ഹെൽത്ത് നഴ്സ്മാർ നിത്യേന വിവിധ വിവരങ്ങൾ രേഖപ്പെടുത്തുന്നു.<br><br>**<u>പരിശീലന പരിപാടികൾ</u>**<br><br>സ്കൂൾ ഹെൽത്ത് നഴ്സ്മാർക്കു വർഷംതോറും ഇൻഡക്ഷൻ ട്രെയിനിങ്ങും, എൻഹാൻസ്മെന്റ് ട്രെയിനിംങ്ങും റിഫ്രഷൻ ട്രെയിനിംങ്ങും നടത്തി വരുന്നു. കൂടാതെ ഹെൽത്ത് സർവ്വീസിലെ 3500 ഓളം ജെ.എച്ച്.ഐ. മാർക്കും, ജെ.പി.എച്ച്. എൻ.മാർക്കും എച്ച്.എസ്.എസ്. എച്ച്.എസ്. എച്ച്.ഐ., എൽ.എച്ച്.ഐ. തുടങ്ങിയ സൂപ്പർ വൈസറി സ്റ്റാഫുകൾക്കും പരിശീലനം നൽകിയിട്ടുണ്ട്.<br><br>**<u>സൗജന്യ ചികിത്സ</u>**<br><br>കേന്ദ്ര ഗവൺമെന്റിന്റെ രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം, സംസ്ഥാന ഗവൺമെന്റിന്റെ ആരോഗ്യ കിരണം |

| | | | |
|---|---|---|---|
| | | | പദ്ധതിയുടെ സഹായത്തോടെ സ്കൂൾ ആരോഗ്യ പദ്ധതിയുടെ ഭാഗമായി 0 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ എല്ലാ അസുഖങ്ങൾക്കും സൗജന്യ ചികിത്സ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **9** | **19** | അനാഥരായ കുട്ടികളുടെ പുനരധിവാസം, വിദ്യാഭ്യാസം, സംരക്ഷണം എന്നിവയ്ക്കായി നിലവിലുള്ള പദ്ധതികൾ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശചെയ്യുന്നു. | **സാമൂഹ്യനീതി (ഇ) വകുപ്പ്**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>കുട്ടികളുടെ സംരക്ഷണം , പുനരധിവാസം, വിദ്യാഭ്യാസം എന്നിവ ലക്ഷ്യമാക്കി ഐ.സി.പി.എസ് വിവിധ സ്ഥാപന,സ്ഥാപനേതര പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **10** | **20** | ലൈംഗിക ചൂഷണത്തിനിരയാകുന്ന കുട്ടികൾക്ക് ആവശ്യമായ വൈദ്യസഹായവും നിയമ സഹായവും നല്കുന്നതിനായി നിയമോപദേശകരും സാമൂഹ്യപ്രവർത്തകരും ഉൾപ്പെടുന്ന 'ചൈൽഡ് ലീഗൽ എയിഡ് ആൻഡ് ഗൈഡ് ലൈൻ കമ്മിറ്റി ' രൂപീകരിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു. | **വനിതാ ശിശുവികസന (പി.എസ്) വകുപ്പ്**<br><br>**(19.04.2022-ലെ ഡബ്ല്യു.സി-പി.എസ്1 /117/ 2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>കേന്ദ്രസർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അതിക്രമങ്ങൾക്കിരയാകുന്ന കുട്ടികൾക്കും സ്ത്രീകൾക്കും വൈദ്യസഹായവും നിയമവിദഗ്ധരുടെയും സൈക്കോളജിസ്റ്റുകളുടെയും സഹായവും ലഭ്യമാക്കുന്നതിനായി 14 ജില്ലകളിൽ ONE STOP CRISIS CENTER കൾ ആരംഭിച്ചിട്ടുണ്ട്.<br><br>**(02.08.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **11** | **21** | വിദ്യാർത്ഥികൾ നേരിടുന്ന പ്രശ്നങ്ങളിലൊന്നാണ് യാത്ര വേളകളിൽ അവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ . വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ച് യാത്ര ചെയ്യുന്നത് നിരവധി | **ഗതാഗത (ബി) വകുപ്പ്**<br><br>**(24.12.2014 ലെ 3807/ബി1/2014/ ഗതാഗതം നമ്പർ കത്ത് മുഖേന ലഭിച്ചത്.)** |

| | | | |
|---|---|---|---|
| | | അപകടങ്ങൾക്ക് കാരണമായിട്ടുണ്ട്.പോലീസ്-മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വാഹന പരിശോധന നടത്തി യാത്രാ സംബന്ധമായ വിവിധ പരാതികൾ പരിഹരിച്ച് കുട്ടികൾക്ക് സുരക്ഷിതത്വത്തോടെയും സൗകര്യപ്രദമായും യാത്ര ചെയ്യുന്നതിനുതകുന്ന സാഹചര്യം സൃഷ്ടിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | മോട്ടോർ വാഹന വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം സ്കൂളുകളുടെയും, കോളേജുകളുടെയും ബസ് സ്റ്റോപ്പുകൾ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും, വിദ്യാർത്ഥികളെ രണ്ടാംകിട പൗരന്മാരായി കാണുന്ന പ്രൈവറ്റ് / കെ.എസ്.ആർ.ടി.സി ബസ്സ് ഓപ്പറേറ്റർമാർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പ്രൈവറ്റ്/ കെ.എസ്.ആർ.ടി.സി. ബസ്സ് ഓപ്പറേറ്റേഴ്സുമായി ബന്ധപ്പെട്ട പരാതികൾ വിദ്യാർത്ഥികൾക്ക് അവരുടെ വിദ്യാഭ്യാസ സ്ഥാപന മേലധികാരി മുഖേനയോ, നേരിട്ടോ മോട്ടോർ വാഹന വകുപ്പിന് നല്കുവാനുള്ള നിർദ്ദേശം പത്ര മാധ്യമത്തിലൂടെയും വിദ്യാഭ്യാസ ഡയറക്ടർ, കൊളീജിയേറ്റ് എഡ്യൂക്കേഷൻ ഡയറക്ടർ എന്നിവരിലൂടെയും നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പത്തോളം പരാതികൾ ലഭിക്കുകയും തുടരന്വേഷണത്തിനു ശേഷം കുറ്റക്കാരായ ബസ് കണ്ടക്ടർമാരുടെ ലൈസൻസ് താല്ക്കാലികമായി റദ്ദ് ചെയ്യുകയും ഏകദേശം 40 ഓളം കേസുകൾ ഇതിനോടകം തന്നെ വിവിധ ആർ.ടി/ജോയിന്റ് ആർ.ടി ഓഫീസുകളിൽ ലഭിക്കുകയും നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.<br>വിദ്യാർത്ഥികളുടെ ബസ്സ് യാത്രയിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി എല്ലാ അക്കാദമിക് വർഷത്തിന്റെ ആരംഭത്തിലും സ്റ്റുഡന്റ്ട്രാവൽ ഫെസിലിറ്റി കമ്മിറ്റി കൂടി എല്ലാ ജില്ലകളിലും തീരുമാനങ്ങൾ കൈക്കൊള്ളാറുണ്ട്. മേൽ പറഞ്ഞ കമ്മിറ്റി സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടേയും റോഡ് സേഫ്റ്റി ക്ലബ്ബിന്റേയും സഹായത്തോടെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നുണ്ട്. ഇതു കൂടാതെ ഗതാഗത കമ്മീഷണറേറ്റിലെ 24X7 മണിക്കൂറും പ്രവർത്തിക്കുന്ന പരാതി സെല്ലിന്റെ സേവനം വിദ്യാർത്ഥികൾക്കും ബസ്സ് |

| | | | |
|---|---|---|---|
| | | | ജീവനക്കാരുമായി ബന്ധപ്പെട്ട പരാതികൾക്ക് പ്രയോജനകരമാണ്. എല്ലാ ആർ.ടി.ഒ/ ജോയിന്റ് ആർ.ടി.ഒ.മാർക്കും ഈ വിഷയത്തിൽ നടപടി എടുക്കാൻ ഗതാഗത കമ്മീഷണർ നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>സമിതിയുടെ ശിപാർശ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം പുതിയ അദ്ധ്യയന വർഷവും മഴക്കാലവും ആരംഭിക്കുന്നതിന് മുൻപ് സ്കൂൾ ബസുകളുടെ പ്രത്യേക പരിശോധന വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതിനും, സംസ്ഥാനത്തെ എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും, ജോയിന്റ് ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ഗതാഗത കമ്മീഷണർ നിർദ്ദേശം നല്കിയിട്ടുണ്ട്. സ്കൂൾ ബസുകൾ അല്ലാത്ത വാഹനങ്ങളിൽ കുട്ടികളെ കയറ്റിക്കൊണ്ടു പോകുകയാണെങ്കിൽ ' On School Duty' ബോർഡ് പ്രദർശിപ്പിച്ചിട്ടുണ്ടോ എന്നും അമിതമായി കുട്ടികളെ കുത്തിനിറയ്ക്കുന്നുണ്ടോ എന്നും പ്രത്യേകം പരിശോധന നടത്തുന്നതിനും, മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ സ്കൂൾ ബസുകളുമായി ബന്ധപ്പെട്ട് തുടർ പരിശോധനകൾ നടത്തുന്നതിനും മുച്ചക്ര വാഹനങ്ങളിൽ അമിതമായി കുട്ടികളെ കയറ്റിക്കൊണ്ടു പോകുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും ഗതാഗത കമ്മീഷണർ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ നിലവിലുള്ള ചട്ടങ്ങൾക്ക് വിരുദ്ധമായി സുരക്ഷാ മാനദണ്ഡങ്ങളില്ലാതെ കുട്ടികളെ കയറ്റിക്കൊണ്ടു പോകുന്ന വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഇതോടൊപ്പം ബന്ധപ്പെട്ട ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും തങ്ങളുടെ |

| | | | |
|---|---|---|---|
| | | | അധികാര പരിധിയിലുള്ള എല്ലാ സ്കൂൾ ബസ്സുകളും മെയ് 15-ന് മുൻപ് പരിശോധിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ് എന്നുള്ള നിർദ്ദേശവും നല്കിയിട്ടുണ്ട്. കൂടാതെ നിയമങ്ങളും ചട്ടങ്ങളും പാലിക്കാത്ത വാഹനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതും മെയ്31-ന് മുമ്പ് തന്നെ കുറവുകൾ പരിശോധിച്ച് വാഹനം പരിശോധനയ്ക്ക് ഹാജരാക്കുന്നതിനായി നിർദ്ദേശിക്കേണ്ടതുമാണ് എന്നും വാഹന പരിശോധന നടത്തുമ്പോൾ വാഹനങ്ങളിലെല്ലാം തന്നെ സ്പീഡ് ഗവർണർ ഘടിപ്പിച്ചിട്ടുണ്ടെന്നും അവ പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പ വരുത്തേണ്ടതാണ് എന്നും സ്കൂൾ ബസുകളുടെ ഡ്രൈവർമാർക്ക് കേരള മോട്ടോർ വാഹന ചട്ടം അനുശാസിക്കുന്ന യോഗ്യതകൾ ഉണ്ടെന്ന് ഉറപ്പ വരുത്തേണ്ടതാണ് എന്നും പെർമിറ്റിൽ പ്രതിപാദിച്ചിരിക്കുന്നതിനെക്കാൾ കൂടുതൽ കുട്ടികളെ സ്കൂൾ ബസ്സിനുള്ളിൽ കയറ്റുന്നത് നിരുത്സാഹപ്പെടുത്തേണ്ടതും അതിന്റെ ഭവിഷ്യത്ത് സ്കൂൾ അധികാരികളെ പറഞ്ഞ് മനസ്സിലാക്കിപ്പിക്കേണ്ടതുമാണ് എന്നുമുള്ള നിർദ്ദേശങ്ങളും മേലുദ്യോഗസ്ഥർക്ക് ഗതാഗതകമ്മീഷണർ നല്കിയിട്ടുണ്ട്<br><br>**(04.02.2015-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>ആഭ്യന്തര(എസ്.സി) വകുപ്പ്</u>**<br><br>**(30.12.2014-ലെ 82653/എസ്.സി3/2014/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>യാത്രാവേളകളിൽ വിദ്യാർത്ഥികൾക്ക് അനുഭവപ്പെടുന്ന വിവിധ പ്രശ്നങ്ങൾ വളരെ ഗൗരവത്തോടെ കണ്ട് സ്കൂൾ വാഹനങ്ങളിൽ കുട്ടികളെ കുത്തിനിറച്ച് കൊണ്ട് പോകുന്നത് മൂലമുണ്ടാകുന്ന അപകടങ്ങൾ |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിലേക്കായും, സ്കൂൾ വാഹനങ്ങളുടെ സുരക്ഷിതമായ ഉപയോഗം ഉറപ്പ് വരുത്തുന്നതിലേയ്ക്കായും, മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് വാഹന പരിശോധന നടത്തുന്നതിനും സുരക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി കേരളത്തിലെ എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**(04.02.2015-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 12 | 22 | കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളും ലൈംഗിക പീഡനവും സംബന്ധിച്ച കേസുകൾ ദ്രുതഗതിയിൽ കൈകാര്യം ചെയ്യുന്നതിനും നിയമനടപടികൾ പൂർത്തിയാക്കി ശിക്ഷ നടപ്പിലാക്കുന്നതിനും ജില്ലാ കോടതികളോടനുബന്ധിച്ച് 'അതിവേഗകോടതി' സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ആഭ്യന്തര (സി) വകുപ്പ്</u>**<br><br>**(16.06.2015-ലെ 82503/സി5/2014/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും കുറ്റകൃത്യങ്ങളും ലൈംഗിക കേസുകളും കൈകാര്യം ചെയ്യുന്നതിനു സ .ഉ.(എം.എസ്) 13/2013/ആഭ്യന്തരം തീയതി 18.01.2013 പ്രകാരം എറണാകുളത്ത് പ്രത്യേക കോടതി സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ഇത്തരം കോടതി സ്ഥാപിക്കാൻ 06.05.2014 തീയതിയിലെ ജി .ഒ.(എം.എസ്) നമ്പർ 87/2014/ആഭ്യന്തരം ഉത്തരവ് പ്രകാരം അംഗീകാരവും കോഴിക്കോട് ജില്ലയിൽ 25.02.2014 തീയതിയിലെ ജി .ഒ. (എം.എസ്) നമ്പർ 39/2014/ആഭ്യന്തരം ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരവും നൽകിയിട്ടുണ്ട്. മുൻഗണനാക്രമത്തിൽ ഇവ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ.ഉ.(അച്ചടി) നമ്പർ 22/2009/സാമൂഹ്യക്ഷേമ വകുപ്പ് തീയതി 03.06.2009 പ്രകാരവും കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമ കേസുകൾ കൈകാര്യം ചെയ്യുന്നതിനു എല്ലാ ജില്ലകളിലേയും പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളെ പ്രത്യേക കോടതികളായി നാമനിർദ്ദേശം ചെയ്തിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | എന്നാൽ അടുത്ത കാലത്ത് പ്രിൻസിപ്പൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതികളിൽ ജോലി ഭാരം കൂടുതലായതിനാൽ ഈ കോടതികളിൽ നിക്ഷിപ്തമായ അധികാരം മാറ്റി എല്ലാ ജില്ലകളിലെയും അഡീഷണൽ ഡിസ്ട്രിക്ട് ആന്റ് സെഷൻ കോടതി -I കളെ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള പ്രത്യേക കോടതികളായി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഹൈക്കോടതി ശിപാർശ ചെയ്യുകയും ആയതിൻപ്രകാരം 31.03.2015-ലെ സ.ഉ. (അച്ചടി) നമ്പർ 23/15/സാമൂഹ്യ നീതി വകുപ്പ് പ്രകാരം വിജ്ഞാപനമായിട്ടുണ്ട്. എറണാകുളം ജില്ലയിൽ ഈ അധികാരം നിക്ഷിപ്തമായിരിക്കുന്നത് മേൽ സ്ഥാപിച്ച പ്രത്യേക കോടതിയിലാണ്.<br><br>**(12.08.2015-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 13 | 23 | ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികൾ ഏതെല്ലാം തലങ്ങളിൽ ചൂഷണം ചെയ്യപ്പെടുന്നു എന്ന് പരിശോധിച്ച് കണ്ടെത്തി അതാതുതലങ്ങളിൽ പ്രായോഗികമായ പരിഹാര മാർഗ്ഗനിർദ്ദേശങ്ങൾ ഉണ്ടാകണമെന്നും അവ നടപ്പാക്കുന്നതിന് ഫലപ്രദമായ ഒരു നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശചെയ്യുന്നു. ഇത്തരം കേസ്സുകളിൽ കുറ്റക്കാരായി കണ്ടെത്തുന്നവർക്കെതിരെ സമയബന്ധിതമായി കർശന ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | **<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br><br>**(10.08.2015-ലെ 29961/ജി3/2014/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>ശാരീരിക-മാനസിക വൈകല്യമുള്ള കുട്ടികളെ പ്രത്യേകം നിരീക്ഷിക്കുന്നതിനും മാതാപിതാക്കളുമായി ബന്ധപ്പെട്ട് ഇവരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>**(23.12.2015-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>നാഷണൽ ട്രസ്റ്റ് ആക്ട് പ്രകാരം ഇത്തരം വിഭാഗങ്ങളുടെ സ്വത്ത് |

| | | | |
|---|---|---|---|
| | 24 | | സംരക്ഷണത്തിനായി ലോക്കൽലെവൽ കമ്മിറ്റികൾ രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റികൾക്ക് ഇത്തരം വിഭാഗങ്ങളുടെ സ്വത്ത് സംരക്ഷണവുമായി ബന്ധപ്പെട്ട് ലീഗൽ ഗാർഡിയൻഷിപ്പ് നല്കിയിരിക്കുന്നു. കേരളത്തിലെ അംഗപരിമിതരുടെ സമ്പൂർണ്ണ പുനരധിവാസം, അവകാശ സംരക്ഷണം എന്നിവയ്ക്കായി PWD ആക്ട് 1995 ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇക്കാര്യം നിരീക്ഷിക്കുന്നതിനായി സംസ്ഥാന വികലാംഗ കമ്മീഷണറേറ്റ് പ്രവർത്തിക്കുന്നു.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **14** | **24** | വികലാംഗരായ കുട്ടികളുടെ അവകാശ നിഷേധത്തിനെതിരെയും ഉദ്യോഗസ്ഥരുടെ വീഴ്ച മൂലം അവർക്ക് ഏർപ്പെടുത്തിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ പ്രയോജനം ഫലപ്രദമായി അവരിലേക്ക് എത്തുന്നില്ല എന്നുമുള്ള പരാതികൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി കർശന വകുപ്പുതല ശിക്ഷാനടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>ഇൻഡ്യൻ ഭരണഘടനയുടെ 45-ാം ഖണ്ഡിക പ്രകാരം 14 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും (മാനസികവും ശാരീരികവുമായ പരിമിതികൾ അനുഭവിക്കുന്നവരുൾപ്പെടെ) നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പ് വരുത്തുന്നു. ഇവരുടെ അവകാശ സംരക്ഷണത്തിനാണ് മെന്റൽ ഹെൽത്ത് ആക്ട് 1987, റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇൻഡ്യൻ ആക്ട് 1992, PWD ആക്ട് 1995, നാഷണൽ ട്രസ്റ്റ് ആക്ട് മുതലായ നിയമങ്ങൾ ഉള്ളത് PWD ആക്ട് 1995 പ്രകാരം വികലാംഗരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലി സംവരണം, നിയമസംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമ നടപടികളും, നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാനടപടികളും ഈ നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>ഇത്തരത്തിലുള്ള പരാതികൾ |

| | | | |
|---|---|---|---|
| | | | ലഭിച്ചാൽ വികലാംഗ കമ്മീഷണർ നടപടികൾ കൈക്കൊള്ളുന്നതാണ്. 1998 ലെ സിവിൽ പ്രൊസീജിയർ കോഡ് പ്രകാരം മുഖ്യകമ്മീഷണർക്കും, കമ്മീഷണർമാർക്കും സാക്ഷികളെ വിളിച്ച് തെളിവുകൾ സ്വീകരിക്കുന്നതിന് ഒരു കോടതിയുടെ അധികാരങ്ങൾ തന്നെയാണുള്ളത്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **15** | **26** | ഇൻററർനെറ്റ്, ടെലിവിഷൻ, സിനിമ തുടങ്ങിയവ കുട്ടികളുടെ സ്വഭാവരൂപീകരണത്തെ വളരെയധികം സ്വാധീനിക്കുന്നവയാണ്. ഇവ പലതും സാൻമാർഗിക ബോധത്തിന് പകരം അക്രമവാസനയും മദ്യാസക്തിയും ലൈംഗിക വിഷയങ്ങളോടുള്ള താല്പര്യവും വളർത്തുന്നതിനാണ് ഇടവരുത്തുന്നത്. മലയാളത്തിലെ സ്വകാര്യ ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന സീരിയലുകളും മറ്റു പല പരിപാടികളും കുടുംബമധ്യത്തിൽ ഇരുന്ന് കാണുന്നതിന് കഴിയാത്തവിധം അശ്ലീലവും അസാന്മാർഗ്ഗികതയും ക്രൂരതയും കുത്തി നിറച്ച് കുട്ടികളിൽ വളരെ ദുഃസ്വാധീനം ചെലുത്തുന്നുണ്ടെന്ന് സമിതി കണ്ടെത്തുകയും വാണിജ്യതാല്പര്യം മുൻ നിർത്തി പരസ്യങ്ങളുടെ ആകർഷണത്തിനായി റേറ്റിംഗ് വർദ്ധിപ്പിച്ച് നിർമ്മിക്കപ്പെടുന്ന ഇത്തരം പരിപാടികൾ സംപ്രേഷണത്തിനു മുൻപ് പരിശോധിച്ച് സെൻസറിംഗ് നടത്തുന്നതിന് ഇപ്പോൾ കാര്യക്ഷമമായ സംവിധാനം ഇല്ലായെന്ന് സമിതി വിലയിരുത്തുന്നു. ബന്ധപ്പെട്ടവർ അടിയന്തര ശ്രദ്ധചെലുത്തി ആയത് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്</u>**<br><br>**<u>(16.10.2015-ലെ 32253/ഇ 3/2014/ ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br>ടെലിവിഷൻ ചാനലുകളിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന പരിപാടികൾ സംപ്രേഷണത്തിനു മുൻപ് പരിശോധിച്ച് സെൻസറിംഗ് നടത്തുവാൻ നിലവിൽ സംവിധാനങ്ങൾ ഇല്ല . എന്നാൽ പ്രോഗ്രാം കോഡ് , അഡ്വർടൈസിംഗ് കോഡ് എന്നിവ പാലിക്കാതെ പരിപാടികൾ സംപ്രേഷണം ചെയ്യുന്ന ചാനലുകൾക്കെതിരെയുള്ള പരാതികൾ, കേബിൾ ടി.വി. (നെറ്റ് വർക്ക്) റെഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകൾ പ്രകാരം 29.05.2010-ലെ സ.ഉ.(സാധാ) നം. 129/2010/ഐ&പി.ആർ ഉത്തരവ് പ്രകാരം രൂപീകരിച്ച സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി പരിശോധിച്ച് ശിപാർശയോടെ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് അയച്ചുകൊടുക്കുന്നതാണ് നിലവിലെ നടപടിക്രമം. പ്രസ്തുത സമിതിയിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുടെ കാലാവധി അവസാനിച്ചതിനാൽ ടി കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ടി സമിതി പുനഃസംഘടിപ്പിച്ച ശേഷം സമിതിയുടെ അടുത്ത യോഗത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതി(2011-14)യുടെ ശിപാർശയിലെ 26-ാം ഖണ്ഡികയിലെ വിഷയങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഗണിക്കുന്നതാണ് .<br><br>**(14.12.2015-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. തെളിവെടുപ്പിന് തീരുമാനിച്ചു.** |
| | | **27.01.2016-ലെ തെളിവെടുപ്പ് യോഗത്തിലെ നിർദ്ദേശങ്ങൾ**<br>(i) മലയാളം ടി.വി. ചാനലുകളിലൂടെ സംപ്രേഷണം ചെയ്യുന്ന സീരിയലുകൾ ഉൾപ്പെടെയുള്ള പരിപാടികൾക്ക് കേന്ദ്ര സെൻസർ ബോർഡിന്റെ സെൻസറിംഗ് ഏർപ്പെടുത്തുകയോ അല്ലാത്തപക്ഷം പ്രാദേശിക പരിപാടികളുടെ സെൻസറിംഗിനായി സംസ്ഥാനതല സെൻസറിംഗ് സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യണമെന്ന സമിതി നിർദ്ദേശം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനെ അറിയിച്ച് ബോദ്ധ്യപ്പെടുത്തി അത്തരം പരിപാടികൾക്ക് പ്രീ-ടെലിക്കാസ്റ്റ് സെൻസറിംഗ് നിർബന്ധമാക്കുക. ഇക്കാര്യത്തിൽ നിലവിലുള്ള കേന്ദ്ര നിയമങ്ങൾ പരിശോധിച്ച് ആവശ്യമെങ്കിൽ അവയെ അതിലംഘിക്കാത്ത വിധത്തിൽ സംസ്ഥാന ബിൽ അവതരിപ്പിച്ച് നിയമമാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് നടപടി സ്വീകരിക്കുക.<br><br>(ii) സ്റ്റേറ്റ്ലെവൽ മോണിറ്ററിംഗ് കമ്മിറ്റി കാലാവധി കഴിഞ്ഞിട്ടും പുനഃസംഘടിപ്പിക്കാത്തത് ഗുരുതരമായ വീഴ്ച ആയതിനാൽ കമ്മിറ്റി അടിയന്തരമായി പുനഃസംഘടിപ്പിക്കുകയും അതിൽ നിയമസഭാ സാമാജികരുടെ പ്രതിനിധിയെക്കൂടി ഉൾപ്പെടുത്തുകയും ചെയ്യുക.<br>(iii) പ്രസ്തുത കമ്മിറ്റി 6 മാസത്തിലൊരിക്കലെങ്കിലും കൃത്യമായി ചേരുക.<br><br>(iv) 23.09.2014-ൽ ചേർന്ന പ്രസ്തുത കമ്മിറ്റിയുടെ യോഗത്തിന്റെ അജണ്ടയിൽ സമിതി (2011-14)യുടെ 6-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 26- | **വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്**<br><br>**(02.02.2016-ലെ 32253/ഇ 3/2014/ ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>കേബിൾ ടി.വി. (നെറ്റ് വർക്ക്) റെഗുലേഷൻ ആക്ട് 1995-ലെ വ്യവസ്ഥകളിൽ പരാമർശിച്ചിട്ടുള്ളതു പ്രകാരം പ്രോഗ്രാം കോഡും അഡ്വർടൈസിംഗ് കോഡും കർശനമായി പാലിക്കുവാൻ എല്ലാ ചാനലുകൾക്കും, ജില്ലാ കളക്ടർമാർക്കും 06.12.2014-ലെ 33816/ഇ 3/ 2012/ഐ&പി.ആർ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. (**അനുബന്ധം-2**) കൂടാതെ കേബിൾ ടി.വി. (നെറ്റ് വർക്ക്) റെഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾ പ്രകാരം ജില്ലാതല സമിതികൾ രൂപീകരിച്ച് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. (**അനുബന്ധം-3**) 23.05.2013-ലെ 233/2015/ഐ&പി.ആർ നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച സംസ്ഥാനതല സമിതി പുനഃസംഘടിപ്പിക്കുന്ന വിഷയങ്ങൾ പുരോഗമിച്ചു വരികയാണ്. സമിതി പുനഃസംഘടിപ്പിച്ചാലുടൻ യോഗം ചേർന്ന് നിയമസഭാ സമിതിയുടെ ശിപാർശ ചെയ്ത് അന്തിമ മറുപടി സമർപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | ലെ ശിപാർശ ഉൾപ്പെടുത്താത്തതിന് മതിയായ വിശദീകരണം ലഭിച്ചില്ല. സ്റ്റേറ്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ തന്നെ പ്രസ്തുത ശിപാർശ പരിഗണിക്കുക.<br>(v) സ്റ്റേറ്റ്, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളെ സംബന്ധിച്ചും അവയ്ക്ക് പരാതികൾ നൽകാവുന്നത് സംബന്ധിച്ചുമുള്ള വിശദാംശം എല്ലാ പ്രധാന പ്രാദേശിക ദൃശ്യമാദ്ധ്യമങ്ങളിലൂടെയും പത്രമാദ്ധ്യമങ്ങളിലൂടെയും സോഷ്യൽ മീഡിയകളിലൂടെയും അറിയിപ്പായി നൽകി പൊതുജനത്തെ ഇക്കാര്യത്തിൽ ബോധവാന്മാരാക്കുക.<br>(vi) ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികൾ 2014, 2015 വർഷങ്ങളിലും 2016-ൽ ഇതുവരെയും ചേർന്ന യോഗങ്ങളുടെ വിശദവിവരം സമിതിയ്ക്ക് ലഭ്യമാക്കുക. | |
| **16** | **33** | മലയാളം ടെലിവിഷൻ ചാനലുകളുടെ റിയാലിറ്റി ഷോകളിൽ നിന്നും എസ്.എം.എസ് പൂർണ്ണമായും ഒഴിവാക്കി കുട്ടികളുടെ സർഗ്ഗാത്മകത മാത്രം പരിശോധിക്കപ്പെടുന്നതിനായി പരിമിതപ്പെടുത്തണമെന്നും മത്സരത്തിന് ഗ്രേഡിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള സാദ്ധ്യത ആരായണമെന്നും വ്യത്യസ്തവും വിലപിടിപ്പുള്ളതുമായ വേഷങ്ങളും അലങ്കാരങ്ങളും ഒഴിവാക്കി കുട്ടികളുടെ മാനസികാവസ്ഥ കൂടി പരിഗണിക്കാൻ കഴിയുന്ന വിധികർത്താക്കളെ ഉൾ പ്പെടുത്തി അവരുടെ സർഗ്ഗാത്മകതയ്ക്ക് മുൻതൂക്കം നല്കുന്ന വിധത്തിൽ വിധി നിർണ്ണയം നടത്തണമെന്നും മറ്റഭിപ്രായങ്ങൾ പൊതു വേദിയിൽ ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. | **<u>വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്</u>**<br><br>**<u>(16.07.2016-ലെ 7354/ഇ 3/2014/ ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്.(ഇടക്കാല റിപ്പോർട്ട്))</u>**<br><br>**<u>ഖണ്ഡിക 26 &33</u>**<br><br>ടെലിവിഷൻ ചാനലിലൂടെ സംപ്രേഷണം ചെയ്യപ്പെടുന്ന പരിപാടികൾക്ക് പ്രീ-ടെലികാസ്റ്റ് സെൻസറിംഗ് ഏർപ്പെടുത്തുന്ന വിഷയം സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് 28.04.2016-ന് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ട്. 09.02.2016-ലെ 53/2016/ഐ&പി.ആർ നമ്പർ ഉത്തരവു പ്രകാരം പുനഃസംഘടിപ്പിച്ച സംസ്ഥാനതല കേബിൾ ടിവി_ മോണിറ്ററിംഗ് സമിതിയിൽ നിയമസഭ സാമാജികരുടെ പ്രതിനിധിയായി എം.എൽ.എ.യെ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. ടി മോണിറ്ററിംഗ് സമിതിയുടെ അടുത്ത |

| | | | |
|---|---|---|---|
| | | | യോഗത്തിൽ തന്നെ സമിതിയുടെ ശിപാർശകൾ പരിഗണിക്കുന്നതാണ്.<br><br>**(07.09.2016-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |
| | | **<u>07.09.2016-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം</u>**<br><br>26-ാമത് ഖണ്ഡികയിലെ ശിപാർശയുമായി ബന്ധപ്പെട്ട് 27.01.2016-ലെ തെളിവെടുപ്പ് യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സംസ്ഥാനതല മോണിറ്ററിംഗ് സമിതിയുടെ അടുത്ത യോഗത്തിന്റെ തീയതി അറിയിക്കണമെന്നും ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പിനോട് ആവശ്യപ്പെട്ടു. | **<u>വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്</u>**<br><br>**(12.10.2021-ലെ ഇ 3/181/2020/ ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>ടി.വി. മത്സര പരിപാടികളിൽ നിന്ന് എസ്.എം.എസ് ഒഴിവാക്കുക, കുട്ടികളെ മോശമായി സ്വാധീനിക്കുന്ന തുടങ്ങിയ വിഷയങ്ങളിൽ ഇടപെടുന്നതിനും നടപടി സ്വീകരിക്കുന്നതിനും ഐ&പി.ആർ വകുപ്പിന് അധികാരമില്ലാത്തതും ടി.വി. പരിപാടികളുടെ ഉള്ളടക്കം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനുമാണ്. ട്രായ് (ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ) നിർദ്ദേശ പ്രകാരമാണ് പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത്.സ്വകാര്യ ടെലിവിഷൻ പരിപാടികളുടെ സെൻസറിങ് നടത്തുക ഐ&പി.ആർ വകുപ്പിന് അധികാരമില്ലാത്തതും ടി.വി. പരിപാടികളുടെ ഉള്ളടക്കം സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം കേന്ദ്ര വർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിനുമാണ്. ട്രായ് (ടെലികോം റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ) നിർദ്ദേശ പ്രകാരമാണ് പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നത്.<br><br>**(19.11.2021-ലെ സമിതി യോഗത്തിൽ** |

| | | | |
|---|---|---|---|
| | | | **അംഗീകരിച്ചു.)**<br><br>**<u>വിവര പൊതുജന സമ്പർക്ക (ഡി) വകുപ്പ്</u>**<br><br>**(22.07.2021-ലെ ഡി3/50/2020/ഐ & പി.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>ഖണ്ഡിക 26-ലെ ശിപാർശയിന്മേൽ സ്വീകരിച്ച തുടർ നടപടികൾ 27.01.2016-ലെ സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ ചർച്ച ചെയ്യുകയും തുടർന്ന് കൈക്കൊണ്ട തീരുമാനത്തിൽ ഇനം. നം 5-ൽ വകുപ്പിനോട് എന്തെങ്കിലും നടപടിയുണ്ടെങ്കിൽ സ്വീകരിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടെലിവിഷൻ മാധ്യമത്തിൽ സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിക്കുന്നതിന് എതിരെ ജനങ്ങളെ ബോധവത്കരിക്കുന്നതിന് എഫ്.എം. റേഡിയോ വഴി 03.03.2017 മുതൽ 09.03.2017 വരെ 7 ദിവസം പരസ്യം നൽകുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.<br><br>**(19.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **17** | **36** | ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തി സോഷ്യൽ മീഡിയകളിലൂടെ കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവമർഹിക്കുന്ന ഒരു വിഷയമാണ്. ഇപ്രകാരം ചൂഷണം ചെയ്യപ്പെടുന്നത് സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയുള്ള ബോധവൽക്കരണം ഇന്നത്തെ സൈബർ യുഗത്തിൽ അതിപ്രാധാന്യമർഹിക്കുന്നു. | **<u>വിവര പൊതുജന സമ്പർക്ക (ഇ) വകുപ്പ്</u>**<br><br>**<u>16.07.2016-ലെ 7354/ഇ 3/2014/ ഐ&പി.ആർ. നമ്പർ കത്ത് മുഖേന ലഭിച്ചത്.</u>**<br><br>മാധ്യമ പ്രതിനിധികൾക്കുള്ള ശിൽപശാലകൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>**(07.09.2016-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017 -ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)** |

| | | | |
|---|---|---|---|
| | | | ഐ.സി.പി.എസിന്റെ ആഭിമുഖ്യത്തിൽ ഇത് സംബന്ധിച്ച ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ച് വരുന്നു. കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നതിനെതിരെ ശക്തമായ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഹ്രസ്വ ചിത്രങ്ങൾ ഐ.സി.പി. എസിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധിക വിവരം ആവശ്യപ്പെട്ടു.)** |
| | | <u>14.12.2017-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം</u><br><br>കുട്ടികൾ ചൂഷണം ചെയ്യപ്പെടുന്നതിനെതിരെ ഐ.സി.പി.എസ്-ന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ വിവിധ സ്കൂളുകളിൽ പ്രദർശിപ്പിച്ചു വരുന്ന ഹ്രസ്വ ചിത്രങ്ങൾ എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തണമെന്നും കുട്ടികളെ വഴി തെറ്റിക്കുന്നതിന് സാദ്ധ്യതയുള്ള വെബ്സൈറ്റുകൾ ലഭ്യമാകാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സോഷ്യൽ മീഡിയകളിൽ സ്ത്രീകളെയും കുട്ടികളെയും മോശമായി ചിത്രീകരിക്കുന്ന പോസ്റ്റുകൾ നിരീക്ഷിക്കുന്നതിനും യഥാസമയം അവ തടയുന്നതിനായി പോലീസ് സൈബർ സെല്ലിൽ ഒരു പ്രത്യേക വിഭാഗം രൂപീകരിക്കണമെന്ന് വനിതാ ശിശുവികസന വകുപ്പിനോട് നിർദ്ദേശിച്ചു. | **<u>വനിതാശിശു വികസന (പി.എസ്) വകുപ്പ്</u>**<br><br>**(19.04.2022-ലെ ഡബ്ല്യു.സി-പി.എസ്1 /117/ 2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>സോഷ്യൽ മീഡിയകളിലൂടെ കുട്ടികൾ വിവിധ തരത്തിൽ ചൂഷണം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഐ.സി.പി.എസിന്റെയും പോലീസ് വകുപ്പിന്റെയും സഹായത്തോടെ ജില്ലകളിൽ പരിശീലന പരിപാടികളും ഷോർട്ട് ഫിലിമുകളും മറ്റ് ക്യാമ്പയിനുകളും സംഘടിപ്പിച്ചു.<br><br>**(02.08.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 18 | 38 | കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള ഇന്റർനെറ്റ് സൈറ്റുകളുടെ പ്രാപ്യതയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ഐ.റ്റി. വിദഗ്ദ്ധർ, സാമൂഹ്യ പ്രവർത്തകർ , സൈബർ വിദഗ്ദ്ധർ സൈബർ | **<u>വിവരപൊതുജന സമ്പർക്ക (ഡി) വകുപ്പ്</u>**<br><br>**<u>(19.04.2016-ലെ 5021/ഡി3/2016/ഐ & പി.ആർ. നമ്പർ കത്ത് മുഖേന ലഭിച്ചത്)</u>** |

| | | | |
|---|---|---|---|
| | | നിയമ വിദഗ്ദ്ധർ, മനശാസ്ത്ര വിദഗ്ദ്ധർ ആഭ്യന്തര വകുപ്പിലെ സൈബർ വിഭാഗം എന്നിവരുമായി കൂടിയാലോചിച്ച് പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | ശിപാർശ 36, 37 പ്രകാരം ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തി സോഷ്യൽ മീഡിയയിലൂടെ കുട്ടികളെ വിവിധ തരത്തിൽ ചൂഷണം ചെയ്യുന്നത് ഗൗരവമർഹിക്കുന്ന വിഷയമാണെന്നും, ആയതിനാൽ ഇത്തരം സൈറ്റുകളുടെ പ്രാപ്യതയ്ക്ക് |
| 19 | 39 | ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യങ്ങൾ സംബന്ധിച്ച് കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെയുള്ള പൊതുജനത്തെ ബോധവത്കരിക്കുന്നതിനായി റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ വഴിയും സർക്കാർ സൈറ്റുകളിലൂടെയും പ്രചരണം നടത്തണമെന്നും ഇത്തരത്തിലുള്ള പ്രചരണങ്ങളിൽ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടേയും ഉപയോഗം വ്യക്തി സ്വാതന്ത്ര്യത്തിന്റെ പരിധി കടക്കുന്നത് ശിക്ഷാ നടപടികളെ ക്ഷണിച്ചുവരുത്തുമെന്ന് വ്യക്തമാക്കേണ്ടതാണ് എന്നും സമിതി നിർദ്ദേശിക്കുന്നു | നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് 38-ാം നമ്പർ ശിപാർശ പ്രകാരം ഐ.റ്റി. വിദഗ്ദ്ധർ, സൈബർ വിദഗ്ദ്ധർ , സാമൂഹ്യ പ്രവർത്തകർ, മനശാസ്ത്ര വിദഗ്ദ്ധർ, ആഭ്യന്തര വകുപ്പിലെ സൈബർ വിഭാഗം എന്നിവരുമായി കൂടിയാലോചിച്ച് വകുപ്പിന്റെ ഇലക്ട്രോണിക് മീഡിയാ വിഭാഗത്തിന്റെ കീഴിൽ മൂന്നിൽ രണ്ട് വനിതാ പ്രാതിനിധ്യം ഉറപ്പാക്കി ഒരു സ്ഥിരം സമിതി രൂപീകരിച്ച്, പ്രസ്തുത സമിതി മാസത്തിലോ, ത്രൈ–മാസത്തിലൊരിക്കലോ ചേർന്ന് വെബ്സൈറ്റുകളുടെ പ്രവർത്തനം , ഉള്ളടക്കം എന്നിവ വിലയിരുത്തുന്നതിനുമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 20 | 40 | പരസ്യങ്ങൾ കുട്ടികളെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ് പല പരസ്യങ്ങളും കുട്ടികളിൽ മിഥ്യാധാരണ വളർത്തുന്നതായി സമിതി വിലയിരുത്തുന്നു.പരസ്യ പ്രസിദ്ധീകരണത്തിന്റെ അനുവദനീയത സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്തണമെന്നും അവ ലംഘിക്കുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | ശിപാർശ 39-ൽ പ്രതിപാദിച്ചിരിക്കുന്ന ഇന്റർനെറ്റ് ദുരുപയോഗം സംബന്ധിച്ച് ഐ.&പി.ആർ.ഡി ദൃശ്യപരസ്യം നിർമ്മിക്കുകയും മലയാളത്തിലെ 12 വാർത്താ ചാനലുകളിൽ പ്രാധാന്യത്തോടെ മൂന്ന് ദിവസം തുടർച്ചയായി 2015 മേയ് മാസത്തിൽ സംപ്രേക്ഷണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത വിഷയത്തിലുള്ള റേഡിയോ പരസ്യം തയ്യാറാക്കി പ്രക്ഷേപണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>ശിപാർശ 40 പ്രകാരം പരസ്യം കുട്ടികളെ സ്വാധീനിക്കുന്ന ഘടകമാണ്. പല പരസ്യങ്ങളും കുട്ടികളിൽ മിഥ്യാധാരണ വളർത്തുന്നതിനാൽ പരസ്യ പ്രസിദ്ധീകരണത്തിന്റെ അനുവദനീയത സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നതിനും, അവ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാ |

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കുന്നതിനായും ഒരു സ്ഥിരം സമിതി രൂപീകരിച്ച് പ്രസ്തുത വിഷയം നിരീക്ഷിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.<br><br>**(07.09.2016-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |
| | | <u>**07.09.2016-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം**</u><br>36, 37, 39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേലുള്ള റിപ്പോർട്ട് അംഗീകരിച്ചു. 38-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ മൂന്നിൽ രണ്ട് വനിതാ പ്രാതിനിധ്യം ഉറപ്പാക്കി ഇലക്ട്രോണിക് മീഡിയാ വിഭാഗത്തിന്റെ കീഴിൽ സ്ഥിരംസമിതി രൂപീകരിച്ച് മാസത്തിലോ, ത്രൈമാസത്തിലോ വെബ്ബ്സൈറ്റുകളുടെ പ്രവർത്തനം , ഉള്ളടക്കം എന്നിവ വിലയിരുത്തുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചു.<br>40-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ പരസ്യ പ്രസിദ്ധീകരണത്തിന്റെ അനുവദനീയത സംബന്ധിച്ച മാനദണ്ഡങ്ങൾ ലംഘിക്കുന്നവർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനായി ഒരു സ്ഥിരം സമിതി രൂപീകരിക്കുമെന്നുള്ള I & PRD-യുടെ റിപ്പോർട്ടിന്മേൽ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് ആരായാൻ സമിതി തീരുമാനിച്ചു. | <u>വിവരപൊതുജന സമ്പർക്ക (ഡി) വകുപ്പ്</u><br><br>**(07.09.2020-ലെ ഡി3/50/2020/ഐ&പി.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>ഇലക്ട്രോണിക് മീഡിയാ വിഭാഗവുമായി ബന്ധപ്പെട്ട് വകുപ്പ് സ്വീകരിക്കേണ്ട നടപടികൾ എല്ലാം തന്നെ സ്വീകരിച്ചിട്ടുണ്ട്.<br><br>**(12.11.2020-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |
| | | <u>**12.11.2020-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം**</u><br>പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേലുള്ള റിപ്പോർട്ടിൽ സമിതി അതൃപ്തി രേഖപ്പെടുത്തുകയും | <u>**വിവരപൊതുജന സമ്പർക്ക (ഡി) വകുപ്പ്**</u><br><br>**(22.07.2021 ലെ ഡി 3/50/2020/ ഐ&പി.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്)** |

| | | | |
|---|---|---|---|
| | | വിഷയവുമായി ബന്ധപ്പെട്ട് Cyber Act, Police Act, എന്നിവ സംബന്ധിച്ച് സാമൂഹ്യനീതി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും തീരുമാനിച്ചു. | ഖണ്ഡിക 39-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇന്റർനെറ്റ് ദുരുപയോഗം സംബന്ധിച്ച് ഐ.& പി.ആർ.ഡി ദൃശ്യ പരസ്യം നിർമ്മിക്കുകയും മലയാളത്തിലെ 12 വാർത്താ ചാനലുകളിൽ, പ്രാധാന്യത്തോടെ മൂന്നു ദിവസം തുടർച്ചയായി 2015 മേയ് മാസത്തിൽ സംപ്രേഷണം ചെയ്തിട്ടുണ്ട്.<br>ഡിജിറ്റൽ, ഇന്റർനെറ്റ് ഉപയോഗത്തിൽ പാലിക്കേണ്ട മര്യാദകൾ, സുരക്ഷാ മുൻ കരുതലുകൾ സംബന്ധിച്ച് വിപുലമായ ഒരു സാമൂഹിക മാധ്യമ ക്യാമ്പയിൻ വകുപ്പ് ആസൂത്രണം ചെയ്തു വരികയാണ് . കുട്ടികൾ, സ്ത്രീകൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ മൊബൈൽ ഫോണും ഇന്റർനെറ്റും കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ , സാമൂഹിക മാധ്യമങ്ങളിൽ ഇടപെടുമ്പോൾ പാലിക്കേണ്ട മര്യാദകൾ, സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ, കുട്ടികൾ ഇരയാകുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവത്കരണം എന്നിവയ്ക്ക് ക്യാമ്പയിൻ ഊന്നൽ നൽകുന്നുണ്ട്. ഈ വിഷയങ്ങളിൽ വീഡിയോകൾ , ഇൻഫോഗ്രാഫിക്സ്, പോസ്റ്ററുകൾ തുടങ്ങിയവ തയ്യാറാക്കി പ്രചരിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.<br><br>**(19.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 17 | 36 | ഇന്റർനെറ്റ് സൗകര്യം പ്രയോജനപ്പെടുത്തി സോഷ്യൽ മീഡിയകളിലൂടെ കുട്ടികൾ വിവിധ തരത്തിൽ ചൂഷണം ചെയ്യപ്പെടുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നത് ഗൗരവമർഹിക്കുന്ന ഒരു വിഷയമാണ്. ഇപ്രകാരം ചൂഷണം ചെയ്യപ്പെടുന്നത് സംബന്ധിച്ച് | **വിവര സാങ്കേതികവിദ്യാ (സി) വകുപ്പ്** -<br><br>**19.01.2016-ലെ 1502/സി3/2014/വിസവ നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br>1. ഒരു വെബ്സൈറ്റ് ഉണ്ടാക്കുമ്പോൾ അതുപയോഗിക്കുന്ന യൂസറുടെ പേരോ മേൽ വിലാസമോ Domain Name Register വഴി പരിശോധിച്ച് |

| | | | |
|---|---|---|---|
| | | മുന്നറിയിപ്പ് നൽകിയുള്ള ബോധവൽക്കരണം ഇന്നത്തെ സൈബർ യുഗത്തിൽ അതിപ്രാധാന്യമർഹിക്കുന്നു.<br><br>**<u>സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ ഡയറക്ടർ സമർപ്പിച്ച നിർദേശം</u>**<br>1. ഒരു വെബ്സൈറ്റ് ഉണ്ടാക്കുമ്പോൾ അതുപയോഗിക്കുന്ന യൂസറുടെ പേരോ മേൽ വിലാസമോ പരിശോധിച്ച് തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപിക്കണം. | തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് തുടർ നടപടി സ്വീകരിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>2.ഐറ്റി@ സ്കൂൾ, സ്കൂൾ കുട്ടികൾക്കു വേണ്ടി കേരള സ്റ്റേറ്റ് സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ വികസിപ്പിച്ചെടുത്ത് അവ നടപ്പിലാക്കുന്നത് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>**(09.03.2016-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |
| | | **<u>09.03.2016-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം</u>**<br><br>ശിപാർശകൾ അന്തിമമായി നടപ്പാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുകയും ശിപാർശ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ അതത് വകുപ്പുകളോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു. | **<u>വിവര സാങ്കേതികവിദ്യാ (സി) വകുപ്പ്</u>**<br>**(18.05.2018-ലെ ഐ.ടി.സി2/259/2016/വിസവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>ഒരു വെബ്സൈറ്റ് ഉണ്ടാക്കുമ്പോൾ ആ വെബ്സൈറ്റ് ഉടമസ്ഥന്റെ പേരും മേൽ വിലാസവും Domain Name Register ൽ രേഖപ്പെടുത്തുന്നുണ്ട്. അതിൽ നിന്നും വിലാസം പരിശോധിക്കാവുന്ന സംവിധാനം ഇപ്പോൾ നിലവിലുണ്ട്.<br><br>**(30.10.2018-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| | | 2. ഐറ്റി@ സ്കൂൾ, സ്കൂൾ കുട്ടികൾക്കു വേണ്ടി കേരള സ്റ്റേറ്റ് സൈബർ സേഫ്റ്റി പ്രോട്ടോക്കോൾ വികസിപ്പിച്ചെടുത്ത് അവ നടപ്പിലാക്കേണ്ടതാണ്. | **<u>പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്</u>**<br>**<u>(20.06.2019-ലെ പൊ.വി.വ.ഡി3/167/2018 നമ്പർ കത്ത്</u> മുഖേന <u>ലഭിച്ചത്.)</u>**<br>സൈബർ സേഫ്റ്റി പ്രോട്ടോകോൾ പ്രസിദ്ധീകരിച്ചിട്ടുണ്ട് ആയത് 'www.kite.kerala.gov.in ൽ ലഭ്യമാണ്.'<br><br>**(06.08.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **18** | **37** | കുട്ടികളെ വഴിതെറ്റിക്കുന്ന | **<u>ആഭ്യന്തര (എം) വകുപ്പ്</u>** |

| | | | |
|---|---|---|---|
| | | രീതിയിലുള്ള എണ്ണമറ്റ സൈറ്റുകൾ ഇന്റർനെറ്റ് വഴി അവർക്ക് പ്രാപ്യമാണ് എന്ന വസ്തുതയും വിസ്മരിക്കാവുന്നതല്ല. പക്വത ആർജ്ജിക്കുന്നതിന് മുൻപുള്ള പ്രായത്തിൽ ഇത്തരം വെബ്സൈറ്റുകളുടെ ലഭ്യത അവരെ വിവേക പൂർണമല്ലാത്ത തീരുമാനത്തിലേക്കും ഒറ്റപ്പെടലിനും സമ്മർദ്ദങ്ങൾക്കും വിധേയമാക്കി ആത്മഹത്യാപരമായ വഴികളിലേക്ക് നയിക്കുന്നതും സാധാരണമാണ്. | **(22.08.2022-ലെ Home-M2/387/2017-Home നമ്പർ കത്ത് പ്രകാരം ലഭിച്ചത്)**<br>പ്രസ്തുത നിർദ്ദേശം പരിശോധിച്ചതിൽ കുട്ടികളിൽ ഇത്തരം സൈറ്റുകൾ ഉപയോഗിക്കുന്നതിലൂടെ ഉണ്ടാകാവുന്ന സ്വഭാവ വൈകല്യങ്ങളെ തടയുന്നതിനും മറ്റുമായി കുട്ടികൾക്കും, രക്ഷിതാക്കൾക്കും ആവശ്യമായ ബോധവൽകരണങ്ങൾ പോലീസിന്റെ ഭാഗത്തു നിന്നും നൽകി വരുന്നുണ്ട്. കൂടാതെ ജനമൈത്രി പോലീസ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നീ സ്കീമുകളുടെ ഭാഗമായി കുട്ടികളിലെ ഇന്റർനെറ്റ് ഉപയോഗവും ദൂഷ്യവശവും എന്ന വിഷയത്തെക്കുറിച്ചും സ്കൂളുകളിലും കോളേജുകളിലും നിരവധി സെമിനാറുകൾ സംഘടിപ്പിച്ചിട്ടുള്ളതുമാണ്. കൂടാതെ സോഷ്യൽ മീഡിയയുടെ ദുരുപയോഗത്തെ സംബന്ധിച്ചും ആയതിന്റെ പരിധി ലംഘിക്കുന്നതിലൂടെ ഉണ്ടാകുന്ന ശിക്ഷാ നടപടികളെക്കുറിച്ചും ആവശ്യമായ ബോധവത്കരണം എല്ലാ പോലീസ് സ്റ്റേഷൻ തലത്തിലും ഇപ്പോഴും കുട്ടികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും നടത്തി വരികയാണ്. കൂടാതെ ഇന്റർനെറ്റിൽ ലഭ്യമായിട്ടുള്ള , കുട്ടികളെ വഴിതെറ്റിക്കുന്ന സൈറ്റുകളെ ഹൈടെക് ക്രൈം എൻക്വയറി സെൽ നിരീക്ഷിച്ചുവരുന്നതും Counter child Sexual Exploitation Team വഴി കുട്ടികൾക്കെതിരെ നടക്കുന്ന ഓൺ ലൈൻ കുറ്റകൃത്യങ്ങൾ കണ്ടെത്തി അത്തരക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നതുമാകുന്നു. മാത്രമല്ല ഇന്റർനെറ്റിൽ ലഭ്യമായിട്ടുള്ള , കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള സൈറ്റുകളുടെ ദൂഷ്യവശങ്ങളെകുറിച്ചുള്ള ബോധവത്കരണ ക്ലാസുകൾ സംസ്ഥാനത്തുടനീളം കഴിഞ്ഞ രണ്ടു വർഷമായി തുടർച്ചയായി നടത്തി വരികയാണ്. |

| | | | |
|---|---|---|---|
| | | | ഇത്തരത്തിലുള്ള ബോധവത്കരണ ക്ലാസുകൾ നടത്തുന്നതിനായി ഹൈടെക് ക്രൈം എൻക്വയറി സെൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ Resource Person അടങ്ങിയ ടീം രൂപീകരിച്ചിട്ടുണ്ട്. |
| | | **<u>സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ KSIT മിഷൻ ഡയറക്ടറുടെ നിർദ്ദേശം</u>**<br>3. സംസ്ഥാനത്തിന് വേണ്ടി ഒരു സൈബർ ടാസ്ക് ഫോഴ്സ് സ്ഥാപിക്കണം. | **<u>ആഭ്യന്തര (എം) വകുപ്പ്</u>**<br>**(15.12.2022 ലെ HOME-M2/270/2018-HOME നമ്പർ കത്ത് മുഖേന ലഭിച്ച റിപ്പോർട്ട്)**<br>കേരള പോലീസിന് സൈബർ ടാസ്ക് ഫോഴ്സ് എന്ന് പേരുള്ള ഒരു സംവിധാനം നിലവിൽ ഇല്ലാത്തതാണ്. എന്നാൽ ഖണ്ഡിക 37-ൽ പരാമർശിച്ചിട്ടുള്ള ശിപാർ ശയുമായി ബന്ധപ്പെട്ട ഇന്റർനെറ്റ് വെബ്സൈറ്റുകൾ നിരന്തരം നിരീക്ഷിക്കുന്നതിനും കുട്ടികളെ വഴിതെറ്റിക്കുന്ന തരത്തിലുള്ളവ കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് 19 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകളും 3 സൈബർ ഡോമുകളും ഹൈടെക് ക്രൈം എൻ ക്വയറിസെല്ലും, കുട്ടികൾക്കെതിരെ സൈബർ ഇടങ്ങളിൽ നടക്കുന്ന ലൈംഗിക കുറ്റ കൃത്യങ്ങൾ ക്കെതിരെയുള്ള നടപടികൾക്കായി , കേരള പോലീസിന്റെ CCSE (Counter Child Sexual Exploitation Team) എന്ന |

| | | | |
|---|---|---|---|
| | | | യൂണിറ്റും പ്രവർത്തിച്ചു വരുന്നു. |
| | | 4. സൈബർ ക്രൈമിന് ഇരയാകുന്ന കുട്ടികൾക്കായി ഹെൽപ്പ് ലൈൻ സ്ഥാപിക്കുക. | സൈബർ ഇടങ്ങളിൽ വർദ്ധിച്ചു വരുന്ന ചൂഷണങ്ങളിൽ നിന്നും മാനസിക പിരിമുറുക്കങ്ങളിൽ നിന്നും കുട്ടികളെ കരകയറ്റുന്നതിലേക്കായും ഇത്തരം ചതിക്കുഴികളിൽ നമ്മുടെ യുവതലമുറ അകപ്പെടാതിരിക്കുന്നതിലേക്കുമായി കേരള പോലീസിനു കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന പദ്ധതിയാണ് 'ചിരി' ഹെൽപ്പ്ലൈൻ (CAP- Children & Police). കുട്ടികൾക്കും അവരുടെ കൂട്ടുകാർക്കും മാതാപിതാക്കൾക്കും രക്ഷിതാക്കൾക്കും അധ്യാപകർക്കും കുട്ടികളുടെ അഭ്യുദയകാംക്ഷികൾക്കും ചിരിയുടെ/CAP-ന്റെ ടോൾഫ്രീ ഹെൽപ്പ്ലൈൻ നമ്പർ 9497900200 ലേക്ക് വിളിക്കാവുന്നതാണ്. കൂടാതെ കേരള പോലീസ് സൈബർ ഡോമിന്റെ നേതൃത്വത്തിൽ "KIDS GLOVE" എന്ന ഒരു ചൈൽഡ് -പോലീസ് സൗഹൃദ കൂട്ടായ്മ രൂപീകരിക്കുകയും അതുവഴി സൈബർ ലോകത്തെ ചതിക്കുഴികൾ കുട്ടികൾക്ക് മനസിലാക്കി കൊടുക്കുകയും ചെയ്തുവരുന്നു. ജില്ലകൾ തോറും ശിശു സൗഹാർദ്ദ പോലീസ് സ്റ്റേഷനുകൾ രൂപീകരിച്ച് അതിന്റെ ഭാഗമായി സൈബർ ഇടങ്ങളിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ സൗഹാർദ്ദപരമായ സമീപനവും ബോധവൽക്കരണവും നടത്തി വരുന്നു. |
| | | 5.സ്കൂളുകളിലെയും സൈബർ കഫെകളിലെയും ഐ.പി./മീഡിയ അസസ്സ് കൺട്രോൾ (മാക്ക്) ഐ.ഡി. മോണിറ്ററിംഗിന് മേൽ | ഏകീകൃതമായി സ്കൂളുകളിലും കഫെകളിലും IP/ MAC ID എന്നിവയിന്മേലുള്ള കണ്ടന്റ് ഫിൽറ്ററിങ് സൗകര്യം നിലവിൽ |

| | | | |
|---|---|---|---|
| | | കണ്ടന്റ് ഫിൽറ്ററിങ് സൗകര്യം ഏർപ്പെടുത്തുക. | ലഭ്യമല്ലാത്തതാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് കേന്ദ്ര/സംസ്ഥാന സർക്കാർ തലത്തിൽ നയം രൂപപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത വിഷയങ്ങളിൽ പരാതി ലഭിക്കുന്ന പക്ഷം ബന്ധപ്പെട്ട സേവന ദാതാക്കളിൽ നിന്നും IP/MAC ID വിവരങ്ങൾ ശേഖരിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നു. **(12.04.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 19 | 38 | കുട്ടികളെ വഴിതെറ്റിക്കുന്ന തരത്തിലുള്ള സൈറ്റുകളുടെ പ്രാപ്യതയ്ക്കു നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ഐ.റ്റി. വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ , സൈബർ നിയമ വിദഗ്ധർ, മനശാസ്ത്ര വിദഗ്ധർ, ആഭ്യന്തര വകുപ്പിലെ സൈബർ വിഭാഗം എന്നിവരുമായി കൂടിയാലോചിച്ച് പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ആഭ്യന്തര (എം) വകുപ്പ്</u>**<br>**(22.08.2022 ലെ Home-M2/387/2017-Home നമ്പർ കത്ത് പ്രകാരം ലഭിച്ചത്.)**<br><br>കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള സൈറ്റുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുന്നതിലേക്ക് പൊതുജനങ്ങൾക്കും മറ്റും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ നിയുക്ത ഓഫീസർക്ക് സംസ്ഥാന ഗവൺമെന്റിന്റെ നോഡൽ ഓഫീസർ മുഖേന നടപടിക്രമങ്ങൾ പാലിച്ചു പരാതി നൽകാവുന്നതും ആയതിന്റെ റിപ്പോർട്ട് അവിടെ നിന്നും ഇന്ത്യാ ഗവൺമെന്റിന്റെ ബഹുമാനപ്പെട്ട ഐ.ടി സെക്രട്ടറി നൽകുകയും ചെയ്യുന്നു. ഐ.ടി സെക്രട്ടറി ഓഫീസിൽ നിന്നും Hosting Agency/Person നൽകുന്ന നിർദ്ദേശപ്രകാരം Website ന്റെ Public Access block ചെയ്യുകയും ചെയ്യുന്നു. സംസ്ഥാന തലത്തിൽ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിലേയ്ക്കായി ഒരു കമ്മിറ്റി രൂപീകരിച്ചു നോഡൽ ഓഫീസറെ നിയമിച്ചു കുട്ടികളെ വഴിതെറ്റിക്കുന്ന രീതിയിലുള്ള വെബ്സൈറ്റുകൾ നിയന്ത്രണവിധേയമാക്കേണ്ടത് ആവശ്യമാണ്. വിദ്യാഭ്യാസ വകുപ്പും പോലീസ് വകുപ്പും സാമൂഹ്യനീതി വകുപ്പും സ്കൂൾ കോളേജ് തലത്തിൽ നടത്തിവരുന്ന ബോധവൽക്കരണ ക്ലാസുകളിൽ ഐ.ടി വിദഗ്ദ്ധർ, സാമൂഹ്യ പ്രവർത്തകർ സൈബർ നിയമ വിദഗ്ദ്ധർ, മനശാസ്ത്രവിദഗ്ദ്ധർ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു |

| | | | |
|---|---|---|---|
| | | | ക്ലാസ് സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണെന്നും കുട്ടികളെ വഴിതെറ്റിക്കുന്ന ഇത്തരം സൈറ്റുകൾ ഇന്റർനെറ്റ് സേവന ദാതാക്കൾക്കു ബ്ലോക്ക് ചെയ്യാവുന്നതാണ്. നിലവിൽ കുട്ടികളുടെ ലൈംഗികത ഉൾക്കൊള്ളുന്ന ഇത്തരം സൈറ്റുകൾ വീക്ഷിയ്ക്കുന്നവർക്കെതിരെ സൈബർ ഡോമിൽ നിന്നും ലഭിക്കുന്ന വിവരങ്ങൾക്കനുസരിച്ച കർശന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>ഇന്റർനെറ്റ് സേവന ദാതാക്കളുടെ ലോഗ് വിവരങ്ങൾ നിലവിൽ TRA നിർദ്ദേശാനുസരണം ഒരു വർഷമായിരുന്നത് നിലവിൽ രണ്ട് വർഷമായി ദീർഘിപ്പിച്ചിട്ടുള്ളതാണ്. കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി സൈബർ കഫെകളിൽ ലോഗ് വിവരങ്ങൾ സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ലഭിക്കുന്ന പക്ഷം മേൽ ലോഗ് വിവരങ്ങൾ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| | | **<u>സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ KSIT മിഷൻ ഡയറക്ടറുടെ നിർദ്ദേശം</u>**<br><br>6. ഇന്റർനെറ്റ് സേവന ദാതാക്കളുടെ ലോഗ്സ് ദീർഘസമയം സ്റ്റോർ ചെയ്യുക , കുറ്റകൃത്യങ്ങൾ നിരീക്ഷിക്കുന്നതിന്റെ ഭാഗമായി പോലീസ് സൈബർ കഫേകളിലെ ലോഗ് നിർദ്ദേശങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. | **<u>ആഭ്യന്തര (എം) വകുപ്പ്</u>**<br><br>**(15.12.2022-ലെ Home-M2/270/2018-Home നമ്പർ കത്ത് മുഖേന ലഭിച്ചത്. )**<br><br>ഇന്റർനെറ്റ് കഫെകളിൽ കുട്ടികൾ നെറ്റ് ഉപയോഗിക്കുന്നത് സുതാര്യമായ രീതിയിൽ ആക്കുന്നതിനും അവരുടെ വിവരങ്ങൾ അറിയിക്കുന്നതിലേക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്നും കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് അപകടകരമായ ഓൺലൈൻ ഗെയിമുകളുടെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികൾക്കിടയിൽ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതാണെന്നും ഡി.ജി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| 20 | 39 | ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും ഉൾപ്പെടെയുള്ള പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ വഴിയും സർക്കാർ സൈറ്റുകളിലൂടെയും പ്രചരണം നടത്തണമെന്നും ഇത്തരത്തിലുള്ള പ്രചരണങ്ങളിൽ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം വ്യക്തി സ്വാതന്ത്ര്യത്തിന്റെ പരിധി കടക്കുന്നത് ശിക്ഷാ നടപടികളെ ക്ഷണിച്ചു വരുത്തുമെന്ന് വ്യക്തമാക്കേണ്ടതാണ് എന്നും സമിതി നിർദ്ദേശിക്കുന്നു. | **<u>ആഭ്യന്തര (എം) വകുപ്പ്</u>**<br>**<u>(22.08.2022 ലെ Home-M2/387/2017-Home നമ്പർ കത്ത് പ്രകാരം ലഭിച്ചത്)</u>**<br>കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെയുള്ള പൊതുജനത്തിനും സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കും സൈബർ ബോധവൽക്കരണ ക്ലാസുകൾ വഴി മൊബൈൽഫോൺ ഇന്റർനെറ്റ് സംബന്ധമായ ഉപയോഗത്തെക്കുറിച്ചും ദുരുപയോഗത്തെക്കുറിച്ചും ബോധവൽക്കരണം നടത്തിയിട്ടുള്ളതാണ്. കൂടാതെ സൈബർ സെല്ലിന്റെ മേൽനോട്ടത്തിൽ സോഷ്യൽ മീഡിയപട്രോളിംഗ് കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പരാതി ലഭിക്കുന്ന പക്ഷം കർശന നിയമ നടപടി സ്വീകരിയ്ക്കുവാൻ എല്ലാ എസ്.എച്ച്.ഒ.മാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതാണ്. നിലവിലെ നിയമ സംവിധാനത്തിലൂടെ സാധ്യമായ എല്ലാ പ്രതിരോധ പ്രവർത്തനങ്ങളും സമയബന്ധിതമായി ചെയ്തുവരുന്നുണ്ട്. കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ internet tips( things you should be keep in mind while using internet) എന്ന വെബ് പേജായി പബ്ലിഷ് ചെയ്തിട്ടുണ്ട്. സൈബർ ലോകത്തെ ചതിക്കുഴികളിൽപ്പെട്ടുപോകാതിരിയ്ക്കുന്നതിനു കുട്ടികൾക്കും മുതിർന്നവർക്കും വേണ്ട നിർദ്ദേശങ്ങൾ cyber Security Norms and Best practices എന്നും ഇന്റർനെറ്റ് ബാങ്കിംഗ് ഡേറ്റ ഷെയർ തുടങ്ങിയവ ചെയ്യുമ്പോൾ ശ്രദ്ധിയ്ക്കേണ്ട കാര്യങ്ങളെ കുറിച്ച് Internet Banking Safety Tips, Safety Tips for using Debit/Credit Cards എന്നീ വെബ് പേജുകളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ കേരള പോലീസ് 2019 വർഷത്തെ ഇയർ ഓഫ് സൈബർ |

| | | | |
|---|---|---|---|
| | | | സെക്യൂരിറ്റി വർഷമായി ആചരിക്കുകയും അതിന്റെ ഭാഗമായി കേരള പോലീസിന്റെ 23 യൂണിറ്റുകളിലായി സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട് 508 സെക്ഷൻ ക്ലാസുകൾ നടത്തുകയുണ്ടായി. |
| | | <u>**സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ KSIT മിഷൻ ഡയറക്ടറുടെ നിർദ്ദേശം**</u><br><br>7.ഉപയോക്താക്കളുടെ വയസ്സിന് അനുയോജ്യമായ ഉള്ളടക്കം സൃഷ്ടിക്കുന്നതിന് മുൻകൈയെടുക്കുക. ഉള്ളടക്ക വികസനത്തിനായി സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക. ഇതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി അവ നടപ്പിലാക്കുക.<br>8. കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കി അവ പ്രാവർത്തികമാക്കുക. | <u>**ആഭ്യന്തര (എം) വകുപ്പ്**</u><br><br>**(15.12.2022 ലെ Home-M2/270/2018-Home നമ്പർ കത്ത് മുഖേന ലഭിച്ചത്. )**<br><br>കുട്ടികൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും വേണ്ടി ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ചും, വ്യാജസന്ദേശങ്ങൾ പ്രചരിക്കുന്നതിനെതിരെയും പൊതുജനങ്ങൾക്കും കേരള പോലീസിന്റെയും ഹൈടെക് സെല്ലിന്റെയും മറ്റ് പോലീസ് സൈബർ വിഭാഗങ്ങളുടെയും ഔദ്യോഗിക സോഷ്യൽ മീഡിയ പേജുകൾ വഴി നിരന്തരം നിർദേശങ്ങൾ നൽകി വരുന്നതാണ് . കൂടാതെ, ഹൈ ടെക് ക്രൈം എൻക്വയറിസെൽ, സൈബർസെൽ, സൈബർ ഡോമുകൾ എന്നിവരുടെ നേതൃത്വത്തിൽ കേരളത്തിൽ ഉടനീളം സ്കൂളുകളും കോളേജുകളും റെസിഡൻസ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് നടത്തുന്ന സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്സുകളും, ചൈൽഡ് ലൈനുകളുടെ നേതൃത്വത്തിൽ ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യങ്ങൾ സംബന്ധിച്ച് കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തി വരുന്നു.<br>**(12.04.2023-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധിക വിവരം ആവശ്യപ്പെട്ടു.)** |
| | | <u>**12.04.2023-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക**</u> | <u>**ആഭ്യന്തര (എം) വകുപ്പ്**</u> |

**<u>വിവരം</u>**

പ്രസ്തുത റിപ്പോർട്ടിലെ 37, 38, 39 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ആഭ്യന്തര (എം) വകുപ്പ് 22.08.2022, 15.12.2022 എന്നീ തീയതികളിലായി ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും പ്രസ്തുത റിപ്പോർട്ടുകളിൽ പരാമർശിച്ചിരിക്കുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടോയെന്നും ടി സംവിധാനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും കുട്ടികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രയെണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്നുമുള്ള വിശദ വിവരങ്ങളടങ്ങിയ റിപ്പോർട്ട് ലഭ്യമാക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെടാൻ നിർദ്ദേശിക്കുകയും ചെയ്തു. കൂടാതെ പ്രസ്തുത സംവിധാനങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി അവയെക്കുറിച്ചുള്ള ചെറു വിവരണം പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും പത്ര ദൃശ്യ ശ്രവ്യ മാദ്ധ്യമങ്ങൾ മുഖേന ഇവ പ്രചരിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**(04.03.2024-ലെ എം 2/270/ 2018-ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**

കേരള പോലീസ് ഹൈടെക്ക് ക്രൈം എൻക്വയറി സെൽ കേരളത്തിലുടനീളം സ്കൂളുകളും കോളേജുകളും റെസിഡൻസ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് 2022-ൽ 51-ഉം 2023-ൽ 40-ഉം സൈബർ സുരക്ഷ ബോധവത്കരണ ക്ലാസുകൾ നടത്തിയതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുട്ടികൾക്കെതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള പരാതികളുടെ എണ്ണവും തീർപ്പ് കൽപ്പിച്ചിട്ടുള്ള പരാതികളുടെ എണ്ണവും സംബന്ധിച്ച് സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ട് പ്രകാരം, NCRB യുടെ വാർഷിക പ്രസിദ്ധീകരണമായ ക്രൈം ഇൻ ഇൻഡ്യയിൽ 2017 മുതലാണ് കുട്ടികൾക്ക് എതിരെയുള്ള സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പ്രഫോർമ ഉൾപ്പെടുത്തി തുടങ്ങിയതെന്ന് പരാമർശിച്ചിട്ടുണ്ട്. അതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട് 2017 മുതൽ 2022 വരെ രജിസ്റ്റർ ചെയ്ത കേസുകളുടെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>Statement on Cyber Crimes against Children in KERALA during 2017-2022</u>**

| Investigation Stage | | | | | | | Trial Stage | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| Sl. No. | Year | Cases Pending Investigation from previous year | Cases Reported during the year | Total Final Reports Submitted | Cases chargesheeted | Cases pending Investigation at End of the year | Cases pending Trial from the previous year | Cases Disposed off without Trail | Cases convicted | Cases Discharged | Cases Acquitted | Cases Pending Trial at end of the Year |
| 1 | 2017 | 6 | 0 | 0 | 2 | 4 | 5 | 0 | 0 | 0 | 0 | 7 |
| 2 | 2018 | 4 | 25 | 0 | 17 | 12 | 7 | 0 | 1 | 0 | 0 | 23 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>3</td><td>2019</td><td>7</td><td>30</td><td>4</td><td>12</td><td>23</td><td>23</td><td>0</td><td>0</td><td>0</td><td>0</td><td>35</td></tr>
<tr><td>4</td><td>2020</td><td>25</td><td>126</td><td>4</td><td>35</td><td>110</td><td>35</td><td>0</td><td>0</td><td>0</td><td>0</td><td>70</td></tr>
<tr><td>5</td><td>2021</td><td>116</td><td>163</td><td>23</td><td>94</td><td>173</td><td>72</td><td>1</td><td>1</td><td>4</td><td>2</td><td>158</td></tr>
<tr><td>6</td><td>2022</td><td>173</td><td>182</td><td>92</td><td>170</td><td>104</td><td>158</td><td>0</td><td>3</td><td>0</td><td>5</td><td>320</td></tr>
</table>
<br>
സമിതി ആവശ്യപ്പെട്ട മറ്റൊരു വസ്തുതയായ സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് പൊതുജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി അവയെക്കുറിച്ച് ചെറുവിവരണം പൊതു സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുന്നതിനും, പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ മുഖേന ഇവ പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി, സമിതി നിർദ്ദേശിച്ച പ്രകാരം സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻ പ്രകാരം സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട് പൊതു ജനങ്ങളിൽ കൂടുതൽ അവബോധം സൃഷ്ടിക്കുന്നതിനായി കേരള പോലീസിന്റെ വിവിധ സൈബർ വിഭാഗങ്ങൾ ബോധവത്ക്കരണ വീഡിയോകൾ ചിത്രീകരിച്ച് സമൂഹമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. അതോടൊപ്പം സ്കൂളുകളും കോളേജുകളും റെസിഡന്റ്സ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് സൈബർ സുരക്ഷയെ കുറിച്ചും ഇന്റർ നെറ്റ് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങളെക്കുറിച്ചും കുട്ടികൾക്കും മാതാപിതാക്കൾക്കും ആവശ്യമായ ബോധവത്ക്കരണ ക്ലാസുകൾ നടത്തി വരുന്നു. അതിനോടൊപ്പം നിയമ സഹായങ്ങൾ കൃത്യസമയത്ത് ലഭ്യമാക്കുന്നതിനും മറ്റുമുള്ള നിർദ്ദേശങ്ങൾ എല്ലാ സ്റ്റേഷൻ ഹൗസ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.
<br><br>
(02.05.2024-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)
</td>
</tr>
<tr>
<td>21</td>
<td>38</td>
<td>കുട്ടികളെ വഴിതെറ്റിക്കുന്ന തരത്തിലുള്ള സൈറ്റുകളുടെ പ്രാപ്യതയ്ക്കു നിയന്ത്രണം ഏർ</td>
<td><u>ആഭ്യന്തര (എം) വകുപ്പ്</u><br><br>(04.02.2019-ലെ 20379/എം2/2017</td>
</tr>
</table>

| | | | |
|---|---|---|---|
| | | പ്പെടുത്തുവാൻ സാധിക്കുമോ എന്നത് സംബന്ധിച്ച് ഐ.റ്റി. വിദഗ്ധർ, സാമൂഹ്യ പ്രവർത്തകർ , സൈബർ നിയമ വിദഗ്ധർ, മനശാസ്ത്ര വിദഗ്ധർ, ആഭ്യന്തര വകുപ്പിലെ സൈബർ വിഭാഗം എന്നിവരുമായി കൂടിയാലോചിച്ച് പരിശോധിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br><br>ഇന്റർനെറ്റിൽ അശ്ലീല ചിത്രങ്ങൾ പ്രദർശിപ്പിക്കുന്ന വെബ്സൈറ്റുകളിൽ ഭൂരിഭാഗവും പ്രവർത്തിക്കുന്നത് വിദേശ രാജ്യങ്ങൾ കേന്ദ്രീകരിച്ചാണ് . ആയതിനാൽ ഇത്തരം വെബ്സൈറ്റുകളിൽ നിയന്ത്രണം ഏർപ്പെടുത്താൻ കേരളാ പോലീസിനോ മറ്റ് ഏജൻസികൾക്കോ സാദ്ധ്യമല്ല എന്നാൽ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡറിനോട് ഇത്തരം അശ്ലീല വെബ്സൈറ്റുകൾ ബ്ലോക്ക് ചെയ്യാനുള്ള നിർദ്ദേശം നൽകാൻ സെക്ഷൻ 69A of IT Act 2008 പ്രകാരം കേന്ദ്ര സർക്കാരിന് അധികാരമുള്ളതാണ്.<br><br>ഇന്ത്യൻ സെർവറുകളിലോ ഇന്ത്യയിൽ നിന്നും പ്രവർത്തിക്കുന്നതോ ആയ ചൈൽഡ് പോൺ വെബ്സൈറ്റുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ മുഖേന സാദ്ധ്യമാണ്.<br><br>കൂടാതെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണം നൽകുന്നതിലൂടെ ആയതിന് ഒരു പരിധി വരെ നിയന്ത്രണം ഏർപ്പെടുത്താൻ കഴിയുന്നതാണ്. ആയതിനാൽ കേരളാ പോലീസിന്റെ സൈബർ വിഭാഗമായ സൈബർ ഡോമിലെ ട്രെയിനിംഗ് & അവൈർനെസ് ഡിവിഷൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വായനശാലകൾ,റസിഡന്റ്സ് അസോസിയേഷനുകൾ, വിവിധ സാംസ്കാരിക സംഘടനകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്തി വരുന്നുണ്ട്.രക്ഷിതാക്കൾ പാരന്റൽ കൺട്രോൾ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിലൂടെ കുട്ടികൾ പ്രസ്തുത സൈറ്റുകൾ സന്ദർശിക്കുന്നത് തടയാൻ സാധിക്കുന്നതാണ്.<br><br>ഇന്റർനെറ്റ് കഫെകളിൽ കുട്ടികൾ നെറ്റ് ഉപയോഗിക്കുന്നത് സുതാര്യമായ രീതിയിൽ ആക്കുന്നതിനും അവരുടെ വിവരങ്ങൾ അറിയിക്കുന്നതിലേക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനും നടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിച്ചിട്ടുള്ളതാണെന്നും കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് അപകടകരമായ ഓൺലൈൻ ഗെയിമുകളുടെ ദോഷവശങ്ങളെക്കുറിച്ച് കുട്ടികൾക്കിടയിൽ സമഗ്രമായ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുള്ളതാണെന്നും ഡി.ജി.പി. റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>**(14.05.2019-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **22** | **39** | ഇന്റർനെറ്റ് ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് കുട്ടികൾക്കും മാതാപിതാക്കൾക്കും ഉൾപ്പെടെയുള്ള പൊതുജനത്തെ ബോധവൽക്കരിക്കുന്നതിനായി റേഡിയോ, ടെലിവിഷൻ, പത്രമാധ്യമങ്ങൾ വഴിയും സർക്കാർ സൈറ്റുകളിലൂടെയും പ്രചരണം നടത്തണമെന്നും ഇത്തരത്തിലുള്ള പ്രചരണങ്ങളിൽ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം വ്യക്തി സ്വാതന്ത്ര്യത്തിന്റെ പരിധി കടക്കുന്നത് ശിക്ഷാ നടപടികളെ ക്ഷണിച്ചു വരുത്തുമെന്നും സമിതി നിർദ്ദേശിക്കുന്നു.<br><br>**<u>സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ KSIT മിഷൻ ഡയറക്ടറുടെ നിർദ്ദേശം</u>**<br>9.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, സാമൂഹിക ക്ഷേമം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ (കുടുബശ്രീ പോലുള്ളവ) അംഗനവാടികൾ, അക്ഷയ കേന്ദ്രങ്ങൾ, അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ മുതലായവ മുഖേന ബോധവല്ക്കരണം നടത്തുന്നതിനുള്ള | **<u>തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്</u>**<br><br>**(28.08.2019-ലെ ഐ.എ 1/375 /2018/ തസ്വഭവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>ബാലസഭാ പ്രവർത്തനങ്ങളിൽ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ എല്ലാ വർഷവും ഉൾക്കൊള്ളിച്ചു വരുന്നു . മൊബൈൽ ഫോൺ, ഇന്റർനെറ്റ് എന്നിവയുടെ ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾക്ക് പുറമെ കുട്ടികൾക്ക് ഏർപ്പെടുവാൻ സാധിക്കുന്ന സംഘാത്മക പ്രവർത്തനങ്ങൾ നൽകുക വഴി പ്രായോഗിക ബദൽ പ്രവർത്തനങ്ങളും നൽകി വരുന്നു.<br><br>**(09.10.2019-ലെ സമിതിയോഗത്തിൽ അംഗീകരിച്ചു.)**<br><br>**<u>വിവരസാങ്കേതിക വിദ്യാ (സി) വകുപ്പ്</u>**<br><br>**( 19.01.2016-ലെ 1502/സി2/2014/വിസവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>7.ഉപയോക്താക്കളുടെ വയസ്സിനനുയോജ്യമായ ഉള്ളടക്കം സൃഷ്ടിക്കുന്നതിന് മുൻകൈയെടുക്കുക. ഉള്ളടക്ക വികസനത്തിനായി സ്വകാര്യ പങ്കാളിത്തം |

| | | | |
|---|---|---|---|
| | | നടപടി സ്വീകരിക്കുക. | പ്രോത്സാഹിപ്പിക്കുക. ഇതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കി അവ നടപ്പിലാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ കേരള സ്റ്റേറ്റ് ഐ.ടി മിഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>8.കുട്ടികൾ ഇന്റർനെറ്റ് ഉപയോഗിക്കുമ്പോൾ ചെയ്യേണ്ടതും ചെയ്യാൻ പാടില്ലാത്തതുമായ കാര്യങ്ങൾ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ ഉണ്ടാക്കി ആയവ പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>9.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂളുകൾ, സാമൂഹിക ക്ഷേമം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായ (കുടുംബശ്രീ പോലുള്ളവ) അംഗനവാടികൾ, അക്ഷയ കേന്ദ്രങ്ങൾ, അദ്ധ്യാപക രക്ഷാകർത്തൃ സംഘടനകൾ മുതലായവ മുഖേന ബോധവല്കരണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>10.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ മാതാപിതാക്കൾ , അദ്ധ്യാപകർ, എന്നിവർക്കായി സൈബർ ലോകം സംബന്ധിച്ച് പ്രശ്നങ്ങളെയും അതിന്റെ പരിഹാരങ്ങളെയും സംബന്ധിച്ച് ബോധവല്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>**(09.03.2016-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |
| | | **<u>09.03.2016-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം</u>**<br>ശിപാർശകൾ അന്തിമമായി | **<u>വിവരസാങ്കേതിക വിദ്യാ (സി) വകുപ്പ്</u>**<br>**(18.05.2018 ലെ ഐ.ടി.സി2/259/2018/വിസവ നമ്പർ** |

| | | | |
|---|---|---|---|
| | | നടപ്പാക്കിയിട്ടില്ല എന്ന് സമിതി വിലയിരുത്തുകയും ശിപാർശ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ലഭ്യമാക്കുവാൻ അതത് വകുപ്പുകളോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു. | **കത്ത് മുഖേന ലഭിച്ചത്.)**<br>ഇന്റർനെറ്റ്, സോഷ്യൽ മീഡിയ എന്നിവയുടെ സുരക്ഷിതമായ ഉപയോഗം സംബന്ധിച്ച് കുട്ടികളും മാതാപിതാക്കളും ഉൾപ്പെടെയുള്ള പൊതുജനത്തെ ബോധവല്ക്കരിക്കുന്നതിനായി ഒരു ഓൺലൈൻ സൈബർ സെക്യൂരിറ്റി കോഴ്സ് ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.<br><br>**(30.10.2018-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| 23 | 40 | പരസ്യങ്ങൾ കുട്ടികളെ സ്വാധീനിക്കുന്ന മറ്റൊരു ഘടകമാണ്. പല പരസ്യങ്ങളും കുട്ടികളിൽ മിഥ്യാധാരണ വളർത്തുന്നതായി സമിതി വിലയിരുത്തുന്നു. പരസ്യ പ്രസിദ്ധീകരണത്തിന്റെ അനുവദനീയത സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്നും അവ ലംഘിക്കുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>**ആഭ്യന്തര (ജി) വകുപ്പ്**</u><br>**(11.08.2023-ലെ ജി3/1148/2019/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>നവമാധ്യമങ്ങൾ കുട്ടികളുടെ ജീവിതത്തിൽ വരുത്തിയ മാറ്റം ഇന്നത്തെ സമൂഹം നേരിട്ടു കൊണ്ടിരിക്കുന്ന വലിയ വിപത്തുകളിൽ ഒന്നാണ്. യാഥാർഥ്യം എന്ത്, ഭാവന എന്ത് എന്ന് തിരിച്ചറിയാൻ പറ്റാത്ത പ്രായത്തിൽ കൺമുൻപിൽ കാണുന്നതെന്തും കുട്ടികൾക്ക് യാഥാർഥ്യമായി തോന്നും. ഈ അവസ്ഥയെ ചൂഷണം ചെയ്യുകയാണ് നവമാധ്യമങ്ങളിലൂടെയുള്ള ചില പരസ്യങ്ങൾ. ജനമൈത്രി പോലീസിങ്ങിലൂടെയും സ്റ്റുഡന്റ് പോലീസ് പദ്ധതിയിലൂടെയും കുട്ടികളിൽ ബോധവത്ക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തി ദൃശ്യ മാധ്യമങ്ങളുടെ ഉപയോഗം കുറച്ച് കൊണ്ട് വരികയും പരസ്യങ്ങളുടെ ദോഷവശങ്ങൾ കണ്ടെത്തി കുട്ടികളെ ബോധ്യപ്പെടുത്തുകയും ചെയ്തുവരുന്നുണ്ട്. പരസ്യങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് അനുമതി നൽകുന്ന അധികാരികൾ ആയതിനുള്ള മാനദണ്ഡങ്ങൾ കൃത്യമായും കർശനമായും പാലിച്ചുകൊണ്ട് വേണം അനുമതി നൽകേണ്ടത് എന്നും ഇത്തരം |

| | | | |
|---|---|---|---|
| | | | പരസ്യങ്ങൾ കുട്ടികളെ സ്വാധീനിക്കുന്ന പരസ്യങ്ങൾ ആണോ എന്ന് കണ്ടെത്തുന്നതിനും ആയതിന്മേൽ നടപടി സ്വീകരിക്കുവാനും ശിപാർശ ചെയ്യുന്നതിന് ഇന്ത്യയിൽ പരസ്യങ്ങൾ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള സ്വതന്ത്ര ഏജൻസിയായ Advertising Standards Council of India (ASCI) ക്ക് നിർദ്ദേശം നൽകുന്നതിനും വിവര പൊതുജന സമ്പർക്ക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>**(18.12.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| | | | **വിവരപൊതുജന സമ്പർക്ക (ഇ) വകുപ്പ്**<br>**(16.07.2016-ലെ 7354/ഇ 3/2014/ ഐ&പി.ആർ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>സംസ്ഥാനതല മോണിറ്ററിംഗ് സമിതിയുടെ അടുത്ത യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതാണ്.<br>**(07.09.2016-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **24** | **41** | 'യംഗ് പേഴ്സൺസ് (ഹാംഫുൾ പബ്ലിക്കേഷൻസ്) ആക്ട്, 1956' നിലവിലുണ്ടെങ്കിലും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പ്രസിദ്ധീകരണങ്ങൾ അനുദിനം വർദ്ധിച്ചുവരുന്നതായാണ് സമിതി മനസ്സിലാക്കുന്നത്. 20 വയസ്സിന് താഴെയുള്ളവരെ വഴിതെറ്റിക്കുന്ന തരത്തിലുള്ള എല്ലാ പ്രസിദ്ധീകരണങ്ങളും തടയുന്നതിനും കണ്ടെത്തി നശിപ്പിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് ഇത്തരം പ്രസിദ്ധീകരണങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം ഇതിനായി | **ആഭ്യന്തര(എം) വകുപ്പ്**<br>**(04.02.2019-ലെ 20379/എം2/2017/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത് )**<br>കുട്ടികളുടെ സ്വഭാവരൂപീകരണത്തിന് ഹാനികരമായ പ്രസിദ്ധീകരണങ്ങൾ നിയന്ത്രിക്കുന്നതിനും ആയതിന്റെ ലഭ്യത ഇല്ലാതാക്കുന്നതിനും നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. യംഗ് പെഴ്സൺസ് (ഹാംഫുൾ പബ്ലിക്കേഷൻസ്) ആക്ട് 1956-ലെ വകുപ്പുകൾ പ്രകാരം ഹാനികരമായ പ്രസിദ്ധീകരണങ്ങൾ കണ്ടെത്തുന്നതിന് പരിശോധനകൾ നടത്തി കേസുകൾ |

| | | | |
|---|---|---|---|
| | | കൂടുതൽ കർശന നടപടികൾ സ്വീകരിക്കുന്നതിലേക്ക് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | രജിസ്റ്റർ ചെയ്തിട്ടുള്ളതും, പിടിച്ചെടുത്ത പ്രസിദ്ധീകരണങ്ങൾ കോടതിയിൽ സമർപ്പിച്ച് നശിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഓൺലൈൻ മാദ്ധ്യമങ്ങളിൽ കൂടിയുള്ള പ്രസിദ്ധീകരണങ്ങൾ സൈബർ സെല്ലിന്റെ സഹായത്തോടെ നിരീക്ഷിച്ചുവരുന്നതും, ഇത്തരം പ്രസിദ്ധീകരണങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് കർശന നടപടി സ്വീകരിച്ചുവരുന്നതുമാണ്.<br><br>കേരള പോലീസിന്റെ ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളും റസിഡൻസ് അസോസിയേഷനുകളും കേന്ദ്രീകരിച്ച് മറ്റ് സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള കുറ്റകൃത്യങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരുന്ന വേളയിൽ ഇക്കാര്യത്തെക്കുറിച്ചും അവബോധം ഉണ്ടാക്കാൻ ശ്രമിച്ചുവരുന്നു. കൂടാതെ സ്റ്റുഡന്റ് പോലീസ് സംവിധാനം ഉപയോഗിച്ചും എൻ.എസ്.എസ് പോലെയുള്ള വോളണ്ടിയർ സംഘടനകളിലൂടെയും ഇത്തരം കാര്യങ്ങൾ കണ്ടെത്തുന്നതിനും ആയത് സംബന്ധിച്ച വിവരം ലഭിക്കുന്ന മുറയ്ക്ക് പോലീസിനെ അറിയിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്കൂളുകളിലും കോളേജുകളിലും സ്ഥാപിച്ചിട്ടുണ്ട് മാത്രമല്ല, ഈ നിയമത്തെക്കുറിച്ച് പൊതുജനങ്ങളുടെ ഇടയിൽ വ്യാപകമായ അവബോധം ഇല്ലാത്തതിനാൽ ഈ നിയമത്തെക്കുറിച്ചും ഇതിന്റെ ഗൗരവത്തെക്കുറിച്ചും ബോധവൽക്കരണം നൽകുന്നതിനായി പൊതുജനങ്ങളുടെ സഹായത്തോടെ ഇത്തരം പ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുന്ന ആൾക്കാരെയും സ്ഥാപനങ്ങളെയും കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | **(14.05.2019-ലെ സമിതിയോഗത്തിൽ അംഗീകരിച്ചു.)** |
| **25** | **43** | മൊബൈൽ ഫോൺ ദുരുപയോഗം ചെയ്യുന്നതു മൂലമുള്ള ഭവിഷ്യത്തുകളെക്കുറിച്ച് കുട്ടികളെ ബോധവത്ക്കരിക്കുന്നതിന് ആവശ്യമായ പ്രചാരണം ദൃശ്യ-ശ്രാവ്യ പത്ര മാധ്യമങ്ങളിലൂടെ നിരന്തരമായി നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>വിവരപൊതുജന സമ്പർക്ക (ഡി) വകുപ്പ്</u>**<br><br>**(07.09.2020-ലെ ഡി3/50/2020/ഐ & പി.ആർ.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>ശിപാർശയിൽ പരാമർശിച്ചിട്ടുള്ള ബോധവത്കരണ പരസ്യം ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ ഡിജിറ്റൽ, ഇന്റർനെറ്റ് ഉപയോഗത്തിൽ പാലിക്കേണ്ട മര്യാദകൾ, സുരക്ഷാ മുൻകരുതലുകൾ സംബന്ധിച്ച് വിപുലമായ ഒരു ക്യാമ്പയിൻ സമൂഹ മാധ്യമങ്ങളിലൂടെ ആസൂത്രണം ചെയ്തു വരികയാണ് . കുട്ടികൾ, സ്ത്രീകൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ തുടങ്ങിയവർ മൊബൈൽ ഫോണും, ഇന്റർനെറ്റും കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ , സാമൂഹിക മാധ്യമങ്ങളിൽ ഇടപെടുമ്പോൾ പാലിക്കേണ്ട മര്യാദകൾ, സ്വീകരിക്കേണ്ട സുരക്ഷാ മുൻ കരുതലുകൾ, കുട്ടികൾ ഇരയാവുന്ന സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവത്കരണം എന്നിവയ്ക്ക് ക്യാമ്പയിൻ ഊന്നൽ നൽകുന്നതാണ് . ഈ വിഷയങ്ങളിൽ വീഡിയോകൾ , ഇൻഫോഗ്രാഫിക്സ്, പോസ്റ്ററുകൾ തുടങ്ങിയ പ്രചാരണ സാമഗ്രികൾ തയ്യാറാക്കി പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.<br>**(12.11.2020-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. തെളിവെടുപ്പിന് തീരുമാനിച്ചു.)**<br><br>**<u>വിവരപൊതുജന സമ്പർക്ക(ഡി)</u>** |

| | | | |
|---|---|---|---|
| | | | **<u>വകുപ്പ്</u>** **(21.09.2023- ലെ ഡി3/50/2020-I&PRD നമ്പർ കത്ത് മുഖേന ലഭിച്ചത്.)** ഡിജിറ്റൽ അവബോധം നൽകാനുള്ള ക്യാമ്പയിനുകൾ ടി കാലയളവിൽ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ സോഷ്യൽ മീഡിയ പേജുകൾ വഴി നടത്തിയിട്ടുണ്ട്. ഡിജിറ്റൽ ഇന്റർനെറ്റ് ഉപയോഗത്തിൽ പാലിക്കേണ്ട മര്യാദകൾ, സുരക്ഷാ മുൻകരുതലുകൾ എന്നിവ സംബന്ധിച്ച് വിപുലമായ പ്രചാരണങ്ങൾ ഇലക്ട്രോണിക് മീഡിയ മുഖേന നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി 'സത്യമേവ ജയതേ' എന്ന ക്യാമ്പയിനും ഡിജിറ്റൽ അവബോധം നൽകാനുദ്ദേശിച്ച് നടത്തിയിരുന്നു. ഇതിനുപുറമേ, കുട്ടികൾ, സ്ത്രീകൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, തുടങ്ങിയവർ മൊബൈൽ ഫോണും ഇന്റർനെറ്റും കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സാമൂഹിക മാധ്യമങ്ങളിൽ ഇടപെടുമ്പോൾ പാലിക്കേണ്ട ചിട്ടകൾ , സൈബർ സുരക്ഷ, ഡിജിറ്റൽ സുരക്ഷ , സ്വീകരിക്കേണ്ട മുൻകരുതലുകൾ , എന്നിവക്ക് ഊന്നൽ നൽകുന്ന പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി നിലവിൽ 'സ്റ്റേ സേഫ് ഓൺലൈൻ' എന്ന ക്യാമ്പയിൻ മുഖേന അവബോധം തുടർന്നു വരുന്നുണ്ട്. **(18.12.2023-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **26** | **44** | രാഷ്ട്രത്തിന്റെ സമ്പത്തായ കുട്ടികൾ ഉത്തമപൗരന്മാരായി വളരാൻ ഉതകുന്ന വിധം സ്കൂൾ സിലബസിൽ മഹാന്മാരുടെ ജീവിത സംബന്ധിയായ ഉൾക്കാഴ്ചകളും അഭിപ്രായങ്ങളുമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തണമെന്നും അങ്ങനെ അവർക്ക് ശരിയായ ജീവിതാവബോധവും സമൂഹത്തോട് ഉത്തരവാദിത്വവും ഉണ്ടാകുംവിധം സിലബസ് പുനഃസംവിധാനം ചെയ്യണമെന്നും സമിതി | **<u>പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്</u>** **(18.02.2015-ലെ 47180/ഡി3/2014/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** കേരള സ്കൂൾ കരിക്കുലം 2013 അനുസരിച്ച് 1, 3, 5, 7, 11 ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും |

| | | | |
|---|---|---|---|
| | | ശിപാർശ ചെയ്യുന്നു. | തയ്യാറാക്കി 2014 അക്കാദമിക വർഷം നടപ്പിലാക്കി. 2, 4, 6, 8 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ ഇപ്പോൾ തയ്യാറാക്കി വരികയാണ്. രാഷ്ട്രത്തിന്റെ സമ്പത്തായ കുട്ടികൾ ഉത്തമ പൗരന്മാരായി വളരാൻ ഉതകുന്ന വിധം സ്കൂൾ സിലബസിൽ മഹാന്മാരുടെ ജീവിത സംബന്ധിയായ ഉൾക്കാഴ്ചകളും അഭിപ്രായങ്ങളുമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സാമൂഹ്യ പരിഷ്കർത്താക്കളുടെയും സ്വാതന്ത്ര്യ സമര സേനാനികളുടെയും ജീവചരിത്രവും അവരുടെ സംഭാവനയും സാമൂഹ്യശാസ്ത്രം, ഭാഷകൾ എന്നീ പുസ്തകങ്ങളിൽ വിവിധ ക്ലാസ്സുകളിലായി പ്രതിപാദിച്ചിട്ടുണ്ട്.<br><br>**<u>പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്</u>**<br><br>**<u>30.07.2015-ലെ 23619/ഡി3/2014/പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്</u>**<br><br>മഹാന്മാരുടെ ദേശസ്നേഹവും കാഴ്ചപ്പാടുകളും സന്ദേശങ്ങളും പ്രതിഫലിക്കുന്ന ജീവചരിത്രങ്ങൾ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>**(16.09.2015-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **27** | **45** | കുട്ടികൾ പ്രതികളാവുന്ന കേസ്സുകളുടെ എണ്ണം വർദ്ധിച്ചു വരുന്നത് അവർക്കിടയിൽ അക്രമ വാസന കൂടുന്നു എന്നതിന് തെളിവാണ്. ജുവനൈൽ ജസ്റ്റിസ് ആക്ടനുസരിച്ച് സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലും ജില്ലാടിസ്ഥാനത്തിലും നിലവിലുള്ള സംവിധാനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നല്കി കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>ആഭ്യന്തര (ജി) വകുപ്പ്</u>**<br><br>**(28.06.2021-ലെ ജി3/1148/2019/ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>സംസ്ഥാനത്ത് കുട്ടികൾ പ്രതികളാകുന്ന കേസുകളുടെ എണ്ണം വർദ്ധിച്ചു വരുന്നത് അവർക്കിടയിലെ അക്രമവാസന കൂടുന്നു എന്നതിന് തെളിവാണെന്ന കണ്ടെത്തലിനെ തുടർന്ന് ആ വിഷയം കൈകാര്യം ചെയ്യുന്നതിനും കുട്ടികൾക്കിടയിലെ അക്രമവാസന ഇല്ലാതാക്കുന്നതിനും |

| | | | |
|---|---|---|---|
| | | | വേണ്ടുന്ന കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചു വരുന്നതാണ്. പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഈ മേഖലയിലെ എല്ലാ ജില്ലകളിലും, സബ് ഡിവിഷൻ മേധാവിമാരെയും, എസ്.എച്ച്.ഒ.മാരെയും വനിതാ സൈബർ സെൽ പോലീസ് ഇൻസ് പെക്ടർമാരെയും ഉൾ പ്പെടുത്തിക്കൊണ്ട് സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടർ റാങ്കിൽ കുറയാത്ത ഒരു പോലീസ് ഉദ്യോഗസ്ഥനെ ചൈൽഡ് വെൽ ഫെയർ ഓഫീസറായും, ഒരു വനിതാ പോലീസ് ഉദ്യോഗസ്ഥയെ അസിസ്റ്റന്റ് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറായും നിയോഗിച്ചു കൊണ്ട് കുട്ടികളുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അവർക്ക് പോലീസ് അക്കാഡമിയിലും, ജില്ലാതലത്തിലും മതിയായ പരിശീലനം നൽ കിയിട്ടുള്ളതാണ്. കൂടാതെ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും, ജില്ലാ ലീഗൽ സർ വ്വീസസ് അതോറിറ്റിയുടെയും, സഹകരണത്തോടെ എല്ലാ എസ്.എച്ച്.ഒ. മാരെയും, ചൈൽഡ് വെൽഫെയർ ഓഫീസർമാരെയും അസിസ്റ്റന്റ് ചൈൽഡ് വെൽ ഫെയർ ഓഫീസർമാരെയും പങ്കെടുപ്പിച്ചു കൊണ്ട് ഓൺലൈൻ ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട് . കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങളും അക്രമ വാസനകളും പെരുകുന്നത് തടയാൻ ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു. കൂടാതെ, കുട്ടികൾക്കിടയിലെ കുറ്റകൃത്യം തടയുന്നതിനും അത് ശ്രദ്ധയിൽ പ്പെട്ടാൽ ബന്ധപ്പെട്ടവരെ അറിയിക്കുന്നതിനും വേണ്ടി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ട്, സ്കൂൾ പ്രൊട്ടക്ഷൻ യൂണിറ്റ്, ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബ് തുടങ്ങിയ വിവിധ പദ്ധതികൾ നടത്തി വരുന്നുണ്ട് . കുട്ടികൾ പ്രതികളാകുന്ന |

| | | | |
|---|---|---|---|
| | | | കേസ്സുകളിൽ അവരുടെ മാനസികനില വീണ്ടെടുക്കുന്നതിന് കൗൺസിലിംഗ് സേവനം ലഭ്യമാക്കുന്നതിനും, മയക്കമരുന്നിന് അടിമകളാകുന്ന കുട്ടികൾക്ക് എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിമുക്തിക്കും, പുനർ ജീവനത്തിനും വേണ്ട സാഹചര്യം സൃഷ്ടിച്ചു വരുന്നു . ഇന്ത്യൻ ജനസംഖ്യയിൽ നല്ലൊരു ഭാഗം 14 വയസ്സിൽ താഴെയുള്ള കുട്ടികളാണ് . ഈ പ്രായത്തിലുള്ള എല്ലാ കുട്ടികളും എന്തെങ്കിലും പ്രശ്നങ്ങൾ നേരിടുന്നവരാണ്. കുട്ടികളിലെ മാനസിക സംഘർഷങ്ങൾ കുറയ്ക്കുന്നതിനും താഴെപ്പറയുന്നവയുൾപ്പെടെയുള്ള നിരവധി പദ്ധതികൾ പോലീസ് നടപ്പാക്കി വരുന്നു.<br><br>1. കുട്ടികൾക്ക് ശരിയായ ദിശാബോധം നൽകുന്നതിനും, ശിശു സൗഹൃദ പോലീസ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും കുട്ടികൾക്ക് സൗഹൃദപരമായ അന്തരീക്ഷം ഒരുക്കുന്നതിനുമായി ശിശു സൗഹൃദ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചു തുടങ്ങി.<br><br>2. കുട്ടികൾക്ക് പോലീസിനോടുള്ള ഭീതി ഒഴിവാക്കുന്നതിനും, അക്രമവാസന കുറയ്ക്കുന്നതിനും അച്ചടക്കത്തിലധിഷ്ഠിതവും പൗരബോധവും ഉള്ള ഒരു തലമുറയായി വളരുന്നതിന് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി വിപുലീകരിച്ചു.<br><br>3. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ ഉറപ്പാക്കുന്നതിനും , സമാധാനത്തോടും അഭിമാനത്തോടും ജീവിക്കാനുള്ള അന്തരീക്ഷം ഒരുക്കുന്നതിനായി ജനമൈത്രി പോലീസ് ജനകീയമായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. ലഹരിയുടെ ദൂഷ്യ വശങ്ങൾ സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ ബോധവൽ |

| | | | |
|---|---|---|---|
| | | | കരണം എന്നിവയ്ക്ക് കൂടുതൽ പ്രചാരണം നൽകുന്നതിനായി സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച് ജനമൈത്രി പോലീസ് അവയർനെസ് ടീമിന്റെ ബോധവൽ കരണ നാടകങ്ങളും മറ്റ് ബോധവൽ കരണ പരിപാടികളും അവതരിപ്പിച്ചു വരുന്നുണ്ട്. ഇത് കുട്ടികളിലെ അക്രമവാസന കുറയ്ക്കുന്നതിന് വളരെയധികം പങ്കു വഹിക്കുന്നതായി സ്കൂളിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ തെളിയിക്കുന്നു.<br>4. പൊലീസ് സ്റ്റേഷനുകളിൽ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം ഉറപ്പു വരുത്തുന്നതിനായി വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് കൂടുതൽ പ്രവർത്തന സ്വാതന്ത്ര്യവും അന്വേഷണ ചുമതലയും അനുവദിക്കപ്പെട്ടു.<br>5. കുട്ടികൾ പ്രതികളാകുന്ന കേസ്സുകളിൽ ബഹു . സുപ്രീം കോടതിയുടെ ഉത്തരവ്, ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നിവ പ്രകാരം കുട്ടികൾക്ക് നൽകിയിരിക്കുന്ന പ്രത്യേക അവകാശങ്ങൾ മുൻ നിർത്തി മൊഴിയും, തെളിവെടുപ്പും അറസ്റ്റും ഉൾപ്പെടെയുള്ള മറ്റ് നടപടിക്രമങ്ങളും നടപ്പിലാക്കേണ്ട രീതിയെക്കുറിച്ചും പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.<br>6. കുട്ടികളെ അവരിലൂടെതന്നെ നിരീക്ഷിക്കുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി മോണിറ്ററിംഗ് വിംഗ് രൂപീകരിക്കുകയും അത് ചാർജ്ജ് ഓഫീസർമാർ അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുന്നു.<br>കോവിഡ്-19 മഹാമാരിയുടെ ഈ കാലഘട്ടത്തിൽ മുതിർന്നവരിലുള്ള ആശങ്ക സ്വാഭാവികമായും വീടുകളിലേയ്ക്കും കുട്ടികളിലേയ്ക്കും പകരുന്നു. കോവിഡ് ലോക്ക്ഡൗൺ കാലത്ത് വീടുകളിൽ തനിച്ചായി മാനസിക സംഘർഷം നേരിടുന്ന കുട്ടികളിൽ ആത്മഹത്യാ പ്രവണത |

| | | | |
|---|---|---|---|
| | | | കൂടിവരുന്നെന്ന് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ആയതു തടയുന്നതിന് വേണ്ടിയും സുരക്ഷിതത്വവും ആനന്ദകരവുമായി ഒരു കുട്ടിക്കാലം തിരിച്ചു പിടിക്കുക എന്ന ലക്ഷ്യത്തോടെയും 'ചിരി' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരള പോലീസിന്റെ വിവിധ പദ്ധതികളുടെ സ്റ്റേറ്റ് റിസോഴ്സ് സെന്റർ ആയ തിരുവനന്തപുരത്തെ ചിൽഡ്രൻസ് & പോലീസ് (CAP) അഥവാ സി.എ.പി.ഹൗസ് പദ്ധതി മോണിട്ടർ ചെയ്യുന്നു. ശ്രദ്ധയും പരിചരണവും വേണ്ടുന്ന കുട്ടികളെ തിരിച്ചറിയുന്നതോടൊപ്പം മാനസികമായ ദുർബലത നേരിടുന്ന കുട്ടികൾക്ക് നിലവിലുള്ള സംവിധാനം അനുസരിച്ച് മതിയായ സംരക്ഷണം ലഭ്യമാക്കുന്നതിനായി 4 ഘട്ടങ്ങളിലായി പ്രോസസ് ചെയ്താണ് ഈ പദ്ധതി വഴി കുട്ടികൾക്ക് ആവശ്യമുള്ള സഹായം നൽകുന്നത്.<br>സി.എ.പി. ഹൗസിൽ പ്രവർത്തിച്ചുവരുന്ന കാൾ സെന്റർ ഹെൽപ് ലൈൻ നമ്പറായ **9497900200**–ലേയ്ക്ക് വരുന്ന എല്ലാ കോളുകളും സ്വീകരിക്കുന്നത് പ്രത്യേകം പരിശീലനം ലഭിച്ച പോലീസ് ഉദ്യോഗസ്ഥരാണ്. കോൾ ലഭിച്ചാൽ അതാത് ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന ഒരു സൈക്കോളജിസ്റ്റിനു ഫോൺ കൈമാറും . ഓരോ ജില്ലയിലും 3 സൈക്കോളജിസ്റ്റുകൾ വീതം അടങ്ങിയ ഒരു പ്രത്യേക പാനലാണ് സി.എ.പി. ഹൗസിൽ നിന്ന് വരുന്ന വിവരം സ്വീകരിക്കുക. വിവരം ലഭിക്കുന്ന സൈക്കോളജിസ്റ്റ് അപ്പോൾ തന്നെ കുട്ടിയെ അല്ലെങ്കിൽ ബന്ധപ്പെട്ടവരെ തിരികെ ഫോണിൽ വിളിച്ച് വിവരം |

| | | | |
|---|---|---|---|
| | | | തിരക്കി വേണ്ട നിർദ്ദേശം നൽകുന്നു. ഇതു കൂടാതെ ആവശ്യമെങ്കിൽ വീണ്ടും കുട്ടികളുമായി ബന്ധപ്പെടാൻ സൈക്കോളജിസ്റ്റിനു കഴിയും . ഇവരുടെ സേവനം എല്ലാ സമയത്തും ലഭിക്കുന്ന വിധമാണ് പാനൽ തയ്യാറാക്കിയിരിക്കുന്നത്.<br>ഇതിനെല്ലാം പുറമേ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുട്ടികളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ മാർ, കോവിഡ് കാലത്ത് ഓൺ ലൈൻ പഠനസൗകര്യം ഇല്ലാത്ത കുട്ടികൾക്ക് സഹായത്തിനായി<br>wc-c2<br>ഇ-വിദ്യാരംഭം പദ്ധതിയുമായി ജനമൈത്രി ബീറ്റ് ഓഫീസർമാർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ് ലൈനുകൾ (പ്രശാന്തി പോലുള്ളവ) എന്നിങ്ങനെ കുട്ടികളുടെ സഹായത്തിനായി വിവിധങ്ങളായ സേവനങ്ങൾ വളരെ കാര്യക്ഷമമായി തന്നെ നടപ്പിലാക്കുന്നതിനായി സംസ്ഥാന പോലീസ് വകുപ്പ് ജാഗ്രത പുലർ ത്തുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ കുട്ടികൾക്ക് അവർക്ക് കണ്ടു വളരാൻ റോൾ മോഡലുകളുടെ കുറവ് കണക്കിലെടുത്ത് മൂല്യാധിഷ്ഠിത പഠനവും പോലീസിന്റെ സാമൂഹ്യ പദ്ധതികളിൽ കുട്ടികൾക്കായി ചേർ ത്തിട്ടുണ്ട്.<br>**(19.11.2021-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **28** | **46** | കൗമാരക്കാരായ പെൺകുട്ടികളുടെ ഉന്നമനത്തിനായി കേന്ദ്ര/സംസ്ഥാന സർക്കാരുകൾ സബ്‌ല പോലുള്ള പല പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. കൗമാരക്കാരായ ആൺകുട്ടികൾക്കും പ്രത്യേക പദ്ധതികൾ നടപ്പിലാക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തിയ | <u>വനിതാശിശുവികസന (പി.എസ്) വകുപ്പ്</u><br>**(19.04.2022 ലെ ഡബ്ല്യു .സി.പി.എസ്.1/117/2022 ഡബ്ല്യുസിഡി നമ്പർ കത്ത് മുഖേന ലഭിച്ചത്. )**<br>സ്കൂൾ വിദ്യാഭ്യാസം ചെയ്യാത്ത 11-14 |

| | | | |
|---|---|---|---|
| | | സമിതി കൗമാരക്കാരായ ആൺ കുട്ടികളുടെ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്താനും പെൺകുട്ടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള വിവിധ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാനും സത്വര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | വയസ്സുവരെയുള്ള പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോൽസാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുള്ള കേന്ദ്ര സർക്കാർ പദ്ധതിയാണ് സാഗ്. അങ്കണവാടി തലത്തിൽ രൂപീകരിച്ചിട്ടുള്ള കുമാരി ക്ലബ്ബ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.അനുപൂരക പോഷകാഹാരത്തിനു പുറമെ ആരോഗ്യ പോഷണ വിദ്യാഭ്യാസം, ജീവിത നൈപുണ്യ വിദ്യാഭ്യാസം എന്നിവയും ഗുണഭോക്താക്കൾക്ക് നല്കുന്നു. പെൺ കുട്ടികൾക്ക് ഔപചാരിക വിദ്യാഭ്യാസം തുടരുന്നതിന് പ്രോൽസാഹിപ്പിക്കുകയും അത് സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ അനൗപചാരിക വിദ്യാഭ്യാസം നല്കുകയും ചെയ്യുന്നു. സ്കൂളിൽ പോകാത്ത 11-14 വയസ്സുവരെ പ്രായമുള്ള എല്ലാ പെൺകുട്ടികൾക്കും പദ്ധതിയുടെ ഗുണഭോക്താക്കളാവാനുള്ള അർഹതയുണ്ട്.<br>കൗമാരപ്രായക്കാരായ കുട്ടികളുടെ സാമൂഹിക മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നല്കിക്കൊണ്ട് 2008-2009 മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി.<br>സംസ്ഥാനത്തെ ഹൈസ്കൂൾ ഹയർ സെക്കന്ററി വരെയുള്ള ക്ലാസുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കൗൺസിലിംഗ് സേവനം നല്കുന്നതിനായി നിശ്ചിത യോഗ്യതയുള്ള കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1012 സ്കൂളുകളിൽ സൈക്കോസോഷ്യൽ സർവ്വീസ് പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>ഇതിനായി 1012 എണ്ണം സ്കൂൾ കൗൺസിലർമാരെയും കരാറടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് നല്കുന്നതു കൂടാതെ ശനിയാഴ്ച്ച ദിവസങ്ങളിൽ അങ്കണവാടികൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കുമാരി ക്ലബ്ബുകളിലെ കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗ് |

| | | | |
|---|---|---|---|
| | | **02.08.2022-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം**<br>'സബ്‌ല' പദ്ധതിയിൽ നിലവിൽ ഗുണഭോക്താക്കളുണ്ടോയെന്നും ഉണ്ടെങ്കിൽ ജില്ലതിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാനും വനിതശിശുവികസന വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു. | സേവനങ്ങൾ നല്കി വരുന്നു.<br><br>**(02.08.2022 ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധിക വിവരം ആവശ്യപ്പെട്ടു.)**<br><br>**വനിതാശിശുവികസന (പി.എസ്) വകുപ്പ്**<br>**(11.03.2025-ലെ ഡബ്ല്യു .സി-പി.എസ്1 /117/ 2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>SABALA (സബല) പദ്ധതി ഇപ്പോൾ നിലവിലില്ലാത്തതാണ്. പ്രസ്തുത പദ്ധതി നിലവിൽ സ്കീം ഫോർ അഡോളസെന്റ് ഗേൾസ് എന്ന പേരിൽ നടപ്പാക്കുന്നു . കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന സ്കീം ഫോർ അഡോളസെന്റ് ഗേൾസ് പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ പരിഷ്കരിക്കുകയും പദ്ധതി നിലവിൽ ആസ്പിരേഷൻ ജില്ലയായ വയനാട്ടുള്ള 14-18 വയസ്സ് വരെയുള്ള കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ഉന്നമനത്തിനായി മാത്രം നടപ്പാക്കി വരുന്നു. പദ്ധതി വയനാട് ജില്ലയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൗമാരപ്രായക്കാരായ കുട്ടികളുടെ വിവിധതരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവർക്ക് ജീവിതത്തിൽ ലക്ഷ്യബോധമുണ്ടാക്കുന്നതിനും അവർ നേരിടുന്ന മാനസിക - ശാരീരിക-വൈകാരിക വെല്ലുവിളികൾ മറികടക്കുന്നതിനും അവരെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി വനിതാശിശുവികസന വകുപ്പ് ഓരോ അങ്കണവാടികൾ കേന്ദ്രീകരിച്ചു കുമാരി ക്ലബുകൾ ആരംഭിക്കുകയുണ്ടായി. എന്നാൽ കോവിഡ് ഉൾപ്പെടെയുള്ള വിവിധ കാരണങ്ങളാൽ സംസ്ഥാനത്തെ അങ്കണവാടികൾ പ്രവർ |

| | | | |
|---|---|---|---|
| | | | ത്തനരഹിതമായ സാഹചര്യത്തിൽ, സംസ്ഥാനത്തെ മുഴുവൻ കുമാരി ക്ലബുകളും പുനരുജ്ജീവിപ്പിച്ച് "വർണ്ണക്കൂട്ട് " എന്ന് പുനർനാമകരണം ചെയ്തു പ്രവർത്തനക്ഷമമാക്കുകയും ആൺകുട്ടികളെയും പെൺകുട്ടികളെയും പങ്കെടുപ്പിച്ചു കൊണ്ട് വിവിധ കലാ-കായിക-ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു.<br>അതിലൂടെ സംസ്ഥാനത്തെ കൗമാരപ്രായക്കാരായ കുട്ടികളുടെ ശാക്തീകരണവും മാനസികവുമായ ഉന്നമനവും വകുപ്പ് ലക്ഷ്യമിടുന്നു. അതിലേയ്ക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്.<br>സംസ്ഥാനത്തെ 33115 അങ്കണവാടികളിലെ വർണ്ണക്കൂട്ടുകൾ പ്രവർത്തനക്ഷമമാക്കുന്നതിനായി ഓരോ അങ്കണവാടിയും 1000/- രൂപയുടെ സ്പോർട്സ് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ വർണ്ണക്കൂട്ടിലെ കുട്ടികൾക്ക് പ്രയോജനപ്രദമാകുന്നതും കാലിക പ്രാധാന്യമുള്ളതുമായ വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത് ബോധവത്കരണ ക്ലാസുകൾ നൽകിയിട്ടുണ്ട്. 2022-23 വർഷവും വർണ്ണക്കൂട്ടിലെ അംഗങ്ങൾക്ക് സർക്കാർ അനുമതിയോടുകൂടി നാല് ത്രൈമാസങ്ങളിലായി വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ നൽകുകയും അതുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നുണ്ട്.<br>ഇവ കൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കൗമാരക്കാർക്ക് പഠനാവശ്യത്തിന് ഉപയോഗപ്രദമാക്കുന്നതിലേയ്ക്ക് സംസ്ഥാനത്ത് സെക്ടർ തലത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് ബി.എസ്.എൻ.എൽ., തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവയുമായി സഹകരിച്ചു വൈഫൈ കണക്ഷൻ അനുവദിച്ചിട്ടുമുണ്ട്. |

| | | | |
|---|---|---|---|
| | | | **(28.11.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **29** | **47** | അനാഥരായ കുട്ടികളെ സംരക്ഷിക്കാൻ നിലവിലുള്ള ശിശുക്ഷേമ സമിതികളുടെ പ്രവർത്തനം പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ശിശുക്ഷേമ സമിതി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ രൂപീകരണപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**<u>14.12.2017-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധിക വിവരം</u>**<br>കളമശ്ശേരിയിൽ പ്രവർത്തിച്ചു വരുന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയുടെ പ്രവർത്തനം സംബന്ധിച്ച റിപ്പോർട്ട് സാമൂഹ്യ നീതി വകുപ്പിനോട് ആവശ്യപ്പെട്ടു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017 ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>ഐ.സി.പി.എസിന്റെ ഘടകമായ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി കളമശ്ശേരിയിൽ പ്രവർത്തിച്ചു വരുന്നു.<br><br>**(14.12.2017 ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധിക വിവരം ആവശ്യപ്പെട്ടു.)**<br><br>**<u>വനിതാശിശുവികസന (പി.എസ്) വകുപ്പ്</u>**<br><br>**(19.04.2022-ലെ ഡബ്ല്യു .സി-പി.എസ്1 /117/2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>സംസ്ഥാനത്തെ ദത്തെടുക്കൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനും രാജഗിരിയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി(സാര) 2017 ഡിസംബർ മുതൽ ICPS ന്റെ ഘടകമായി പ്രവർത്തിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് ദത്തെടുക്കൽ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനും സെൻട്രൽ അഡോപ്ഷൻ റിസോഴ്സ് അതോറിറ്റി പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസിയാണ് സംസ്ഥാനത്ത് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നത്. ദത്തെടുക്കലുമായി ബന്ധപ്പെട്ട് അംഗീകൃത ദത്തെടുക്കൽ സ്ഥാപനങ്ങൾ വിലയിരുത്താനും ലൈസൻസ് പുതുക്കുന്നതിനും ദത്തെടുക്കൽ മേഖലയിൽ പുതിയ തീരുമാനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് വേണ്ട അധികാരം സാര ഗവേണിംഗ് ബോഡിക്ക് ഉണ്ട്. പ്രസ്തുത ഗവേണിംഗ് ബോഡി അദ്ധ്യക്ഷൻ വകുപ്പ് സെക്രട്ടറിയും കൺവീനർ വകുപ്പ് ഡയറക്ടറുമാണ്. രാജഗിരി കോളേജിന്റെ സഹകരണത്തോടുകൂടി സംസ്ഥാനത്ത് ദത്തെടുത്ത കുട്ടികളുടെ അവസ്ഥയെ സംബന്ധിച്ചുള്ള പഠനം നടത്തുകയുണ്ടായി. ദത്തെടുക്കൽ മേഖലയിൽ പ്രോസ്പെക്ടീവ് അഡോപ്റ്റീവ് പാരന്റ്സിന്റെ യോഗ്യത നിർണ്ണയിക്കുന്ന ഹോംസ്റ്റഡി റിപ്പോർട്ട് ജില്ലാ ശിശുസംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിലുള്ള 3 പേരടങ്ങിയ ടീം നടത്തണമെന്നും തീരുമാനിച്ചു. അതോടൊപ്പം തന്നെ 2017-ലെ അഡോപ്ഷൻ റെഗുലേഷൻ പ്രകാരമുള്ള അഡോപ്ഷൻ കമ്മിറ്റി വിപുലീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റിയിലേയ്ക്ക് ചൈൽഡ് വെൽ ഫെയർ കമ്മിറ്റി ചെയർമാൻ ജില്ലാ വനിതാ-ശിശുവികസന ഓഫീസർ, ജില്ലാ ശിശുസംരക്ഷണ ഓഫീസർ, ഗവ.ഡോക്ടർ, സ്ഥാപനത്തിന്റെ പ്രതിനിധികൾ എന്നിവരാണ് ഉൾ പ്പെട്ടിട്ടുള്ളത്. ബാല നീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന അനാഥരും ഉപേക്ഷിക്കപ്പെട്ടവരും ഏല്പിച്ചുകൊടുക്കപ്പെട്ടവരുമായ കുട്ടികളെ SAA CCI ലിങ്കേജ് മുഖാന്തരം ദത്തെടുക്കലിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>**(02.08.2022-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

| | | | |
|---|---|---|---|
| 30 | 48 | കേരളത്തിൽ അനധികൃതമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ അടിയന്തരമായി കണ്ടെത്തി അനധികൃതമായി പാർപ്പിച്ചിരിക്കുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖേന അംഗീകൃത സ്ഥാപനങ്ങളിൽ എത്തിക്കുന്നതിനുവേണ്ട സത്വര നടപടികൾ സ്വീകരിക്കണമെന്നും പ്രസ്തുത നടപടിയുടെ വിശദാംശങ്ങൾ അടിയന്തരമായി സമിതിക്ക് ലഭ്യമാക്കണമെന്നും ശിപാർശ ചെയ്യുന്നു. മാനദണ്ഡങ്ങൾ പാലിച്ച് നടത്തുന്ന സ്ഥാപനങ്ങൾക്ക് ഔദ്യോഗിക അംഗീകാരം നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കണമെന്നും മാനദണ്ഡങ്ങൾ പാലിക്കാത്ത അനധികൃത സ്ഥാപനങ്ങൾക്കെതിരെ കർശന നിയമ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>2015-ലെ ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട് വകുപ്പ് 41 പ്രകാരം കുട്ടികളെ സംരക്ഷിക്കുന്ന എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ നിർബന്ധിതമാക്കിയിരിക്കുന്നു. രജിസ്ട്രേഷൻ ലഭിക്കാത്ത സ്ഥാപനങ്ങൾക്ക് തുടർന്ന് പ്രവർത്തിക്കുവാൻ സാധിക്കയില്ല . എല്ലാ ചൈൽഡ് കെയർ സ്ഥാപനങ്ങൾക്കും ഇത് സംബന്ധിച്ച് അറിയിപ്പ് നല്കിയിട്ടുണ്ട്. സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നല്കുന്നതിന് സാമൂഹ്യനീതി വകുപ്പ് സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു)** |
| 31 | 49 | കാൻസർ രോഗത്തിന് കീമോതെറാപ്പിയും വൃക്കസംബന്ധമായ രോഗത്തിന് ഡയാലിസിസും ചെയ്യുന്ന കുട്ടികൾ , എച്ച്.ഐ.വി ബാധിതരായ കുട്ടികൾ തുടങ്ങി മാരകരോഗം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ നിരവധിയാണ് . അതിനാൽ സ്വകാര്യ /സർക്കാർ മേഖലയിൽ ജോലി ചെയ്യുന്ന ഇത്തരം കുട്ടികളുള്ള അമ്മമാർക്ക് സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സാമ്പത്തിക പരാധീനത അനുഭവിക്കുന്ന കുടുബങ്ങളിലെ തീരാരോഗം ബാധിച്ച കുട്ടികൾക്ക് ചികിത്സയ്ക്കുവേണ്ടി സാമ്പത്തിക സഹായ പദ്ധതി ആവിഷ്കരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>ധനകാര്യറൂൾസ് (ബി) വകുപ്പ്</u>**<br><br>**25.11.2014 ലെ 49591/റൂൾസ് - ബി1/14/ധന. നമ്പർ കത്ത് മുഖേന ലഭിച്ചത്.**<br><br>ഇത്തരത്തിലുള്ള കുട്ടികളുടെ പിതാവിനൊ/മാതാവിനൊ ഒരു കലണ്ടർ വർഷത്തിൽ 15 ദിവസത്തെ പ്രത്യേക ആകസ്മിക അവധി അനുവദിച്ചുകൊണ്ട് 18/08/2014 ലെ സ .ഉ.(പി)341/2014/ ധന. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. **അനുബന്ധം-4**) കൂടാതെ സ്വകാര്യ മേഖലയിൽ ഉള്ള ജീവനക്കാരുടെ കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി തൊഴിൽ വകുപ്പിന് റിപ്പോർട്ടിന്റെ പകർപ്പ് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **(30.12.2014–ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |
| **32** | **50** | കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും പരിപാലിക്കുന്നതിനുമായി രക്ഷിതാക്കളുടെ സൗകര്യാർത്ഥം സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളോടനുബന്ധിച്ച് അവശ്യം വേണ്ട സ്ഥാപനങ്ങളിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br>**<u>02.08.2022–ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം</u>**<br><br>50 ജീവനക്കാരിൽ അധികം ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും കുട്ടികളെ പരിപാലിക്കുന്നതിനായി ക്രഷുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നടപടികളുടെ | **<u>വനിതാശിശുവികസന (പി.എസ്) വകുപ്പ്</u>**<br><br>**(19.04.2022–ലെ ഡബ്ല്യു .സി–പി.എസ്1 /117/ 2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>2017–ലെ മെറ്റേർണിറ്റി ബെനിഫിറ്റ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് 50 ജീവനക്കാരിൽ അധികം ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും കുട്ടികളെ പരിപാലിക്കുന്നതിനായി ക്രഷുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.<br>**(02.08.2022–ലെ സമിതി യോഗത്തിൽ പരിഗണിച്ചു . അധിക വിവരം ആവശ്യപ്പെട്ടു.)**<br><br>**<u>വനിതാശിശുവികസന (പി.എസ്) വകുപ്പ്</u>**<br><br>**(11.03.2025–ലെ ഡബ്ല്യു .സി–പി.എസ്1 /117/ 2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>അങ്കണവാടികുടുംബങ്ങളുടെ |

| | | | |
|---|---|---|---|
| | | നിലവിലെ സ്ഥിതി എന്താണെന്ന് വനിതാശിശുവികസന വകുപ്പിനോട് ആവശ്യപ്പെട്ടു. | കാലമായതു കൊണ്ടു തന്നെ ഉദ്യോഗസ്ഥരായ രക്ഷിതാക്കൾക്ക് കുട്ടികളെ പരിപാലിക്കുന്നതിന് ആവശ്യമായ സമയം കണ്ടെത്തുവാൻ കഴിയുന്നില്ല. അതിനാൽ കുട്ടികളെ കൂടുതൽ ശ്രദ്ധിക്കുന്നതിനും പരിപാലിക്കുന്നതിനുമായി രക്ഷിതാക്കളുടെ സൗകര്യാർത്ഥം സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളോട് അനുബന്ധിച്ച് ആവശ്യം വേണ്ട സ്ഥാപനങ്ങളിൽ ശിശു സംരക്ഷണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശയുടെ അടിസ്ഥാനത്തിൽ 2017-ലെ മെറ്റേണിറ്റി ബെനിഫിറ്റ് ആക്ടിലെ വ്യവസ്ഥയനുസരിച്ച് 50 ജീവനക്കാരിൽ അധികം ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിലും കുട്ടികളെ പരിപാലിക്കുന്നതിനായി ക്രഷുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ തൊഴിൽ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. (25.07.2022-ലെ എസ്.ആർ.ഒ. 741/2022)<br><br>**(28.11.2025-ലെ സമിതി യോഗത്തിൽ അംഗീകരിച്ചു.)** |

## <u>ഭാഗം II</u>

### സമിതിയുടെ ശിപാർശ,സമിതി ആവശ്യപ്പെട്ട അധികവിവരം എന്നിവയിൽ നടപടി റിപ്പോർട്ട് ലഭിക്കാനുള്ളവ സംബന്ധിച്ച വിശദാംശം

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|---|
| 1 | 10 | സംസ്ഥാനത്തെ 14 വയസ്സിനുതാഴെയുള്ള എല്ലാ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഈ വിഷയം സംബന്ധിച്ച് വിപുലമായ ഒരു സർവ്വേ സംസ്ഥാനത്തുടനീളം നടത്തണമെന്നും പ്രസ്തുത സർവ്വെയിലെ കണ്ടെത്തലിനനുസൃതമായി അപ്രകാരമുള്ള എല്ലാ കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>**<br><br>**റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല** |
| 2 | 13 | ബാലവേല, ഭിക്ഷാടനം എന്നിവയിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പ്രത്യേക ഫണ്ട് രൂപീകരിക്കണമെന്നും അവർക്ക് ആവശ്യമായ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നല്കി സ്വയം പര്യാപ്തമാക്കുന്നതിനുള്ള ഒരു പദ്ധതി നടപ്പാക്കണമെന്നും നിലവിലുള്ള ചിൽഡ്രൺസ് ഒബ്സർവേഷൻ ഹോമുകൾ വിപുലീകരിക്കുന്നതിനും അവയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു. | **<u>സാമൂഹ്യനീതി (ഇ) വകുപ്പ്</u>**<br><br>**(31.01.2017-ലെ 1100336/ഇ 1/2016/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്)**<br><br>നിലവിൽ ദുരന്തങ്ങളിൽ പ്പെടുന്ന കുട്ടികളെയും വിഷമസാഹചര്യങ്ങളിൽപ്പെടുന്ന കുട്ടികളെയും സഹായിക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ഫണ്ട് എന്ന പേരിൽ ഒരു ദുരിതാശ്വാസനിധി നിലവിലുണ്ട്. ആയത് ബാലവേല, ഭിക്ഷാടനം, എന്നിവയിൽ നിന്നും മോചിപ്പിക്കപ്പെടുന്ന കുട്ടികളുടെ പുനരധിവാസം കൂടി ഉൾപ്പെടുത്തി ഫണ്ട് വിപുലീകരിക്കാവുന്നതാണ്. ചിൽഡ്രൻസ് ഹോമുകളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നല്കുന്നുണ്ട്. വകുപ്പിന്റെ കീഴിലുള്ള എല്ലാ ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.<br><br>**(14.12.2017-ലെ സമിതി** |

| | | | |
|---|---|---|---|
| | | **<u>14.12.2017-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം</u>**<br><br>ബാലവേല, ഭിക്ഷാടനം എന്നിവയിൽ നിന്നും മോചിതരാകുന്ന കുട്ടികളുടെ പുനരധിവാസം കൂടി ഉൾപ്പെടുത്തി ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി സർക്കാർ അനുവദിക്കുന്ന ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് കുട്ടികളിൽ നിന്നു തന്നെ അഭിപ്രായം ആരായുന്നതിനാവശ്യമായ സംവിധാനം ഏർപ്പെടുത്തണമെന്ന് ശിപാർശ ചെയ്യുന്നതിനും ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ കുട്ടികൾക്കായി സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികളിൽ ഓരോവർഷവും എത്ര പരാതികൾ ലഭിക്കുന്നുണ്ടെന്നും അവയ്ക്ക് മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കുന്ന റിപ്പോർട്ട് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടു. | **യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)**<br>**<u>വനിതാ ശിശുവികസന (പി. എസ്) വകുപ്പ്</u>**<br><br>**(19.04.2022-ലെ ഡബ്ല്യു.സി.പി. എസ്1/117/2022/ഡബ്ല്യു.സി. ഡി നമ്പർ കത്ത് മുഖേന ലഭിച്ചത്. )**<br><br>ബാലവേല, ബാലഭിക്ഷാടനം, തെരുവുബാല്യം വിമുക്ത കേരളം എന്നിവയ്ക്കായി വനിതാ ശിശുവികസന വകുപ്പ് ശരണബാല്യം പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ ശിശുസംരക്ഷണ യൂണിറ്റ് മുഖേന ഒരു ചൈൽഡ് റെസ്ക്യൂ ഓഫീസറെ വീതം നിയോഗിച്ച് പദ്ധതി ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ടി സാഹചര്യത്തിൽ കണ്ടെത്തുന്ന കുട്ടികളെ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ ഉത്തരവ് പ്രകാരം പുനരധിവസിപ്പിക്കുന്നതിനും കുട്ടികൾക്ക് വേണ്ട വിദ്യാഭ്യാസം നല്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വകുപ്പിന് കീഴിലുള്ള ചിൽഡ്രൺസ് ഹോമുകളും ഒബ്സർവേഷൻ ഹോമുകളും ശിശുസൗഹൃദമാക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും അംഗീകൃത ഏജൻസികളിൽ നിന്നുള്ള എസ്റ്റിമേറ്റ് സ്ഥാപന സൂപ്രണ്ടുമാർ ലഭ്യമാക്കുന്ന മുറയ്ക്ക് ആവശ്യമായ ഫർണിച്ചർ എന്നിവ സജ്ജീകരിക്കുന്നതിന് പ്രൊപ്പോസൽ ഐ.സി.പി.എസിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സമർപ്പിച്ച് തുക അനുവദിച്ച് വരുന്നു. കുട്ടികളുടെ കലാ - |

| | | | |
|---|---|---|---|
| | | | കായിക അഭിരുചികൾ വളർത്തിയെടുക്കുന്നതിന് സ്ഥാപനത്തിൽ വിദഗ്ധ ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ പരിശീലനം നല്കുന്നതിന് മാസം ഓരോ ഹോമിനും 30,000/- രൂപ നിരക്കിൽ തുക അനുവദിച്ച് വരുന്നു. കുട്ടികളുടെ മാനസിക ഉല്ലാസം വർദ്ധിപ്പിക്കുന്നതിന് മാസത്തിലൊരിക്കൽ ലഘു ഉല്ലാസയാത്ര കൊണ്ടു പോകുന്നതിനും വാർഷിക വിനോദയാത്രയ്ക്കും തുക അനുവദിച്ച് വരുന്നു. കുട്ടികളുടെ പഠനം മോണിറ്റർ ചെയ്യുന്നതിന് എഡ്യൂക്കേറ്ററുടെ സേവനവും കൂടാതെ ഓരോ വിഷയങ്ങളിലും ട്യൂഷൻ ടീച്ചറുടെ സേവനവും നല്കി വരുന്നു. ഓരോ ചിൽഡ്രൺസ് ഹോമിലും മുഴുവൻ സമയ കൗൺസിലറുടെ സേവനവും , സൈക്കോളജിസ്റ്റുമാരുടെ പാനലും ലഭ്യമാക്കിയിട്ടുണ്ട്. കുട്ടികളുടെ ആവശ്യാനുസരണം പ്രസ്തുത പാനലിൽ നിന്നും സൈക്കോളജിസ്റ്റുമാരുടെ സേവനം ലഭ്യമാക്കുന്നതാണ്.<br><br>**(02.08.2022-ലെ സമിതി യോഗത്തിൽ പരിഗണിച്ചു . അധികവിവരം ആവശ്യപ്പെട്ടു.)** |

**02.08.2022-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം/ തുടർ ശിപാർശ**

**ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിൽ കുട്ടികൾക്കായി സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടികളിൽ ഓരോ വർഷവും എത്ര പരാതികൾ ലഭിക്കുന്നുണ്ടെന്നും അവയുടെമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നതും സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാൻ വനിതാശിശുവികസന വകുപ്പിനോട് ആവശ്യപ്പെട്ടു.**

**റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല**

| | | | |
|---|---|---|---|
| **3** | **15** | ആരോഗ്യമുള്ള ഭാവിതലമുറയെ വാർത്തെടുക്കുന്നതിന് കുട്ടികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. വ്യക്തി ശുചിത്വം, ആരോഗ്യ പരിപാലനം | **പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**<br><br>**(12.05.2015-ലെ 23575/ജി3/14/** |

| | | | |
|---|---|---|---|
| | | തുടങ്ങിയവയിൽ ബോധവൽക്കരണ ക്ലാസുകൾ സ്കൂൾ തലത്തിൽ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ് ഇത് ഫലപ്രദമായി നടപ്പാക്കുന്നതിനായി മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ രൂപീകരിച്ച് മാസത്തിലൊരിക്കൽ കുട്ടികൾക്ക് വൈദ്യപരിശോധനയും ബോധവത്ക്കരണവും നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **പൊവിവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)** സമിതി (2011-14)യുടെ ആറാമത് റിപ്പോർട്ടിലെ 10, 11, 13, 20, 28 ശിപാർശകൾ (ഖണ്ഡികകൾ 15, 16, 18, 25, 42) നടപ്പിലാക്കുവാൻ 02.12.2014-ലെ എം4/66372/14/ ഡി.പി.ഐ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ( **അനുബന്ധം-5)** |
| 4 | 16 | വിദ്യാലയങ്ങളിൽ അദ്ധ്യാപകരാലും സഹവിദ്യാർത്ഥികളാലും മറ്റ് ജീവനക്കാരാലും ശാരീരികമായും മാനസികമായും കുട്ടികൾ പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നതായി സമിതി മനസ്സിലാക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ലഭിച്ചത് സമിതി ഗൗരവപൂർവ്വം വീക്ഷിക്കുന്നു. ഇതിനെതിരെ നിയമങ്ങൾ നിലവിലുണ്ടെങ്കിലും പലപ്പോഴും അവ പാലിക്കപ്പെടുന്നില്ലെന്നുള്ളതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുന്നു. ഇത്തരം പീഡനങ്ങൾ യഥാസയം ക്ലാസ് ടീച്ചർ/സ്കൂൾ ഹെഡ്മാസ്റ്റർ / പി.ടി.എ. ഭാരവാഹികൾ എന്നിവർക്ക് റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് കുട്ടികളിൽ ബോധവത്കരണം ഫലവത്തായി നടത്തണമെന്നും ഇത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സംഭവങ്ങൾ അടിയന്തരമായി പി.ടി.എ യോഗം ചേർന്ന് പരിശോധിച്ച് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് ഉന്നതാധികാരികൾക്ക് റിപ്പോർട്ട് ചെയ്യണമെന്നും അവയ്ക്കുമേൽ ഇപ്പോഴുള്ള നിയമവ്യവസ്ഥകൾക്കനുസൃതമായി അടിയന്തര നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | **(17.06.2015-ലെ സമിതി യോഗത്തിൽ പരിഗണിച്ചു.അധികവിവരം ആവശ്യപ്പെട്ടു)** |
| 5 | 18 | പീഡനത്തിരയാകുന്ന കുട്ടികളും അവരുടെ രക്ഷിതാക്കളും പ്രതികളുടെ ഭാഗത്ത് നിന്നുണ്ടായേക്കാവുന്ന പ്രതികാര നടപടികളോ ഭീഷണിയോ സമൂഹത്തിൽ നേരിടേണ്ടി വന്നേക്കാവുന്ന അവഹേളനമോ ഭയന്ന് പലപ്പോഴും അത്തരം സംഭവങ്ങൾ പുറത്തു പറയുന്നതിൽ വിമുഖത കാട്ടാറുണ്ട്. ഇത് പ്രതികൾ രക്ഷപ്പെടുന്നതിനും കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത്തരം കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനും പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും സഹായകരമാകും വിധമുള്ള ബോധവത്കരണ പരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | |

| | | | |
|---|---|---|---|
| | | വഴിയും വിവിധ മാധ്യമങ്ങളിലൂടെയും നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശചെയ്യുന്നു. | |
| 6 | 25 | 'നിർഭയ' പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കെതിരായുള്ള ലൈംഗിക ചൂഷണം സംബന്ധിച്ച് സർക്കാർ സ്കൂളുകളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന നടപടിക്രമങ്ങൾ എല്ലാ സ്വകാര്യ സ്കൂളുകളിലേക്കും കൂടി വ്യാപിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 7 | 42 | മൊബൈൽ ഫോണിന്റെ ദുരുപയോഗം മൂലമുള്ള ഭവിഷ്യത്തുകൾ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരികയാണ്. വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗത്തിന്റെ നിയന്ത്രണം ഫലപ്രദമാകുന്നില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയത് ദൂരീകരിക്കുന്നതിനുതകുന്ന വിധത്തിലുള്ള പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| **<u>17.06.2015-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം/ തുടർ ശിപാർശ</u>**<br>**നിലവിൽ ഏതെല്ലാം ജില്ലകളിലെ ഏതൊക്കെ സർക്കാർ സ്കൂളുകളിൽ സ്ഥിരമായി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടെന്നും കൗൺസിലർമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കുവാൻ സർക്കാരിന് സാധിക്കാത്ത പക്ഷം അതത് പി.ടി.എ.യ്ക്ക് അതിനുള്ള അധികാരം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുവാനും പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടു.**<br>**റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല** | | | |
| 8 | 17 | ലൈംഗിക വിദ്യാഭ്യാസം കൗമാരക്കാരായ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിലുൾപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | **<u>പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്</u>**<br><br>**<u>(18.02.2015-ലെ ഡി 3/2014/ പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u>**<br><br>കേരള സ്കൂൾ കരിക്കുലം 2013 അനുസരിച്ച് തയ്യാറാക്കിയ പാഠ്യപദ്ധതിയിൽ ലൈംഗിക വിദ്യാഭ്യാസത്തിനാവശ്യമായ പാഠഭാഗങ്ങൾ ഉൾച്ചേർത്ത് വിവിധ ക്ലാസ്സുകളിലെ വിഷയങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ട്.<br><br>**(17.06.2015-ലെ സമിതി യോഗത്തിൽ പരിഗണിച്ചു .** |

| | | | |
|---|---|---|---|
| | | <u>**17.06.2015-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം**</u><br><br>നിലവിൽ ഏതെല്ലാം ജില്ലകളിലെ ഏതൊക്കെ സർക്കാർ സ്കൂളുകളിൽ സ്ഥിരമായി കൗൺസിലർമാരെ നിയമിച്ചിട്ടുണ്ടെന്നും കൗൺസിലർമാരെ നിയമിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും എല്ലാ സ്കൂളുകളിലും കൗൺസിലർമാരെ നിയമിക്കുവാൻ സർക്കാരിന് സാധിക്കാത്ത പക്ഷം അതത് പി .ടി.എ.യ്ക്ക് അതിനുള്ള അധികാരം നൽകാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കുവാനും പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടു.<br><br><u>**16.09.2015-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം**</u> | **അധികവിവരം ആവശ്യപ്പെട്ടു.)**<br><br><u>**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**</u><br><br>**(30.07.2015-ലെ23619/ ഡി3/2014/ പൊ.വി.വ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br><br>പെൺകുട്ടികളുടെ ശാരീരിക - മാനസിക ശാക്തീകരണം ലക്ഷ്യമാക്കി ജീവിത നൈപുണ്യ വിദ്യാഭ്യാസവും , കായിക-ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ആയോധന കലകളും പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്. കൗമാരക്കാരായ പെൺകുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹ്യപരവുമായ പുരോഗതിയും സമൂഹത്തിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനായി 'കരുത്ത്' എന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട് ഇതിന്റെ ഭാഗമായി കരാട്ടെ, തായ്ക്കോണ്ട, കുങ്ഫു എന്നിവ അഭ്യസിപ്പിക്കുന്നു. അധ്യാപകർക്ക് ഗൈഡൻസിലും കൗൺസിലിംഗിലും പരിശീലനം നൽകി. വിദ്യാർത്ഥികളെ ഫലപ്രദമായി സഹായിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട് . എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയ "ടീച്ചർ കൗൺസിലർ സഹായി " എന്ന കൈപ്പുസ്തകം ഇതിനായി പ്രയോജനപ്പെടുന്നതാണ്.<br><br>**(16.09.2015-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |

| | | | |
|---|---|---|---|
| | | കൗമാരക്കാരായ വിദ്യാർത്ഥികളുടെ പാഠ്യ പദ്ധതിയിൽ 'ലൈംഗിക വിദ്യാഭ്യാസം' ഉൾപ്പെടുത്തണമെന്ന സമിതി ശിപാർശക്കുള്ള കൃത്യമായ മറുപടി ലഭ്യമാക്കണമെന്നും ശാരീരിക-മാനസിക ശാക്തീകരണത്തിനുതകുന്ന ജീവിത നൈപുണ്യ വിദ്യാഭ്യാസവും ആയോധന പരിശീലനവും മറ്റും ആൺ, പെൺ വ്യത്യാസമില്ലാതെ കൗമാരക്കാരായ എല്ലാ വിദ്യാർത്ഥികൾക്കും നൽകണമെന്നും കായിക ആരോഗ്യ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കുറഞ്ഞത് രണ്ട് കായിക ഇനങ്ങളിലെങ്കിലും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പരിശീലനം ലഭ്യമാക്കണമെന്നും പ്രസ്തുത ഇനങ്ങളിലുള്ള കുട്ടികളുടെ മികവ് കൂടി ഇന്റേണൽ അസസ്സ്മെന്റിന് പരിഗണിക്കുന്ന രീതി നിർബന്ധമാക്കണമെന്നും പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടു. | <u>**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**</u><br><br><u>**(29.08.2016-ലെ 2235/ഡി3/2016/ പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)**</u><br><br>ഹൈസ്കൂൾ തലത്തിലെ പാഠ്യപദ്ധതിയിലും, പാഠപുസ്തകങ്ങളിലും കൗമാര വിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെ ശാരീരിക, മാനസിക ശാക്തീകരണത്തിനുതകുന്ന ജീവിത നൈപുണ്യ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പാഠ്യ പദ്ധതിയിലും, അദ്ധ്യാപകർക്കുള്ള അദ്ധ്യാപക സഹായി, കുട്ടികൾക്കുള്ള വർക്ക് ബുക്ക് എന്നിവ തയ്യാറാക്കി കഴിഞ്ഞു. ഇത് പരീക്ഷണാടിസ്ഥാനത്തിൽ ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീമിന്റെ ഒ.ആർ.സി പ്രോജക്ടുമായി സംയോജിപ്പിച്ച് 93 സ്കൂളുകളിൽ നടപ്പിലാക്കി തുടങ്ങി.<br>അതുപോലെ യു .പി, ഹൈസ്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസത്തിന് പാഠ്യപദ്ധതിയിൽ വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായി കുട്ടികൾക്ക് പ്രവർത്തന പുസ്തകവും അദ്ധ്യാപകർക്കുള്ള അദ്ധ്യാപക സഹായിയും തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. അതിൽ 17 കായിക ഇനങ്ങളെ അദ്ധ്യാപക സഹായിയിൽ പരിചയപ്പെടുത്തുന്നുണ്ട് അതിൽ നിർബന്ധമായി രണ്ട് |

| | | | |
|---|---|---|---|
| | | **22.11.2016 - ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം**<br><br>കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതി കൂടുതൽ സ്കൂളുകളിലേക്ക് വ്യാപിപ്പിക്കണമെന്ന് അഭിപ്രായപ്പെട്ട സമിതി യോഗ്യരായ ആളുകളല്ല കൗൺസിലിംഗ് നടത്തുന്നതെന്നും കേന്ദ്ര സർക്കാർ സ്കീം ഇതിനായി ഉപയോഗപ്പെടുത്തണമെന്നും | കായിക ഇനങ്ങൾ അതാത് വിദ്യാലയങ്ങളിലെ സൗകര്യം അനുസരിച്ച് പഠിപ്പിച്ച് നിരന്തരം മൂല്യനിർണ്ണയം നടത്തി രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>കൗമാരക്കാരായ പെൺകുട്ടികളുടെ മാനസികവും ശാരീരികവും സാമൂഹ്യപരവുമായ പുരോഗതിയും സമൂഹത്തിൽ സ്വയം പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനായി 'കരുത്ത്' എന്ന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കരാട്ടെ, തായ്ക്കോണ്ട, കുങ്ഫു എന്നിവ അഭ്യസിപ്പിക്കുന്നു.<br>അധ്യാപകർക്ക് ഗൈഡൻസിലും കൗൺസിലിംഗിലും പരിശീലനം നൽകി വിദ്യാർത്ഥികളെ ഫലപ്രദമായി സഹായിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട് . എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ "ടീച്ചർ കൗൺസലർ സഹായി " എന്ന കൈപ്പുസ്തകം ഇതിനായി പ്രയോജനപ്പെടുന്നതാണ്.<br><br>**(22.11.2016-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു. തെളിവെടുപ്പിന് തീരുമാനിച്ചു.)**<br><br>**പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്**<br><br>**(17.10.2017-ലെ 1167926/ഡി3/2017/ പൊ.വി.വ. നമ്പർ കത്ത് മുഖേന ലഭിച്ചത്)** |

| | | | |
|---|---|---|---|
| | | കൗൺസിലർമാർക്ക് മാന്യമായ വേതനം നൽ കേണ്ടതാണെന്നും അവർക്ക് മതിയായ ട്രെയിനിംഗ് നൽകണമെന്നും റ്റി.റ്റി.സി,ബി.എഡ് കോഴ്സുകളിൽ കൗമാരവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പാഠ്യവിഷയം ഉൾപ്പെടുത്തണമെന്നും സ്കൂളുകളിലെ ഒന്നോ രണ്ടോ അദ്ധ്യാപകരെ തെരഞ്ഞെടുത്ത് കൗൺസിലിംഗ് ട്രെയിനിംഗ് കോഴ്സിനയച്ച് അവരുടെ സേവനം ഉപയോഗപ്പെടുത്തുന്ന കാര്യം പരിശോധിക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതിനും സമിതി തീരുമാനിച്ചു. | കൗമാര വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പദ്ധതി കൂടുതൽ സ്കൂളുകളിൽ വ്യാപിപ്പിക്കുന്നതിനും യോഗ്യരായ ആളുകളെ കൗൺ സിലർമാരായി നിയമിക്കുന്നതിനും അവർക്ക് മതിയായ പരിശീലനം നൽ കുന്നതിനും SSA/RMSA ഡയറക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട് സ്കൂൾ കൗൺസിലർമാർക്ക് എല്ലാ വർഷവും പരിശീലനം നൽ കുന്നതിനും കൗൺസിലർ മാർക്ക് നൽകുന്ന പരിശീലനത്തിന്റെ സംസ്ഥാനതല മൊഡ്യൂൾ തയ്യാറാക്കുന്നതിനും റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനും കൂടാതെ ഓരോ ഏജൻ സിക്കും ഈ മേഖലയിൽ നൽകുന്ന പരിശീലന പരിപാടികളെക്കുറിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കി എല്ലാ വിദ്യാലയങ്ങൾക്കും നൽ കുന്നതിനും കൗൺസിലർ മാരുടെ അവലോകന യോഗങ്ങൾ ജില്ലാ തലത്തിൽ ഓരോ ടേമിലും "ഡയറ്റുകൾ' മുഖാന്തിരം നടത്തുന്നതിനും നിർദ്ദേശം നൽകി. ഒരു വിദ്യാലയത്തിൽ നിലവിലുള്ള ഐ .ഇ.ഡി. റിസോഴ്സ് ടീച്ചർമാർ, കൗൺ സിലർമാർ, എൻ.ആർ. എച്ച്.എം. നഴ്സ് എന്നിവരുൾ പ്പെടുന്ന കോ -ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനും വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക വൈകാരിക പ്രശ്നങ്ങൾ സംയുക്തമായി ചർച്ച ചെയ്ത് പരിഹരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പൊതു വിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്കൂൾ കൗൺസിലർമാരുടെ |

| | | | |
|---|---|---|---|
| | | | യോഗ്യത സംബന്ധിച്ച മാനദണ്ഡങ്ങൾ കർശനമായി പാലിക്കാനും കൗൺസിലർമാരുടെ പ്രതിമാസ വേതനം ഉയർത്തുന്ന വിഷയം പരിഗണിക്കാനും ആരോഗ്യകുടുംബക്ഷേമം, സാമൂഹ്യനീതി എന്നീ വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുമുണ്ട്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു)** |
| <u>**14.12.2017-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം/ തുടർ ശിപാർശ**</u><br>**ഐ.ഇ.ഡി. കൗൺസിലർമാരുടെ പ്രതിമാസ വേതനം വർദ്ധിപ്പിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടു.**<br>**റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല** | | | |
| **9** | **18** | പീഡനത്തിരയാകുന്ന കുട്ടികളും അവരുടെ രക്ഷിതാക്കളും പ്രതികളുടെ ഭാഗത്ത് നിന്നുണ്ടായേക്കാവുന്ന പ്രതികാര നടപടികളോ ഭീഷണിയോ സമൂഹത്തിൽ നേരിടേണ്ടി വന്നേക്കാവുന്ന അവഹേളനമോ ഭയന്ന് പലപ്പോഴും അത്തരം സംഭവങ്ങൾ പുറത്തു പറയുന്നതിൽ വിമുഖത കാട്ടാറുണ്ട്. ഇത് പ്രതികൾ രക്ഷപ്പെടുന്നതിനും കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത്തരം കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നതിനും പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും സഹായകരമാകും വിധമുള്ള ബോധവത്കരണ പരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയും വിവിധ മാധ്യമങ്ങളിലൂടെയും നടപ്പിൽ വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.<br><br><u>**14.12.2017-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട**</u> | <u>**സാമൂഹ്യനീതി വകുപ്പ്**</u><br><br>**(31.01.2017-ലെ 1100336/ഇ 1/2016/ സാനീവ നമ്പർ കത്ത് മുഖേന ലഭിച്ചത്.)**<br>POCSO ആക്ട്, ജുവനൈൽ ജസ്റ്റിസ് ആക്ട് എന്നിവ സംബന്ധിച്ച് വിപുലമായ ബോധവൽക്കരണ പരിപാടികൾ ഐ.സി.പി.എസ് മുഖേന സംഘടിപ്പിച്ച് വരുന്നു. കൂടാതെ ORC (Our Responsibility to Children)മുഖാന്തരം സ്കൂളുകളിലും വേണ്ട ഇടപെടൽ നടത്തുന്നുണ്ട്.<br><br>**(14.12.2017-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)** |

<table>
<tr><td></td><td></td><td><u>അധികവിവരം</u><br><br>പോക്സോ ആക്ട്, ജുവനൈൽ ജസ്റ്റിസ് എന്നിവ സംബന്ധിച്ച് ഐ.സി.പി.എസ് മുഖേന സംഘടിപ്പിച്ചു വരുന്ന ബോധവത്കരണ പരിപാടികളുടെ ഫലപ്രാപ്തി ആരായുന്നതിനും കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയുള്ള പക്ഷം ഉടൻ മെഡിക്കൽ പരിശോധന നടത്തി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തണമെന്നും സംഭവം സംബന്ധിച്ച രഹസ്യ മൊഴിക്കായി മജിസ്ട്രേറ്റിന് മുന്നിൽ എത്തിക്കണമെന്നും സമിതി നിർദ്ദേശിച്ചു.</td><td><u>വനിത ശിശുവികസന പി.എസ്) വകുപ്പ്</u><br><br>(19.04.2022 ലെ ഡബ്ല്യു .സി-പി.എസ്1 /117/ 2022 ഡബ്ല്യു.സി.ഡി. നമ്പർ കത്ത് മുഖേന ലഭിച്ചത്.)<br><br>കുട്ടികൾക്കെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനായി ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും തെരുവുനാടകങ്ങളും നടത്തി വരുന്നു, JJ Act, POCSO Act എന്നിവ ഉൾപ്പെടുത്തി കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവത്കരണം നടത്തുന്നതിന്റെ ഭാഗമായി ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് ഭദ്രം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>(02.08.2022-ലെ സമിതി യോഗത്തിൽ പരിഗണിച്ചു. അധികവിവരം ആവശ്യപ്പെട്ടു.)</td></tr>
<tr><td colspan="4"><u>02.08.2022-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം /ശുടർശിപാർശ</u><br>കുട്ടികളുടെ നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് പരാതിയുള്ള പക്ഷം മെഡിക്കൽ പരിശോധന നടത്തി കേസ് രജിസ്റ്റർ ചെയ്ത് മജിസ്ട്രേറ്റിനു മുന്നിൽ രഹസ്യമൊഴി രേഖപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആയത് ലഭ്യമാക്കണമെന്ന് വനിത ശിശുവികസന വകുപ്പിനോട് ആവശ്യപ്പെട്ടു.<br>റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല</td></tr>
<tr><td>10</td><td>41</td><td>യംഗ് പേഴ്സൺസ് (ഹാംഫുൾ പബ്ലിക്കേഷൻസ്) ആക്ട് 1956 നിലവിലുണ്ടെങ്കിലും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പ്രസിദ്ധീകരണങ്ങൾ അനുദിനം വർദ്ധിച്ചു വരുന്നതായാണ്</td><td><u>ആഭ്യന്തര (ജി) വകുപ്പ്</u><br><br><u>(11.08.2023 ലെ ജി3/1148/2019/ ആഭ്യന്തരം നമ്പർ കത്ത് മുഖേന ലഭിച്ചത്.)</u></td></tr>
</table>

| | | | |
|---|---|---|---|
| | | സമിതി മനസ്സിലാക്കുന്നത്. 20 വയസ്സിന് താഴെയുള്ളവരെ വഴി തെറ്റിക്കുന്ന തരത്തിലുള്ള എല്ലാ പ്രസിദ്ധീകരണങ്ങളും തടയുന്നതിനും, കണ്ടെത്തി നശിപ്പിക്കുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട് . സംസ്ഥാനത്ത് ഇത്തരം പ്രസിദ്ധീകരണങ്ങൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതോടൊപ്പം ഇതിനായി കൂടുതൽ കർശന നടപടികൾ സ്വീകരിക്കുന്നതിലേയ്ക്ക് ആവശ്യമായ നിയമഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പ്രസിദ്ധീകരണങ്ങൾ കണ്ടെത്തുന്നതിനും നശിപ്പിക്കുന്നതിനും വേണ്ടി പോലീസിൽ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് സ്കൂളുകളുടെയും, കോളേജുകളുടെയും പരിസരങ്ങളിൽ റെയ്ഡുകൾ നടത്തുകയും Young Persons (harmful Publications) Act 1956 പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നുണ്ട്. ജനമൈത്രി പോലീസുമായി സഹകരിച്ച് ഇത്തരം പ്രസിദ്ധീകരണങ്ങൾ വില്പന നടത്തുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് ബീറ്റ് പോലീസ് ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്. Young Persons (harmful Publications) Act 1956 കേന്ദ്ര നിയമമാണ്. കുട്ടികളിൽ മിഥ്യാധാരണ വളർത്തുന്നതായ പരസ്യങ്ങൾ നിയന്ത്രിക്കുന്നതിനും കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പ്രസിദ്ധീകരണങ്ങൾ തടയുന്നതിനുമുള്ള കൂടുതൽ കർശന നടപടികൾക്കായി Young Persons (harmful Publications) Act 1956 ൽ ഉചിത നിയമ ഭേദഗതി നടത്തുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് ശിപാർശ ചെയ്യാൻ വിവര പൊതുജന സമ്പർക്ക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>**(18.12.2023-ലെ സമിതി യോഗത്തിൽ പരിഗണിച്ചു . അധികവിവരം ആവശ്യപ്പെട്ടു. )** |

<u>**18.12.2023-ലെ സമിതി യോഗത്തിൽ ആവശ്യപ്പെട്ട അധികവിവരം/തുടർശിപാർശ**</u>

**കുട്ടികളുടെ സ്വഭാവ രൂപീകരണത്തിന് ഹാനികരമായ പരസ്യങ്ങളും പ്രസിദ്ധീകരണങ്ങളും തടയുന്നതിന് കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 1956 ലെ** Young Persons

**(harmful Publications) നിയമത്തിൽ ഉചിതമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്രസർക്കാരിനോട് ശിപാർശ ചെയ്യുന്നതിന് വിവര പൊതുജന സമ്പർക്ക വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി അറിയിച്ചിരുന്നു. പ്രസ്തുത നടപടി ത്വരിതപ്പെടുത്തുന്നതിന് ആഭ്യന്തര വകുപ്പിനോടാവശ്യപ്പെട്ടു. റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല.**

തിരുവനന്തപുരം
2026 ജനുവരി 29

യു.പ്രതിഭ,
ചെയർപേഴ്സൺ,
സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും
കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും
ക്ഷേമം സംബന്ധിച്ച സമിതി

അനുബന്ധം – I

## ബാലവേല സംബന്ധിച്ച നാളിതുവരെയുള്ള പ്രവർത്തന റിപ്പോർട്ട്

| ജില്ല | ബാലവേല നിയമപ്രകാരം പരിശോധനയിൽ കണ്ടെത്തിയ കുട്ടികളുടെ എണ്ണം | പ്രോസിക്യൂഷൻ കേസുകളുടെ എണ്ണം | ചൈൽഡ് ലേബർ വെൽഫെയർ സൊസൈറ്റി രൂപീകരിച്ച തീയതി | തൊഴിലുടമയിൽനിന്നും ഈടാക്കി സൊസൈറ്റിയിൽ അടച്ച തുക സംബന്ധിച്ച വിവരം | ടി തുക ഉപയോഗിച്ച് സൊസൈറ്റിയുടെ പ്രവർത്തനം | ടി തുക ഉപയോഗിച്ച് കുട്ടികൾക്ക് നൽകിയ നഷ്ടപരിഹാരം |
|---|---|---|---|---|---|---|
| തിരുവനന്തപുരം | 3 | 3 (കോടതികൾ 1500/- രൂപയും 24,000/- രൂപയും പിഴ വിധിച്ചു). | 22.10.1997 | - | - | - |
| കൊല്ലം | 1 | 1 (കോടതി 7500/- രൂപ പിഴവിധിച്ചു). | 1997 | - | - | - |
| പത്തനംതിട്ട | 1 | 1 | 1997 | - | - | - |
| ആലപ്പുഴ | 2 | 1 | 1997 | - | - | - |
| കോട്ടയം | 1 | 1 | 15/10/1997 | - | - | - |
| ഇടുക്കി | | | 15/10/1997 | - | - | - |
| എറണാകുളം | 4 | 4 | 15/10/1997 | 20,000/- 20,000/- (40,000/-) | - | - |
| തൃശ്ശൂർ | 6 | 4 | 12/09/1997 | 29047/- | - | - |
| പാലക്കാട് | 2 | 2 | 22/10/1997 | - | - | - |
| മലപ്പുറം | 6 | | 29/10/1997 | - | - | - |
| കോഴിക്കോട് | | | 1997 | - | - | - |
| വയനാട് | 2 | (ഒരു കുട്ടിയെ ടി നിയമത്തിന്റെ പരിധിയിൽ അല്ലാത്തതിനാൽ വിട്ടയച്ചു) | 04/11/1997 | - | - | - |
| കണ്ണൂർ | 3-(ടി മൂന്നു പേരെയും 14 വയസ്സിനു മുകളിൽ പ്രായം തെളിയിച്ചതിനാൽ വിട്ടയച്ചു) | (ടി കുട്ടികളെ നിയമത്തിന്റെ പരിധിയിൽ അല്ലാത്തതിനാൽ വിട്ടയച്ചു) | 24.10.1997 | | | |
| കാസർഗോഡ് | 2 | 1 | 24.10.1997 | - | - | - |
| ആകെ | 27 | 19 | | 69047/- | | |

അനുബന്ധം - 2

GOVERNMENT OF KERALA

**No. 33816/E3/14/I&PRD**

**Information & Public Relations (E) Dept.**
**Dated, Thiruvananthapuram : 06-12-2014**

## CIRCULAR

Sub:- I&PRD – Instructions to all channels in Kerala to adhere to the programme code and advertising code – Reg.

Several complaints were received in I&PR Department regarding violation of programme code and advertising code by certain TV Channels as per Cable TV (Network) Regulation Act, 1995. Vide G.O. (Rt) No. 233/13/I&PRD dated 23.5.13, Government had constituted State Level Monitoring Committee for monitoring the violation of programme code and advertising code prescribed under the Cable TV Network (Regulation) Act 1995. The Committee held its meeting on 23.9.2014. The complaints received by this Department, were placed before the State Level Monitoring Committee. The Committee proposed that all channels in Kerala should strictly adhere to the Programme Code and Advertising Code.

**RANI GEORGE,**
**Secretary to Government**

All District Collectors
Director General of Police, Police Head Quarters, Thiruvananthapuram.
All Channels in Kerala ,
Web & New Media for uploading in the website.
Stock File/ Office Copy

**Forwarded/By Order**

**Section Officer**

അനുബന്ധം - 3

IMMEDIATE

GOVERNMENT OF KERALA

No. 32253/E3/14/I&PR.

Information & Public Relations (E) Dept.
Thiruvananthapuram, Dated, 02-02-2016.

From

The Director

To

All District Collectors/
All District Information Officers (I&PRD).

Sir,

Sub:- I&PRD – Cable TV Network Regulation Act (1995) – Constitution of District Level Monitoring Committee – reg.

Ref:- Govt. letter No. 33816/E3/12/I&PRD dated 7-2-2014.

I am directed to draw your kind attention to the reference cited. As per letter referred above, it was directed to constitute District Level Monitoring Committee as per the provisions in Cable TV Network Regulation Act (1995). In the above circumstances, I am to request you to intimate the details of the Committee constituted in each district together with the details regarding number of times the Committee was convened urgently to Government.

As the report to Legislative Committee is pending this may be treated as most urgent.

Yours faithfully,

MINI ANTONY
DIRECTOR

Approved for issue

Section Officer.

GOVERNMENT OF KERALA

No.33816/E3/12/I&PR.

Information & Public Relations (E) Dept.
Thiruvananthapuram, Dated, 7-2-14

From

The Secretary

To

All District Collectors

Sir,

Sub:- I&PRD - Constitute of State and District Level Monitoring Committee for Private TV Channels.- reg.

Ref:- G.O (Rt) No. 233/13/I&PR dtd 23/5/2013.

I am directed to draw your attention to the reference cited. As per Section 2 of the Cable Television Network (Regulation Act 1995, the District Magistrate/Sub Divisional Magistrate/Commissioner of Police is designated as authorized officer within his local limit of Jurisdiction. Section 11,12 of the Act authorizes, the authorized officer to seize and confiscate the equipment of the cable operators, who violate the provisions under Rule 6 & 7 of the Cable Television Network Rule -94, Rule 6 & 7 explain the programme code and Advertisement Code. Govt; of India has suggested to constitute a monitoring committee for the State / District to enforce the cable TV Act & Rule. The composition of the committee is given below;

| | | | |
|---|---|---|---|
| 1 | District Magistrate (or Police Commissioner) | - | Chairman |
| 2 | District Superintendent of Police | - | Member |
| 3 | District Public Relations Officer | - | Member |
| 4 | Principal of one of the Women's College in the District (to be selected by the DM) | - | Member |
| 5 | Representative of a leading NGO working for Children welfare (to be selected by the DM) | - | Member |

| | | | |
|---|---|---|---|
| 6 | Representative of a leading NGO working for Women welfare (to be selected by the DM) | - | Member |
| 7 | Academicians/Psychologists/Sociologists (one each to be nominated by DM) | - | Member |

In this circumstance, you are to constitute District Level Monitoring Committee as per the act and intimate the outcome forthwith.

Yours faithfully,
RANI GEORGE
SECRETARY

Approved for Issue

Sd/-

Section Officer

അനുബന്ധം - 4

GOVERNMENT OF KERALA

Abstract

Kerala Service Rules - Special Casual Leave to officers having children undergoing Chemotherapy for treatment of Cancer and Dialysis for treatment of Kidney and affected with HIV - Sanctioned - Orders Issued.

FINANCE (RULES-B) DEPARTMENT

G.O. (P) No.341/2014/Fin. Dated, Thiruvananthapuram 18/08/2014

Read: 6th Report dated 04/02/2014 of the Committee on the Welfare of Women, Children and Physically Handicapped.

**ORDER**

The Committee on the Welfare of Women, Children and Physically Handicapped (2011-2014) in their 6th Report has recommended to grant Special Casual Leave to the employed mother of children who undergo Chemotherapy for the treatment of Cancer, Dialysis for treatment of Kidney and affected with HIV.

(2) Government have examined the matter in detail and are pleased to sanction Special Casual Leave for a period up to 15 days in a calendar year to the officers (father or mother) having children below 18 years of age who undergo Chemotherapy for the treatment of Cancer, Dialysis for the treatment of Kidney and children affected with HIV on production of a certificate to that effect, from an authorised medical officer attending the child, subject to the following conditions:

(i) *The leave may be granted on more than one occasion, if needed, altogether not exceeding 15 days in a calendar year.*

(ii) *The leave may be combined with ordinary leave or ordinary casual leave and the period of leave shall be exclusive of public holidays that may intervene.*

(iii) *If both parents are employees of Government, a declaration countersigned by the competent authority to the effect that the spouse has not availed the leave in that calendar year should be produced.*

(3) These orders will take immediate effect.

(4) Necessary amendments to KSRs will be issued separately.

By order of the Governor

**V.SOMASUNDARAN**
Additional Chief Secretary (Finance)

To

The Principal Accountant General (A&E), Kerala, Thiruvananthapuram
The Principal Accountant General (G&SSA), Kerala, Thiruvananthapuram.
The Accountant General (E&RSA), Kerala, Thiruvananthapuram.
All Heads of Departments and Offices.
All Departments and Sections of the Secretariat.
The Director of Treasuries, Thiruvananthapuram.
The Secretary, K.P.S.C, Thiruvananthapuram (with C.L.).
The General Manager, K.S.R.T.C., Thiruvananthapuram.
The Registrar, High Court of Kerala, Ernakulam (with C.L.).
The Registrar, University of Kerala/Kochi/Calicut/Mahatma Gandhi/ Kannur (with C.L.).
The Registrar, Fisheries University. (With C.L)
The Registrar, Kerala Veterinary and Animal Science University (With C.L)
The Registrar, Kerala University of Health & Allied Sciences (With C.L)
The Registrar, National University of Advance Legal Studies (With C.L)
The Registrar, Central University of Kerala (With C.L)

The Registrar, Thunchath Ezhuthachan Malayalam University (With C.L)

The Registrar, Kerala Lok Ayukta, Thiruvananthapuram.

The Registrar, Kerala Agricultural University, Mannuthi.

The Secretary, Ombudsman for Local Self Government, Thiruvananthapuram.

The Advocate General, Kerala, Ernakulam (with C.L.).

The Secretary K.S.E.B, Thiruvananthapuram (with C.L.).

All Principal Secretaries/Secretaries/Special Secretaries/Additional Secretaries/ Joint Secretaries/Deputy Secretaries/Under Secretaries to Government.

The Secretary to Governor, Raj Bhavan.

The Private Secretary to Speaker/Deputy Speaker of the Legislative Assembly.

The Additional Secretary to the Chief Secretary.

The Secretary, Human Rights Commission, Thiruvananthapuram.

The Registrar, Sree Sankara Sanskrit University, Kalady (with C.L.).

The Private Secretaries to the Chief Minister and other Ministers.

The Private Secretary to the Leader of Opposition.

The State Election Commissioner, Kerala, Thiruvananthapuram.

The State Chief Information Commissioner (with C.L.).

The Nodal Officer, www.finance.kerala.gov.in.

The Stock File/Office Copy.

Forwarded by Order,

Section Officer

അനുബന്ധം - 5

ഡി.എം4/66372/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി:02.12.2014.

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമതു റിപ്പോർട്ടിന്മേലുള്ള ശുപാർശകൾ നടപ്പിലാക്കാനുള്ള നിർദ്ദേശം -

സൂചന: സർക്കാരിന്റെ 20.08.14, 28.10.14 ഈ തീയതികളിലെ 23575/ജി3/14/പൊ.വി.വ നമ്പർ കത്തുകൾ.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ആറാമതു റിപ്പോർട്ടിന്മേലുള്ള വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ടിട്ടുള്ള ശുപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള സർക്കാർ നിർദ്ദേശത്തിനുവിധേയമായി താഴെപറയുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കുന്നതിന് വേണ്ടി അറിയിക്കുന്നു.

1. ആരോഗ്യമുള്ള ഭാവിതലമുറയെ വാർത്തെടുക്കുന്നതിന് കുട്ടികളുടെ ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്. വ്യക്തിശുചിത്വം, ആരോഗ്യപരിപാലനം തുടങ്ങിയവയിൽ ബോധവൽക്കരണ ക്ലാസ്സുകൾ സ്കൂൾതലത്തിൽ നടത്തേണ്ടതിനാൽ ഇത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് സ്കൂളുകളിൽ പി.റ്റി.എയുടെ സഹായത്തോടെ മൊബൈൽ ഹെൽത്ത് ക്ലിനിക്കുകൾ രൂപീകരിച്ച് മാസത്തിലൊരിക്കൽ കുട്ടികൾക്ക് വൈദ്യപരിശോധനയും ബോധവൽക്കരണവും നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് പ്രധാനാദ്ധ്യാപകർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
2. വിദ്യാലയങ്ങളിൽ കുട്ടികൾ അദ്ധ്യാപകരാലും മറ്റ് വിദ്യാർത്ഥികളാലും ജീവനക്കാരാലും പീഡിപ്പിക്കപ്പെടുന്ന സംഭവങ്ങൾ വളരെയധികം ഉണ്ടാകുന്നു. ഇതിനെതിരെ നിയമങ്ങൾ നിലവിലുണ്ടെങ്കിലും അവ ഒന്നും പാലിക്കപ്പെടുന്നില്ല. ഇത്തരം പീഡനങ്ങൾ യഥാസമയം ക്ലാസ്സ് ടീച്ചർ/ഹെഡ്മാസ്റ്റർ/പി.ടി.എ എന്നിവരെ ഉടനടി അറിയിക്കുന്നതിനു വേണ്ട ബോധം കുട്ടികളിൽ ഉണ്ടാകുന്നതിന് ആവശ്യമായ രീതിയിലുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തേണ്ടതാണ്. ഇത്തരത്തിൽ റിപ്പോർട്ടു ചെയ്യപ്പെടുന്ന സംഭവങ്ങൾ അടിയന്തിരമായി പി.റ്റി.എ യോഗം ചേർന്ന് പരിശോധിച്ച് ക്രിയാത്മകമായ നടപടികൾ സ്വീകരിച്ച് ഉന്നതാധികാരികൾക്ക് റിപ്പോർട്ടു ചെയ്യുന്നതിനും അവയ്ക്കുമേൽ ഇപ്പോഴുള്ള നിയമവ്യവസ്ഥയ്ക്കനുയോജ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനാൽ നിർദ്ദേശിക്കുന്നു.
3. പീഡനത്തിനിരയാകുന്ന കുട്ടുകളും അവരുടെ രക്ഷിതാക്കളും പ്രതികളുടെ ഭാഗത്ത് നിന്നുണ്ടായേക്കാവുന്ന പ്രതികാരനടപടികളോ ഭീഷണിയോ സമൂഹത്തിൽ നേരിടേണ്ടി വന്നേക്കാവുന്ന അവഹേളനമോ ഭയന്ന് പലപ്പോഴും അത്തരം സംഭവങ്ങൾ പുറത്തു പറയുന്നതിൽ വിമുഖത കാട്ടാറുണ്ട്. ഇത് പ്രതികൾ രക്ഷപ്പെടുന്നതിനും കുറ്റകൃത്യങ്ങൾ ആവർത്തിക്കപ്പെടുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത്തരം കുറ്റകൃത്യങ്ങൾ യഥാസമയം റിപ്പോർട്ടുചെയ്യപ്പെടുന്നതിനും പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടു വരുന്നതിനും സഹായകമാകുംവിധമുള്ള ബോധവൽക്കരണ പരിപാടികൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമെങ്കിൽ പൊലിസ് ഉദ്യോഗസ്ഥരുടെയും സഹായത്തോടെയുള്ള

4. കുട്ടികൾക്കെതിരായ ലൈംഗികാക്രമണം, ചൂഷണം, വിവേചനം തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് കുട്ടികളെ ബോധവൽക്കരിക്കേണ്ടത് അനിവാര്യമാണ്. പല രക്ഷിതാക്കളും ഇത്തരം കാര്യങ്ങൾ കുട്ടികളെ പറഞ്ഞു മനസ്സിലാക്കുന്നതിൽ അജ്ഞരാണ്. അതിനാൽ നിർഭയ പദ്ധതിയുടെ ഭാഗമായി കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം സംബന്ധിച്ച് സർക്കാർ സ്കൂളുകളിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന നടപടിക്രമങ്ങൾ എല്ലാം സ്വകാര്യ സ്കൂളുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിക്കുന്നു.

മേൽ നിർദ്ദേശങ്ങൾ ഉടനടി നടപ്പിൽവരുത്തി എടുത്ത നടപടി സംബന്ധിച്ച് റിപ്പോർട്ട് 20.12.14 നകം ഈ ആഫീസുകൾ പ്രത്യേക ദൂതൻ വഴി എത്തിക്കേണ്ടതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ്:-
വിദ്യാഭ്യാസ ഉപഡയറക്ടർമാർ

വി